6806

229

മലയാളപദ്യസാഹിത്യകാരന്മാർ – 9

# കുഞ്ചൻനമ്പ്യാർ

(ലഘുജീവചരിത്രം)

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിററ്യൂട്ട്

തിരുവനന്തപുരം

1978

മലയാളപദ്യസാഹിത്യകാരന്മാർ–9

# കുഞ്ചൻനമ്പ്യാർ

(ലഘുജീവചരിത്രം)

(സംസ്ഥാനവിദ്യാഭ്യാസഇൻസ്റ്റിററ്യൂട്ടിൻെറ ആഭിമുഖ്യത്തിൽ
**ശ്രീ. പി. പങ്കജാക്ഷൻനായർ**
രചിച്ചത്)

(C)

സംസ്ഥാന വിദ്യാഭ്യാസഇൻസ്റ്റിററ്യൂട്ട്
തിരുവനന്തപുരം
1978

6806.

# വിഷയക്രമം

## അദ്ധ്യായം ഒന്ന് – കവിയുടെ ജീവിതം.


| | പേജ് |
|---|---|
| I തുള്ളലും തുള്ളൽക്കവിയും. | 1 |
| II ജീവചരിത്രസംക്ഷേപം. | — |
| i. ജന്മദേശം. | 4 |
| ii. കാലം. | 5 |
| iii. മാതാപിതാക്കന്മാർ. | 6 |
| iv. ഗുരുക്കന്മാർ. | 7 |
| v. മാത്തൂർക്കളരി. | 12 |
| vi. നമ്പ്യാർ അമ്പലപ്പുഴയിൽ. | 13 |
| vii. നമ്പ്യാർ തിരുവനന്തപുരത്ത്. | 15 |
| viii. ചരമം. | 17 |
| III രാമപാണിവാദനും നമ്പ്യാരും. | 18 |
| IV നമ്പ്യാരുടെ പൊടിക്കൈകൾ. | 21 |
| **അദ്ധ്യായം രണ്ട്–നമ്പ്യാരുടെ കൃതികൾ.** | 30 |
| i. ശ്രീകൃഷ്ണചരിതം മണിപ്രവാളം. | 31 |
| ii. നളചരിതം കിളിപ്പാട്ട്. | 35 |
| iii. പഞ്ചതന്ത്രം കിളിപ്പാട്ട്. | 36 |
| iv. ശിവപുരാണം കിളിപ്പാട്ട്. | 39 |
| v. വിഷ്ണുഗീതഹംസപ്പാട്ട്. | 41 |
| vi. പാർവ്വതീസ്വയംവരം പാന. | 42 |
| vii. ഭഗവദ്ദൂത് പതിനാലു വൃത്തം. | 45 |
| viii. രുക്മിണീസ്വയംവരം പത്തുവൃത്തം. | 49 |
| ix. ശീലാവതി നാലുവൃത്തം. | 50 |


ERNAKULAM

## അദ്ധ്യായം മൂന്ന് - നമ്പ്യാരുടെ കൃതികൾ - തുടർച്ച.

തുള്ളലും തുള്ളൽക്കവിതകളും—


| | | പേജ് |
|---|---|---|
| I | തുള്ളൽപ്രസ്ഥാനം. | 53 |
| II | തുള്ളൽ— മൂന്നുവിധം. | 56 |
| III | തുള്ളൽസാഹിത്യം. | 58 |
| IV | നമ്പ്യാരുടെ കാലത്തെ സാമൂഹ്യജീവിതം. | 59 |
| V | കുഞ്ചന്റെ ഭാഷ. | 61 |
| VI | തുള്ളൽവൃത്തങ്ങൾ. | 72 |
| VII | തുള്ളൽക്കവിതയുടെ സവിശേഷതകൾ. | 77 |

1. വർണ്ണനാവൈഭവം.
2. അലങ്കാരങ്ങൾ.
3. സാമൂഹ്യപരിഷ്ക്കരണം.
4. ഫലിതം.
5. പരിഹാസം.
6. കേരളീയത്വം.

| | | |
|---|---|---|
| IX | നമ്പ്യാർ ജനകീയകവി. | 104 |
| X | നമ്പ്യാർക്കു സാഹിത്യത്തിലുള്ള സ്ഥാനം. | 106 |

# കുഞ്ചൻനമ്പ്യാർ

## കവിയുടെ ജീവിതം.

### തുള്ളലും തുള്ളൽക്കവിയും.

നിങ്ങൾ ഉൽസവങ്ങൾ കാണാൻപോയിട്ടില്ലേ? ഉൽസവസ്ഥലങ്ങളിൽ നടക്കുന്ന ആഘോഷങ്ങളും കലാപരിപാടികളും കണ്ടിട്ടില്ലേ? ഏതെല്ലാം വിധത്തിലുള്ള കലാപരിപാടികൾ കാണാൻ കഴിയും? കഥാപ്രസംഗം, ഡാൻസ്, കഥകളി, തുള്ളൽ, കൂത്ത്, പാഠകം, സംഗീതക്കച്ചേരി, നാദസ്വരകച്ചേരി, ചെണ്ടമേളം, പഞ്ചവാദ്യം, കൈകൊട്ടിക്കളി, എന്നിങ്ങനെ പലപരിപാടികളും കാണാമല്ലോ? ഈ പരിപാടികളിൽ ചിലത് തനിഭാരതീയമാണ്. മററു ചിലതു തികച്ചും കേരളീയംതന്നെ. എല്ലാദേശത്തുമുള്ളവയാണു മററു ചിലതെല്ലാം. ഇവയിൽ കഥകളി, തുള്ളൽ, ചെണ്ട മേളം തുടങ്ങിയവ കേരളത്തിൻെറ അഭിമാനാവഹമായ കലാരൂപങ്ങളാണ്.

കലകൾ രണ്ടുവിധമുണ്ട്—കണ്ടാനന്ദിക്കാൻ കഴിയുന്നവ, കേട്ടാനന്ദിക്കാൻ കഴിയുന്നവ എന്നിങ്ങനെ. കാണാനും കേൾക്കാനും ഉള്ളവയാണു കഥകളി, തുള്ളൽ തുടങ്ങിയവ, എങ്കിലും കാഴ്ചയാണു പ്രാധാന്യമർഹിക്കുന്നത്. അതുകൊണ്ട് അവയെ കണ്ടാനന്ദിക്കാൻ കഴിയുന്നവയിലാണ് ഉൾപ്പെടുത്തുക. നയനത്തിനു വിഷയമായവ അഥവാ ദർശനത്തിനു വിഷയമായവ ദൃശ്യം; കേൾവിക്കു വിഷയമായവ ശ്രവ്യം.

കേരളീയകലകളിൽ പ്രമുഖസ്ഥാനത്തു നിൽക്കുന്ന കഥകളി അഭ്യസിക്കാനും അവതരിപ്പിക്കാനും വളരെയേറെ പ്രയാസമുള്ളതാണ്. കൈകൊട്ടിക്കളി വളരെ പ്രയാസം കുറവു

ള്ളതും. ഇവയ്ക്കു രണ്ടിനുമിടയിൽ വളരെയേറെ കലാരൂപങ്ങൾ വേറെയുമുണ്ട്. അവയിലൊന്നാണു തുള്ളൽ.

ഇന്നേയ്ക്ക് രണ്ടേകാൽ നൂററാണ്ടിനു മുമ്പൊരു ദിനം അമ്പലപ്പുഴക്ഷേത്രത്തിൽ ഉൽസവം നടക്കുകയായിരുന്നു. കൂത്തമ്പലത്തിൽ ചാക്യാർ വിദഗ്ദ്ധമായി കൂത്ത് പറഞ്ഞുകൊണ്ടിരുന്നു. പെട്ടെന്ന്, അടുത്തൊരു കളിത്തട്ടിൽ നിന്ന് തൊപ്പിമദ്ദളത്തിന്റേയും കുഴിത്താളത്തിന്റെയും മേളം ഉയർന്നു. അതാ, അവിടെ, ആ കളിത്തട്ടിൽ സാഹസികനായ ഒരു നമ്പ്യാർ കാലിൽ കെച്ചമണികെട്ടി, കച്ചഞൊറിഞ്ഞുടുത്ത്, തലയിലും ചില ആഭരണങ്ങളോടുകൂടി, താൻ തന്നെയുണ്ടാക്കിയ ഭാഷാ കവിത ഈണത്തിൽ ചൊല്ലാൻ തുടങ്ങി. ഉൽസവം കാണാൻ വന്ന ആളുകളുടെ ശ്രദ്ധ ആ വഴിക്കുതിരിഞ്ഞു. ആ പുതിയ വേഷത്തിലും ഗാനത്തിലും ആകൃഷ്ടരായി. കൂത്തമ്പലത്തിൽ രസിച്ചിരുന്നവരും അമ്പലപരിസരത്തു നിന്നിരുന്നവരുമായ സാമാന്യജനങ്ങൾ അദ്ദേഹത്തിനു ചുററും തിങ്ങിക്കൂടി. അയാളുടെ പാട്ടും അതിലെ നേരമ്പോക്കും അംഗവിക്ഷേപത്തോടുകൂടിയുള്ള അഭിനയവും കണക്കെ ആസ്വദിച്ചു. അതോടു കൂടി കേരളത്തിൽ ഒരു നവീനകലാപ്രസ്ഥാനവും കേരളഭാഷയിൽ ഒരു പുതിയ കവിതാസരണി ഉദ്ഘാടിതമാവുകയും ചെയ്തു. ഇങ്ങനെയാണുപോലും തുള്ളൽ എന്ന കലയുടെയും തുള്ളൽക്കവിതയുടെയും ഉദ്ഭവകഥ.

കേളികൊട്ട്, വിളക്ക്, തിരശ്ശീല-ഇവയെല്ലാം കഥകളിക്ക് ആവശ്യമാണല്ലോ? പക്ഷേ ഇതൊന്നും തുള്ളൽ കളിത്തട്ടിൽ ഉണ്ടായിരുന്നില്ല. വേണ്ടിയിരുന്നുമില്ല വേഷമണിഞ്ഞ നമ്പ്യാരും ഒന്നോ രണ്ടോ സഹായികളുമല്ലാതെ വേറെയാരും ആ പരിപാടിയിൽ പങ്കുകൊണ്ടില്ല. നമ്പ്യാർതന്നെ കഥ ചൊല്ലി, വേഗത്തിലഭിനയിച്ചു കാണിച്ചു, അർത്ഥം

സ്പഷ്ടമാക്കാൻ. (അന്നു ശങ്കിടി ഉണ്ടായിരുന്നുവോ?) ആ കലാകാലക്ഷേപം നടന്നതോ, 'വികടകടുവായകഠിനസംസ്കൃതത്തിലല്ല, 'വടിവിയന്ന ചാരു കേരളഭാഷ'യിലായിരുന്നു! നമ്പ്യാർക്കു ചുററും കൂടിയിരുന്ന ഭടജനങ്ങൾക്ക് അതു ധരിക്കാൻ ഒട്ടും പ്രയാസമുണ്ടായില്ല. നേരം വെളുക്കുന്നതു വരെ കുത്തിയിരിക്കേണ്ടിയും വന്നില്ല. രണ്ടുമണിക്കൂറിനുള്ളിൽ എല്ലാം കലാശിച്ചു കഴിഞ്ഞു. നല്ല ഈണത്തിൽ ചൊല്ലിയ ആ പാട്ടുകളിൽ ഇടയ്ക്കിടെ നിഴലിച്ച ഫലിതങ്ങളും അവയുടെ ആകർഷകത്വവും ശ്രോതാക്കൾക്കു കണക്കിലേറെ രസിക്കുകയും ചെയ്തു.

ആ സംഭവത്തിനുശേഷം ആ നൃത്യകലയ്ക്കുമുമ്പിൽ അമ്പലപ്പുഴ ക്ഷേത്രകവാടം എന്നെന്നേയ്ക്കും കൊട്ടിയടയ്ക്കപ്പെട്ടു. പക്ഷേ കേരളത്തിലെ മററെല്ലാക്ഷേത്രങ്ങളുടേയും ഗോപുരദ്വാരങ്ങൾ തുറക്കപ്പെടുകയും ചെയ്തു! കൂത്തമ്പലവും കൂററുകാരും വേണ്ടിയിരുന്നില്ല, ആ കലാവിദ്യയ്ക്ക്. നമ്പ്യാർ ആ പുതുകലാരൂപം സൃഷ്ടിച്ചതു ആർക്കുവേണ്ടിയായിരുന്നുവോ, ആ സാമാന്യജനങ്ങൾ അമ്പലപ്പുഴ ക്ഷേത്രത്തിനു പുറത്താക്കപ്പെട്ട ആ കലാബാലയെ ആദരപൂർവ്വം സ്നേഹിച്ചു, ലാളിച്ചു. നിസ്തുല പ്രതിഭാശാലിയായ ആ നമ്പ്യാരാകട്ടെ പുതിയ പുതിയ തുള്ളൽക്കഥകളുടെ നിർമ്മാണംകൊണ്ടും അവതരണംകൊണ്ടും സാഹിത്യലോകത്തും കലാരംഗത്തും ഒരുപോലെ യശസ്സുനേടുകയും ചെയ്തു.

ആ തുള്ളൽക്കാരൻെറപേർ കുഞ്ചൻനമ്പ്യാർ എന്നായിരുന്നു. അദ്ദേഹം ജീവിച്ചിരുന്നത് ഏ. ഡി. പതിനെട്ടാം നൂററാണ്ടിലാണ്. അദ്ദേഹത്തിൻെറ ചരിത്രം മലയാളത്തിൻെറ ഏററവും വലിയ കവിയുടെ ചരിത്രമാണ്. അദ്ദേഹത്തിൻെറ കൃതികൾ 'കാലത്തിനൊരുനാളും മായ്ക്കുവാൻ കഴിയാത്തവയായി നിലകൊള്ളുന്നു.

**ജൻമദേശം.**

പഴയ മലബാറിൽ ഉൾപ്പെട്ടിരുന്ന 'കിള്ളിക്കുറിശ്ശി മംഗലം' എന്ന ഗ്രാമമാണു നമ്പ്യാരുടെ ജൻമദേശം. ഇപ്പോൾ ഈ പ്രദേശം കേരളസംസ്ഥാനത്തിലെ പാലക്കാട്ടു ജില്ലയിലാണ്. ആദ്യം ഈ സ്ഥലം കൊച്ചിയുടെതായിരുന്നു. കൊച്ചിയും ബ്രിട്ടീഷുമലബാറും തമ്മിൽ നടന്ന ഒരു ഉടമ്പടി അനുസരിച്ച് ബ്രിട്ടീഷു മലബാറിൽ ചേർത്തതാണ്, കിള്ളിക്കുറുശ്ശിമംഗലം. തെക്കേമംഗലമെന്നും ഈ സ്ഥലത്തിനുപേരുണ്ട്. കുഞ്ചൻെറ ജനനകാലത്ത് ഈ ദേശം കൊച്ചിരാജ്യത്തിലായിരുന്നു.

ലക്കിടി തീവണ്ടിയാപ്പീസിൽനിന്ന് ഒരു നാഴിക നേരെ വടക്കോട്ടു പോയാൽ കിള്ളിക്കുറുശ്ശിമംഗലം ക്ഷേത്രനടവഴിയിൽ എത്തിച്ചേരും. അവിടെനിന്ന് ഒരു വിളിപ്പാടകലെയാണു നമ്പ്യാരുടെ ജൻമഗേഹമായ കലക്കത്തുഭവനം. ഒററപ്പാലത്തുനിന്നു പാലക്കാട്ടേയ്ക്കുള്ള വഴിയിൽ 'കൂട്ടുപാതയിൽ ഇറങ്ങി ഒരു മൈൽ വലത്തോട്ടു പോയാലും കിള്ളിക്കുറുശ്ശിമംഗലത്തിലെത്തിച്ചേരാം. കോച്ചാംപിള്ളി, മേലേടത്ത്, പുതിയിടത്ത്, എന്ന് മൂന്നു നമ്പ്യാർമഠങ്ങൾ കൂടി ഈ സ്ഥലത്തുണ്ട്.

മന്ത്രേടത്തുനമ്പൂതിരി, പുന്തോട്ടത്തു നമ്പൂതിരി തുടങ്ങിയ കവികൾ, സംസ്കൃത പണ്ഡിതനായ തൃക്കാരമൺഭട്ടതിരി എന്നിവർ ഇവിടെയാണു വസിച്ചിരുന്നത്. കലക്കത്തു ഭവനത്തിൽത്തന്നെ നമ്പ്യാർ കൂടാതെ വേറെയും കവികളും പണ്ഡിതൻമാരും ഉണ്ടായിരുന്നു. പൊതുവേ സരസ്വതീകടാക്ഷം സിദ്ധിച്ചിരുന്ന ഒരു ദേശമായിരുന്നു കിള്ളിക്കുറുശ്ശിമംഗലം.

പുരാതനവും പ്രസിദ്ധവുമായ ഒരു ശിവക്ഷേത്രം ഇവിടെയുണ്ട്. പഴേടം, മന്ത്രേടം, പന്നിശ്ശേരി, കുടിനി

ലം, ഏർന്തൂര് ചിറമംഗലം, കുളുർശ്ശേരി എന്നീ ഏഴു നമ്പൂതിരി കുടുംബങ്ങളാണ് ക്ഷേത്രത്തിന്റെ ഊരാൺമക്കാർ. നമ്പ്യാർ തന്റെ തുള്ളൽക്കവിതകളിൽ കിള്ളിക്കുറുശ്ശിമംഗലം ശിവനെ സ്മരിക്കുന്നുണ്ട്. കിള്ളിക്കുറിശ്ശി മംഗലത്തെ 'ശുകപുരം' എന്ന് സംസ്കൃതീകരിച്ചാണ് നമ്പ്യാർ ഉപയോഗിക്കുന്നത്. ഉദാഹരണം :—

"ധാത്രിയിലഴകിന കിള്ളിക്കുറിശ്ശി-
ക്ഷേത്രംതന്നിൽ വിളങ്ങിനദേവൻ".—

പ്രദോഷമാഹാത്മ്യം.

"ശുകപുരമമരും പരമശിവൻ മമ
സുകവിത വരുവാൻ വരമരുളേണം" —

ഘോഷയാത്ര.

നമ്പ്യാൻമാരുടെ കുലവൃത്തി ചാക്യാർകൂത്തിൽ മിഴാവ് അഥവാ മിടാവ് കൊട്ടുകയാണ്. നമ്പ്യാരുടെ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ തപ്പാണി കൊണ്ടു താളം പിടിക്കുകയും ചെയ്യും, ചാക്യാർകൂത്തിൽ. കൂടാതെ കൂടിയാട്ടത്തിൽ സ്ത്രീകഥാപാത്രങ്ങളായി രംഗപ്രവേശം ചെയ്യുന്നതും നങ്ങ്യാൻമാരാണ്.

**കാലം :**

ഭാഷാചരിത്രകാരനായ പി. ഗോവിന്ദപ്പിള്ള കൊല്ലവർഷം 880-ാ മാണ്ടിടയ്ക്കാണ് നമ്പ്യാർ ജനിച്ചതെന്ന് അഭിപ്രായപ്പെടുന്നു. 'കേരളകവികൾ' എന്ന കൃതിയിലൂടെ ഐതിഹ്യപ്രിയനായ കൊട്ടാരത്തിൽ ശങ്കുണ്ണി കൊല്ലവർഷം 900-ാ മാണ്ടിടയ്ക്കാണ് നമ്പ്യാർ ജനിച്ചതെന്ന് രേഖപ്പെടുത്തി. എന്നാൽ ഗവേഷണകുതുകികളെല്ലാം പി. ഗോവിന്ദപ്പിള്ളയെ പിൻതാങ്ങുകയാണു ചെയ്യുന്നത്. ചരിത്രദൃഷ്ട്യാ

നോക്കുമ്പോഴും ഭാഷാചരിത്ര കർത്താവിന്റെ അഭിപ്രായം സാധുവെന്നു തെളിയുന്നു.

**മാതാപിതാക്കൻമാർ** :

കുഞ്ചൻനമ്പ്യാരുടെ മാതാവ് കലക്കത്തു തറവാട്ടിലെ ഒരു നങ്ങ്യാരാണ്. അവരെക്കുറിച്ച് കൂടുതലായി ഒന്നും അറിവില്ല. പിതാവ് കോട്ടയം – കിടങ്ങൂർ സ്വദേശിയായ ഒരു നമ്പൂതിരിയാണെന്നും അതല്ല, കിടങ്ങൂർ സ്വദേശിയായ ഒരു നമ്പ്യാരാണെന്നും രണ്ടഭിപ്രായങ്ങൾ നിലവിലുണ്ട്. രണ്ടിനും വ്യക്തമായ തെളിവുകളില്ല.

നമ്മുടെ കഥാപുരുഷന്റെ ജൻമത്തെക്കുറിച്ചൊരൈതിഹ്യം നിലവിലുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണിയാണ് അവതാരകൻ. വടക്കൻ ദിക്കുകാരനായ ഒരു നമ്പൂതിരി തന്റെ പെൺമക്കളെ വേളി കഴിപ്പിക്കാൻ ആർജ്ജിച്ച പണവുമായി കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിലെത്തി. ക്ഷേത്രകുളത്തിൽ കുളിക്കാനിറങ്ങിയ നമ്പൂതിരി, പണക്കിഴി കരയിൽ വച്ചു. നമ്പൂതിരി കുളിക്കുന്നതിനിടയിൽ ആ വഴി പോയ ഒരു പശു പണക്കിഴിയുടെ മുകളിൽ ചാണകമിടുന്നതിനിടയായി. കുളി കഴിഞ്ഞുവന്ന നമ്പൂതിരിയ്ക്ക് പണക്കിഴി കണ്ടെത്താൻ കഴിഞ്ഞില്ല. ഈ വിവരം അടുത്തുള്ള ഒരു ബ്രാഹ്മണഗൃഹത്തിൽ വച്ച് നമ്പൂതിരി പറയുകയും അപ്പോൾ ശേവുകക്കാരിയായി അവിടെയുണ്ടായിരുന്ന നങ്ങ്യാർ പണക്കിഴി ബ്രാഹ്മണനെ ഏൽപിക്കുകയും ചെയ്തു. ക്ഷേത്രപരിസരം വൃത്തിയാക്കിക്കൊണ്ടിരുന്നപ്പോൾ നങ്ങ്യാർ കണ്ടെത്തിയതാണു പണക്കിഴി. പണക്കിഴി കിട്ടിയതിൽ സന്തോഷിച്ച നമ്പൂതിരി 'പ്രസിദ്ധനായ പുത്രനുണ്ടാകട്ടെ' എന്നു നങ്ങ്യാരെ അനുഗ്രഹിച്ചു. ആ അനുഗ്രഹസിദ്ധിയാൽ അന്ന് ഗർഭസ്ഥശിശുവായിരുന്ന കുട്ടിയാണുപോലും പിൽക്കാലത്ത് പ്രസിദ്ധനായിത്തീർന്ന കുഞ്ചൻനമ്പ്യാർ. ഈ

നങ്ങ്യാരാണ് കുഞ്ചന്റെ മാതാവ്. വന്നേരിക്കാരനായിരുന്നു പോലും നമ്പൂതിരി. മാത്രമല്ല, മുറജപം കഴിഞ്ഞു. തിരുവനന്തപുരത്തുനിന്ന് മടങ്ങുകയായിരുന്നുവെന്നും കൂടി പറയപ്പെടുന്നു. നമ്പൂതിരിയ്ക്ക് പണക്കിഴി തിരികെ കിട്ടിയത് നാലഞ്ചുകൊല്ലം കഴിഞ്ഞിട്ടാണെന്നും പറയപ്പെടുന്നുണ്ട്. യുക്തിയ്ക്കു യാതൊരു കാരണവശാലും നിരക്കാത്തതാണീ ഗോമയകഥ.

## ഗുരുക്കന്മാർ

മഹാകവി, തന്റെ ബാല്യകാലം കഴിച്ചു കൂട്ടിയതു കിള്ളിക്കുറിശ്ശി മംഗലത്താണെന്നു ധരിക്കാൻ പ്രയാസമുണ്ട്. പിതാവോടൊത്ത് അദ്ദേഹം (നമ്പ്യാരോ നമ്പൂതിരിയോ ആകട്ടെ) ബാല്യത്തിൽത്തന്നെ കിടങ്ങൂർക്കു പോന്നിരിക്കാനാണിട. അതിനുശേഷം നാം നമ്പ്യാരെ കാണുന്നതു അമ്പലപ്പുഴയിൽ വച്ചാണ്. അമ്പലപ്പുഴ രാജാക്കന്മാരുടെ മൂലകുടുംബം കുടമാളൂരാണ്. അവിടെവച്ച്, ഒരുപക്ഷേ, നമ്പ്യാർ അമ്പലപ്പുഴ രാജാവുമായി ബന്ധപ്പെട്ടിരിക്കാം. അല്ലെങ്കിൽ കുലവൃത്തിയ്ക്ക് അമ്പലപ്പുഴ എത്തിയതുമാകാം. എന്തായാലും നമ്പ്യാർ ദ്രോണമ്പള്ളി ആചാര്യനെ അക്ഷരഗുരുവായി സ്വീകരിക്കാൻപ്രായത്തിൽ അമ്പലപ്പുഴ എത്തിച്ചേരുന്നുണ്ട്. തുള്ളലുകളിൽ ഗുരുക്കന്മാരെക്കുറിച്ചു പ്രസ്താവിക്കുന്ന ഭാഗങ്ങൾ ഇതിനു നിദർശനങ്ങൾ. രണ്ടു ഗുരുക്കന്മാരെ നമ്പ്യാർ വരിച്ചിരുന്നു. 1, അക്ഷരഗുരുവായ ഓണമ്പള്ളി നായ്ക്കൻ. 2. ശാസ്ത്രഗുരുവും രക്ഷകനുമായ നന്ദികാട്ടു ഉണ്ണിരവിക്കുറുപ്പ്. ഇവർ രണ്ടാളെ മാത്രമേ ഗുരുക്കന്മാരായി നമ്പ്യാർ സ്തുതിക്കുന്നുള്ളു. ഓണമ്പള്ളിയെ പേർ പറഞ്ഞും പറയാതെയും സ്മരിക്കുന്നുണ്ടുതാനും.

ഓണമ്പള്ളിയുടെ സംസ്കൃതരൂപം ദ്രോണമ്പള്ളി എന്നാണ്. അദ്ദേഹത്തെ സ്മരിക്കുന്ന ഭാഗങ്ങൾക്കുദാഹരണങ്ങൾ താഴെക്കൊടുക്കുന്നു:

1. "ദിക്കു പത്തും പുകഴ്ന്നോരു ദ്രോണമ്പള്ളി
നൽക്കുല ഭൂഷണൻ മദ് ഗുരുനായകൻ
വിക്രമവാരിധി വീരൻ വിശേഷജ്ഞ-
നിക്കഥോരംഭേ കടാക്ഷം തരേണമേ."

സുന്ദോപസുന്ദോപാഖ്യാനം.

കൂടാതെ 'ക്ഷോണീവാനവൻ ദ്രോണമ്പള്ളിയാചാര്യൻ' എന്ന് 'സഭാപ്രവേശ'ത്തിലും കൂടി മാത്രമേ ഓണമ്പള്ളിയെ പേർപറഞ്ഞു സ്മരിക്കുന്നുള്ളൂ. പേർ പറയാതെ ഒട്ടനേകം തുള്ളലുകളിൽ അദ്ദേഹത്തെ സ്മരിക്കുന്നുണ്ട്. ഒരുദാഹരണം:-

"ധരണീസുരകുല മകുടമഹാമണി
ഗുരുനാഥൻ മമ വര മരുളേണം" - ഘോഷയാത്ര

ഉദാഹരണങ്ങൾ ഇനിയും കാണാൻ കഴിയും. ഈ വരികളിൽ നിന്ന് നമ്പ്യാർക്ക് ഓണമ്പള്ളിയോടുണ്ടായിരുന്ന ഭക്തിയും കടപ്പാടും തെളിയുന്നുണ്ട്.

ദക്ഷിണകർണ്ണാടകത്തിൽ ഉടുപ്പി താലൂക്കിലാണ് ഓണമ്പള്ളിനായ്ക്കരുടെ മൂലകുടുംബം. ദ്രോണാചാര്യരുടെ വംശജരാണിവർ എന്ന അർത്ഥത്തിലാണ് ദ്രോണമ്പള്ളി ശബ്ദം. കൂടാതെ ശുകപുരം എന്ന് കിള്ളിക്കുറിശ്ശിമംഗലത്തെ മാററിയ ഭാവനതന്നെ ഓണമ്പള്ളിയെ ദ്രോണമ്പള്ളിയാക്കാനും മതി. ഈ കുടുംബം അമ്പലപ്പുഴ വന്നതിനെക്കുറിച്ച് ഒരു കഥയുണ്ട്. പണ്ട് ഉടുപ്പിയിൽ ഓണമ്പള്ളിനായ്ക്കരുടെ അടുക്കൽ വിദ്യ അഭ്യസിക്കാൻ തെക്കൻദിക്കു

കളിൽ നിന്ന് യുവാക്കൾ പോകാറുണ്ടായിരുന്നു. അമ്പലപ്പുഴ മാത്തൂർ കുടുംബത്തിലെ ഒരംഗവും അവിടെ പോയി. അലസത കൊണ്ട് അയാൾ ഒന്നും പഠിച്ചില്ല. വീട്ടുപണികളും മററും ചെയ്തുകഴിഞ്ഞു. ഗുരുദക്ഷിണ നൽകി പിരിയേണ്ടിവന്നപ്പോഴാണ് അയാൾ തൻെറ വിഡ്ഢിത്തത്തെക്കുറിച്ച് ബോധവാനായത്. അയാൾ ഗുരുപത്നിയുടെ അടുക്കൽ തൻെറ ദുഃസ്ഥിതിയെക്കുറിച്ച് പരാതിപ്പെട്ടു. പണിക്കരോടു കരുണതോന്നിയ ഗുരുപത്നി അവരുടെ കുലദേവതയുടെ വിഗ്രഹം എടുത്തു കൊടുത്തിട്ട്, ബിംബപൂജ കൊണ്ട് അഭീഷ്ട സിദ്ധിയുണ്ടാകുമെന്ന് ഉപദേശിച്ചയച്ചു. തൻെറ കുലദൈവത്തിൻെറ ബിംബം കൊണ്ടുപോയ ശിഷ്യനെ അന്വേഷിച്ച് ഗുരു അമ്പലപ്പുഴ എത്തിച്ചേർന്നു. അമ്പലപ്പുഴ രാജാവിൻെറ അനുനയത്താലും പണിക്കരുടെ വിനയത്താലും ഗുരു പ്രീതിപ്പെടുകയും ബിംബപൂജയ്ക്കായി പണിക്കർ നെടുമുടിയിൽ തീർത്തുകൊടുത്ത ഗൃഹത്തിൽ വാസമുറപ്പിക്കുകയും ചെയ്തു. ധാരാളം തുളുനാടൻ പോററിമാർ പൂജകൾക്ക് കേരളത്തിൽ എത്തിയിട്ടുണ്ട്. ഓണമ്പള്ളിനായ്ക്കരും ഒരുപക്ഷേ അക്കൂട്ടത്തിൽ വന്നതാവാനും മതി. വിദ്യാഭ്യാസത്തിനു പോയ ഒരു മാത്തൂർപണിക്കരുടെ ക്ഷണമനുസരിച്ച് ഓണമ്പള്ളി വന്നുവെന്നു കരുതുന്നതിലും തെററില്ല. എന്തായാലും നായ്ക്കരുടെ വംശജർ ഇപ്പോഴും നെടുമുടിയിലുണ്ട്. ആയുധവിദ്യയിൽ ആശായ്മ ഉണ്ടായിരുന്നതു കൊണ്ടാണ് ഓണമ്പള്ളി പോററിക്ക് 'നായകൻ' എന്നർത്ഥത്തിൽ 'നായിക്കർ സ്ഥാനം ലഭിച്ചത്. നമ്പ്യാർ എങ്ങനെയാണു ഓണമ്പള്ളിയെ സമീപിച്ചതെന്നറിയാനിടയില്ലെങ്കിലും അദ്ദേഹം നമ്പ്യാർക്കു ഗുരുവായിരുന്നുവെന്നു വ്യക്തം. തുള്ളലിനാവശ്യമായ മെയ്വഴക്കവും മററും ഉണ്ടാകാൻ നമ്പ്യാരെ നായിക്കരാകാം സഹായിച്ചത്.

"പടയുടെ നടുവിലണഞ്ഞു പിണങ്ങി-
ക്കടകം ഓതിരമെന്നിവ പലതര-
മടവുകൾകൊണ്ടു തടുത്തും വെട്ടി"—

എന്നിങ്ങനെ 'നളചരിതം' ഓട്ടൻതുള്ളലിൽക്കാണുന്ന വരികൾ ഈ അഭിപ്രായത്തിനടിസ്ഥാനമാണ്.

ഓണമ്പള്ളിനായ്ക്കൻ കായികാഭ്യാസി മാത്രമായിരുന്നില്ല. പണ്ഡിതനും സഹൃദയനും കൂടിയായിരുന്നു. ഇദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചാണ് നമ്പ്യാർ 'കിരാതം' തുള്ളൽ രചിച്ചതെന്ന്,

"ഗുരുനാഥൻ മമ ഗുണ ഗണ മേറിയ
ധരണിസുരോത്തമനരുളുക മൂലം
സരസകഥാകഥനത്തിനെനിക്കൊരു
പെരുവഴി മാത്രം കാണാറായി." എന്ന് അക്കൃതിയിലുള്ള വരികൾ വ്യക്തമാക്കുന്നു. അമ്പലപ്പുഴവച്ചാണു കിരാതത്തിൻെറ രചന. 'നരപതികുലപതി ധരണീപതി'യായ ചെമ്പകശ്ശേരി രാജാവിനെ' തുടക്കത്തിൽ കവി പ്രശംസിക്കുന്നു. തൻെറ ഗുരുവിൻെറ നിർദ്ദേശാനുസരണമാണ് തുള്ളൽക്കവിത രചിക്കുന്നത് എന്നുള്ള പ്രസ്താവം ആ ബ്രാഹ്മണ ഗുരു അമ്പലപ്പുഴ താമസിക്കുന്ന ആളാണെന്നും വരുത്തുന്നു. ചെമ്പകശ്ശേരി രാജാവിൻെറ മന്ത്രിയായ തെക്കേടത്തു ഭട്ടതിരിയെയാണ് ഇവിടെ ഉദ്ദേശിക്കുന്നത് എന്ന വാദം നിരാസ്പദമാണ്. നമ്പ്യാർ ഒരിടത്തും അദ്ദേഹത്തെ സ്മരിക്കുന്നതേയില്ല. കിള്ളിക്കുറിശ്ശി മംഗലത്തുള്ള തൃക്കാരമൺ ഭട്ടതിരിയെയാണെന്നുള്ള എം. ആർ. ബാലകൃഷ്ണവാര്യരുടെ വാദവും ശരിയല്ല. തെക്കേടത്ത് ഭട്ടതിരിയ്ക്കെതിരായുള്ള തെളിവുകൾ മതി തൃക്കാരമൺ ഭട്ടതിരിയ്ക്കെതിരായും. മാത്രമല്ല, ബാല്യത്തിൽത്തന്നെ കിള്ളി

ക്കുറിശ്ശിമംഗലത്തു നിന്നും പോന്ന നമ്പ്യാർ തൃക്കാരമൺ ഭട്ടതിരിയുമായി ബന്ധപ്പെടുവാൻ ഇടയുമില്ല. നമ്പ്യാർ തുള്ളലുകളിൽ പേർ പറഞ്ഞും പറയാതെയും നിർദ്ദേശിക്കുന്ന ബ്രാഹ്മണഗുരുദ്രോണമ്പള്ളിനായ്ക്കനാണെന്ന മഹാകവി ഉള്ളൂരിൻെറ അനുമാനം തികച്ചും ആദരണീയംതന്നെ.

നമ്മുടെ കഥാപുരുഷൻെറ മററൊരു ഗുരു തകഴിയിൽ കുന്നങ്കരിമുറിയിൽ നന്ദികാട്ട് ഉണ്ണിരവിക്കുറുപ്പത്രേ. ഇപ്പോഴും ഇദ്ദേഹത്തിൻെറ കുടുംബം അവിടെയുണ്ട്. പ്രാമാണികരും പണ്ഡിതന്മാരും ആയിരുന്നു, ഈ കുടുംബക്കാർ. പേരുകൾ സംസ്കൃതീകരിക്കുന്ന നമ്പ്യാർ ഉണ്ണിരവിക്കുറുപ്പിൻെറ പേരും വീട്ടുപേരും സംസ്ക്കൃതീകരിക്കുന്നു. ഉണ്ണിരവിയെ ബാലരവിയാക്കുകയും നന്ദികാടിനെ നന്ദികാരണ്യവും നന്ദികാടവിയും ആക്കുകയും ചെയ്യുന്നു.

ഉദാ:—

"നന്ദികാരണ്യമാം മന്ദിരേ വാഴുന്ന
മന്ദാരദാരുവാം ബാലരവി."
സുന്ദോപസുന്ദോപഖ്യാനം.
"നന്ദി കാടവിന്നായകൻ ഗുരുബാല-
രവിപരദൈവതം"—ത്രിപുരദഹനം.

തുടങ്ങി ഒട്ടേറെ ഭാഗങ്ങൾ ഉണ്ണിരവിയെ സ്മരിക്കുന്നതു കാണാൻ കഴിയും.

നമ്പ്യാർ ഓണമ്പള്ളിനായ്ക്കരെക്കുറിച്ചു പറയുന്നിടത്ത്, 'വിക്രമവാരിധിവീരൻ 'ക്ഷോണീവാനവൻ വീരൻ' തുടങ്ങി വീരത്വത്തെ സൂചിപ്പിക്കുന്ന പദങ്ങളും 'വിശേഷജ്ഞൻ നിസ്തുല സൽഗുണ സുന്ദരമൂർത്തി' കൃപാരാശി തുടങ്ങി വിജ്ഞാനം വിവേകം, സൗശീല്യം തുടങ്ങിയ ഗുണങ്ങളെ സൂചിപ്പിക്കുന്ന പദങ്ങളുമാണ് പ്രയോഗിക്കുന്നത്.

രണ്ടാമത്തെ ഗുരുവായ ഉണ്ണിരവിക്കുറുപ്പിനെ 'പുണ്യപൂരാകരൻ' 'ശ്രീ ചാരുസ്വരൂപൻ' 'മന്ദേതരഗുണമന്ദിരൻ' 'മന്ദാരദാരു' എന്നീ വിശേഷങ്ങളുപയോഗിച്ചാണു പരാമർശിച്ചിരിക്കുന്നത്. ഇദ്ദേഹം ഈശ്വരഭക്തനും സാത്വികനും മാത്രമായിരുന്നില്ല, നമ്പ്യാരുടെ രക്ഷകൻ കൂടിയായിരുന്നുവെന്ന് കരുതാം. കൊല്ലവർഷം 929—നുമുമ്പ് അമ്പലപ്പുഴ വച്ചും അതിനുശേഷം തിരുവനന്തപുരത്തും വച്ചും രചിച്ചിട്ടുള്ള മിക്ക കൃതികളിലും ഇവർ രണ്ടുപേരെ സ്മരിക്കുന്നുണ്ട്. ഒടുങ്ങാത്ത കടപ്പാടും അത്രമാത്രം സ്നേഹാദരങ്ങളും നമ്പ്യാർക്ക് അവരോടുണ്ടായിരുന്നുവെന്നത് വ്യക്തം. ഗുരുക്കന്മാരായി നമ്പ്യാർ പറയുന്നതിവരെ രണ്ടാളെ മാത്രവും അവർ അമ്പലപ്പുഴയുള്ളവരുമാകയാൽ കുഞ്ചൻ ചെറുപ്പത്തിലേ അമ്പലപ്പുഴയിൽ വന്നിരുന്നതായി കരുതാം.

**മാത്തൂർ കളരി**

കുഞ്ചനു ചാർച്ചയുണ്ടായിരുന്ന അമ്പലപ്പുഴയിലെ മറെറാരു കുടുംബം മാത്തൂർപണിക്കരുടേതാണ്. ഈ കുടുംബക്കാരാണ് ചെമ്പകശ്ശേരി രാജാവിന്റെ സേനാനായകന്മാർ. മഹാകവി പ്രത്യേകിച്ച് ഈ കുടുംബത്തിലെ ഒരൊററ വ്യക്തിയേയും സ്പർശിച്ചു കാണുന്നില്ല. പക്ഷേ മാത്തൂർഭഗവതിയെ, പണിക്കരുടെ കുടുംബ പരദേവതയെ ചില കൃതികളിൽ സ്മരിക്കുന്നുണ്ട്. ഉദാഹരണത്തിന് 'പ്രദോഷമാഹാത്മ്യത്തിൽ കാണുന്ന,

"മാത്തൂരാലയവാസിനി ഭഗവതി
മനസിജരിപു നിജനന്ദിനി സുന്ദരി
കാത്തരുളീടുക കളരിനിവാസിനി
കളഭ മനോഹര ഗാമിനി കാമിനി"

എന്നീ വരികൾ എടുത്തുകാട്ടാം.

മാത്തൂർ കുടുംബക്കാർ പ്രധാനമായും കഥകളിയെയായിരുന്നു പ്രോൽസാഹിപ്പിച്ചിരുന്നത്. എങ്കിലും നമ്പ്യാർക്കും ചെറിയ തോതിലെങ്കിലും സഹായസഹകരണം ലഭിച്ചിരുന്നു എന്ന് ന്യായമായും ഭഗവതീവർണ്ണനയിൽ നിന്ന് ഊഹിക്കാം. അതിമനോഹരമായി കൊത്തുപണികളുള്ള ഒരു കളിത്തട്ടും ദേവീക്ഷേത്രവും വലിയപുര എന്നു വിളിക്കുന്ന ഒരു നാലുകെട്ടും ചേർന്നതാണ് മാത്തൂർകളരി. ചുററും തോടും വിശാലമായ നെൽപ്പാടവും ചേർന്ന ഈ സ്ഥലം വാസനയുള്ള ആരുടേയും ഭാവനയെ ഉദ്ദീപിപ്പിക്കാതിരിക്കില്ല. കളരിയിലെ കളിത്തട്ടായിരുന്നു നമ്പ്യാർക്കു കാവ്യരചനയ്ക്കിടം നൽകിയിരുന്നത്. കളിത്തട്ടിനടുത്താണു ക്ഷേത്രം. ക്ഷേത്രത്തിനു സമീപം വലിയപുര നമ്പ്യാർ ഈ വലിയപുരയിൽ താമസിച്ചിരുന്നതായി കരുതാം. ഇവിടം മാത്തൂർ കഥകളിയോഗക്കാരുടെ കേളീരംഗമായിരുന്നു. അവരോടുണ്ടായിരുന്ന സഹവാസം നമ്പ്യാരെ വളരെയേറെ സഹായിച്ചിരുന്നിരിക്കാം. പക്ഷേ അവരുടെ പന്ഥാവിലല്ല, തൻെറ വാസനയെ നമ്പ്യാർ തിരിച്ചുവിട്ടത്. പിന്നെയോ, തൻേറതായ ഒരു നൂതനസരണിയിലൂടെ. ഓണമ്പള്ളിനായ്ക്കരിൽ നിന്ന് അക്ഷരവിദ്യയും കായികവിദ്യയും ഉണ്ണിരവിയിൽ നിന്ന് ലോകവിജ്ഞാനവും മാത്തൂർകളരിയിൽ നിന്ന് അഭിനയകലയിൽ പ്രാവീണ്യവും നമ്പ്യാർ നേടിയെന്ന് നമുക്കു ഉറപ്പിച്ചുപറയാൻ കഴിയും.

## നമ്പ്യാർ അമ്പലപ്പുഴയിൽ

ഗുരുക്കന്മാരുടെ സഹായവും മാത്തൂർക്കളരിയിലെ സഹായവും നമ്പ്യാരെ ചെമ്പകശ്ശേരി രാജാവുമായി അടുപ്പിച്ചു. അമ്പലപ്പുഴ രാജാക്കന്മാരുടെ സ്ഥാനപ്പേരാണ് ദേവനാരായണൻ എന്നത്. അവർ ബ്രാഹ്മണവംശവുമായിരുന്നു. കുടമാളൂരായിരുന്നു ഇവരുടെ മൂലകുടുംബം.

അവർ അമ്പലപ്പുഴ എത്തിയതിന്റെ ചരിത്രം അവ്യക്തം. ചില ഐതിഹ്യങ്ങൾ മാത്രമേ അതിനാധാരമായുള്ളൂ. "പടപ്പാട്ട്" എന്ന കൃതിയിൽ ചെമ്പകശ്ശേരി രാജാവ് ലന്തക്കാരോടും പറങ്കികളോടും പടവെട്ടിയതായിക്കാണുന്നു. നമ്പ്യാർ തന്റെ തുള്ളൽക്കഥകളിൽ ദേവനാരായണനെയും കുലദൈവമായ അമ്പലപ്പുഴ ശ്രീകൃഷ്ണനെയും വന്ദിക്കുന്നുണ്ട്. അമ്പലപ്പുഴയെ നമ്പ്യാർ 'അംബരതടിനീപുര'വും 'വാനോർനദീപുര'വുമാക്കി മാററുന്നുണ്ട്. ചെമ്പകശ്ശേരി രാജാവിനെ പുകഴ്ത്തുന്ന,

'ചെമ്പക നാട്ടിന്നലങ്കാരഭൂതനാം
തമ്പുരാൻ ദേവനാരായണസ്വാമിയും'
കല്യാണസൗഗന്ധികം.

"ചെമ്പകശ്ശേരി നാടുവാണരുളീടു-
മെന്നുടെ തമ്പുരാൻ
ചെമ്പകാവലി കോമളാകൃതിയായ-
ദേവനാരായണൻ
സാമ്പ്രതം തുണയായ് വരേണമെനിക്കു-
നൽക്കുലഭൂഷണൻ"

എന്നീ ഭാഗങ്ങളെല്ലാംതന്നെ മേൽപ്പറഞ്ഞതിനുദാഹരണമാണ്. നമ്പ്യാർ എന്നുമുതലാണ് അമ്പലപ്പുഴരാജാവിന്റെ ആശ്രിതനായതെന്നു പറയാൻ നിർവ്വാഹമില്ല. ചെറുപ്പത്തിലേ അമ്പലപ്പുഴ എത്തിയിരുന്നതിനാൽ സാഹിത്യാദികലകളിൽ നിപുണതനേടിയതു മുതൽക്കു രാജാവുമായി പരിചയത്തിലായി എന്നു കരുതാം. അങ്ങനെ ഏതാണ്ട് യൗവ്വനാരംഭം മുതൽ തുടങ്ങിയ ദേവനാരായണ സേവ കൊല്ലവർഷം 929-ൽ ശ്രീവീരമാർത്താണ്ഡവർമ്മ ചെമ്പകശ്ശേരി രാജ്യം തിരുവിതാംകൂറിനോടു ചേർത്തതുവരെ നിലനിന്നു.

**നമ്പ്യാർ തിരുവനന്തപുരത്ത്**

ചെമ്പകശ്ശേരിയുടെ പതനത്തിനു ശേഷം മാത്തൂർ പണിക്കർ തുടങ്ങിയവരോടൊപ്പം കുഞ്ചനും തിരുവനന്തപുരത്തേയ്ക്കുപോയി. മാർത്താണ്ഡവർമ്മയാകട്ടെ നമ്പ്യാരെ വേണ്ടവണ്ണം സ്വീകരിച്ചു. കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ മാർത്താണ്ഡവർമ്മ പിന്നാക്കമായിരുന്നില്ല എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. കൊല്ലവർഷം 929–നു ശേഷം തിരുവനന്തപുരത്തുവച്ചും പടനായർകുളങ്ങരവച്ചും രചിച്ചിട്ടുള്ള കൃതികൾ മാർത്താണ്ഡവർമ്മ മഹാരാജാവിനെയും അയ്യപ്പൻ മാർത്താണ്ഡപ്പിള്ള ദളവയെയും തുടർന്നു ഭരിക്കുന്ന കാർത്തികതിരുനാൾ രാമവർമ്മയെയും പുകഴ്ത്തുന്നുണ്ട്.

"വഞ്ചിക്ഷമാപാലബാലമാർത്താണ്ഡനാം
അഞ്ചിത ശ്രീ കുലശേഖരാജ്ഞാകരൻ
ആർത്താവനോദാര ശീലനാമയ്യപ്പ–
മാർത്താണ്ഡമന്ത്രിനിജസ്വാമിശാസനാൽ"

ഹരിണീസ്വയംവരം.

എന്നും,

"വഞ്ചിരാജകുലോത്തമൻ കുലശേഖര–
പ്പെരുമാളഹോ
വടിവിലടിയനു വിനകളൊഴിവതിനാ–
ശ്രയം പരമാശ്രയം"

സഭാപ്രവേശം.

എന്നും പ്രശംസിച്ചു കാണുന്നു.

മാർത്താണ്ഡവർമ്മ 933–ൽ നാടുനീങ്ങി. തുടർന്ന് കാർത്തികതിരുനാൾ രാമവർമ്മ അധികാരത്തിൽവന്നു. മാർത്താണ്ഡവർമ്മയുടെ കരുണയ്ക്കു പാത്രമായിരുന്ന നമ്പ്യാർ

ക്ക് ആദ്യം ബുദ്ധിമുട്ടുണ്ടായിരുന്നില്ല. എന്നാൽ അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയ്ക്കുശേഷം ദളവാ ആയ ഗോപാലയ്യൻ സുബ്ബയ്യൻ എന്നിവരുടെ കാലം നമ്പ്യാർക്കു സുഖപ്രദമായിഭവിച്ചില്ല. കൊല്ലവർഷം 943-ൽ ആണ് ദളവാ ആയിരുന്ന മാർത്താണ്ഡപ്പിള്ളയുടെ മരണം. അതിനുശേഷം അധികനാൾ നമ്പ്യാർ തിരുവനന്തപുരത്തു ജീവിച്ചിരുന്നതായി കരുതാൻ തെളിവുകൾ ഇല്ല. നിക്ക് മടങ്ങിപ്പോകാൻ അനുവാദം അഭ്യർത്ഥിക്കുന്ന ഒരു ശ്ളോകം എഴുതി കാർത്തിക തിരുനാളിനു നമ്പ്യാർ അടിയറവച്ചു. ആ ശ്ളോകം ഇതാണ്.

“നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻപാദം—<br>
തലോടിചിരം<br>
പാലഞ്ചും മൊഴിതന്നപാംഗവലയിൽ—<br>
ചാടീട്ടുഴന്നേൻ ചിരം<br>
കോലംകെട്ടുക കോലങ്ങളിൽ നടക്കെന്നുള്ളവേല—<br>
യ്ക്കിനി<br>
ക്കാലം വാർദ്ധകമാകകൊണ്ടടിയനെ—<br>
ച്ചാടിക്കൊലാ ഭൂപതേ”.

ശ്ളോകത്തിലൂടെ നമ്പ്യാരുടെ ഇംഗിതം ഗ്രഹിച്ച മഹാരാജാവ് ഇഷ്ടാനുസരണം പ്രവർത്തിക്കാൻ അനുവദിച്ചു.

തിരുവനന്തപുരത്തു നമ്പ്യാർ താമസിച്ചിരുന്ന കാലത്ത് രണ്ടു തവണ അദ്ദേഹത്തിനു ചില സമ്മാനങ്ങൾ നൽകപ്പെട്ടതായി വലിയ കൊട്ടാരം കണക്കുകളിൽ കാണുന്നു. കൊല്ലവർഷം 933—തൈ— 5—ാം തീയതിയും 934- പുരട്ടാശി 30 —ാം തീയതിയും ഓരോ വീരശൃംഖല നമ്പ്യാർക്കു കിട്ടുന്നുണ്ട്. ഒന്ന് മാർത്താണ്ഡവർമ്മയിൽ നിന്നും രണ്ടാമ

ത്തേത് കാർത്തികതിരുനാളിൽനിന്നുമായിരിക്കാനാണു സാംഗത്യം. ഇക്കാലമായപ്പോഴേക്കും തിരുവിതാംകൂറിലെ രണ്ടു രാജാക്കൻമാരിൽ നിന്ന് വീരശൃംഖല ലഭിക്കാൻ നമ്പ്യാർ പ്രാപ്തനായിക്കഴിഞ്ഞതിൽ അതിശയോക്തിക്കിടമില്ല.

**ചരമം.** കാർത്തികതിരുനാളിന്റെ അനുമതിയോടുകൂടി നമ്പ്യാർ അമ്പലപ്പുഴയ്ക്കു മടങ്ങി. നേരത്തെതന്നെ തനിക്കനുവദിച്ചുകിട്ടിയിരുന്ന നമ്പ്യാർമഠത്തിൽ താമസമാക്കിയെന്നു വിചാരിച്ചുപോരുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിനു തെക്കായിട്ട് നമ്പ്യാർ താമസിച്ചിരുന്ന പറമ്പ് ഇപ്പോഴുമുണ്ട്. ഒരു നായർ കുടുംബവും ഒരു പരദേശബ്രാഹ്മണ കുടുംബവുമാണവിടെയിപ്പോൾ താമസം. ബ്രാഹ്മണഗൃഹം നമ്പ്യാർമഠമെന്ന പേരിലും നായർ ഗൃഹം നമ്പ്യാർ മംഗലമെന്ന പേരിലും അറിയപ്പെടുന്നു. ഇപ്പോൾ നമ്പ്യാർമഠത്തിനടുത്തായി കാണുന്ന കാവിനു സമീപമായിരുന്നു കുഞ്ചൻ താമസിച്ചിരുന്നത്. ഈ വസ്തുവിന്റെ ഉടമസ്ഥതാവകാശം ഇപ്പോഴും ഒരു കുഞ്ചൻ കൃഷ്ണനാണ്.

അമ്പലപ്പുഴ ക്ഷേത്രത്തിൽ നിന്ന് ഇപ്പോഴും കുഞ്ചൻ നമ്പ്യാരുടെ കുടുംബത്തിനു ചില അനുഭവങ്ങൾ കിട്ടുന്നുണ്ട്. കാലേ അരയ്ക്കാലിടങ്ങഴി പാൽപ്പായസവും രണ്ടപ്പവുമാണിന്നുള്ളത്. കുഞ്ചന് തിരുവനന്തപുരത്തു നിന്നു നൽകിവന്ന അടുത്തൂണിനെ കുറിക്കുന്ന ഒരു രേഖ മഹാകവി **ഉള്ളൂർ** പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊല്ലവർഷം 1015 തുലാം 24–ാംനു-/നമ്പർ 235 അമ്പലപ്പുഴ മണ്ഡപത്തുംവാതുക്കൽ നിന്ന് മാസം 15 പണം വീതവും അമ്പലപ്പുഴ ക്ഷേത്രത്തിൽ നിന്ന് ദിവസം ഇരുനാഴി പാൽപ്പായസം വീതവും അനുവദിച്ചിട്ടുള്ളതായിക്കാണുന്നു. കുഞ്ചന്റെ മരണശേഷം അദ്ദേഹത്തിന്റെ അനന്തരാവകാശികളായി അമ്പലപ്പുഴ പാർത്തുവന്നവർക്ക് നേരത്തെയുണ്ടായിരുന്ന അടു

യംപൂണിനെ തുടർന്നും നൽകിയിരുന്നതിനെ കുറിക്കുന്ന താണ്. അമ്പലപ്പുഴ ക്ഷേത്രത്തിൽ നമ്പ്യാരെ കുറിക്കുന്ന ചില രേഖകൾ ഉണ്ടായിരുന്നതായി പറഞ്ഞുവരുന്നുണ്ട്. അവ സൂക്ഷിച്ചിരുന്നത് വേമ്പനാട്ട് ഇളയതിൻെറ ഭവനത്തി ലായിരുന്നു. കൊല്ലവർഷം 1019-ലെ അഗ്നിബാധയിൽ അവ നഷ്ടപ്പെട്ടുപോയി എന്നാണ് അറിയുന്നത്.

അമ്പലപ്പുഴ വച്ചാണ് നമ്പ്യാർ ചരമഗതിയെ പ്രാപി ച്ചത്. പേപ്പട്ടിവിഷബാധയേററായിരുന്നു അതു സംഭവി ച്ചത്. വിഷമേററ നമ്പ്യാർ പഥ്യം അവസാനിക്കുന്നതിനു മുമ്പ് കോവിലകത്തെ ഒരു മാസമടിയന്തിരത്തിനു സദ്യ ഉണ്ടതുകൊണ്ട് അപഥ്യം ഹേതുവായി മരിച്ചുവെന്നാണു പഴമക്കാർ പറയുന്നത്. അന്നേയ്ക്കു മഹാകവിക്ക് 65 വയസ്സു പ്രായമുണ്ടായിരിക്കാമെന്ന് ഭാഷാചരിത്രകർത്താവു അവകാശപ്പെടുന്നു. ഈ അഭിപ്രായം ഇതുവരെ ചോദ്യം ചെയ്യപ്പെട്ടിട്ടില്ല.

അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു കിഴ ക്കുവശത്ത് കുഞ്ചൻനമ്പ്യാർക്ക് ഇപ്പോൾ ഒരു സ്മാരകമ ന്ദിരം നിർമ്മിച്ചിട്ടുണ്ട്. ഇത് ഈ ദേശത്തോടു നമ്പ്യാർക്കു ണ്ടായിരുന്ന ഗാഢബന്ധത്തെ കുറിക്കുന്നു. ഈ സ്മാരക ത്തിലൂടെ കേരളീയരുടെയും കൈരളിയുടെയും നമ്പ്യാരെ ക്കുറിച്ചുള്ള ആദരവു സൂചിപ്പിക്കുകയും ചെയ്യുന്നു.

**രാമപാണിവാദനും നമ്പ്യാരും.**

കുഞ്ചൻനമ്പ്യാരുടെ പേര് ഇന്നും ഒരു വിവാദപ്രശ്ന മാണ് രാമനെന്നും കൃഷ്ണനെന്നും രണ്ടു പക്ഷത്തിലാ

---

**(പാണിവാദൻ-മിഴാവു കൈകൊണ്ടു കൊട്ടുന്നവൻ.)**

ണ്, പണ്ഡിതഗവേഷകന്മാരിന്നും. ചന്ദ്രികാവീഥി, വിഷ്ണുവിലാസം കാവ്യം, മുകുന്ദശതകം, സീതാരാഘവം തുടങ്ങിയ സംസ്കൃതകൃതികളുടെ കർത്താവായിട്ടുള്ള ഒരു 'രാമപാണിവാദൻ ജീവിച്ചിരുന്നു. വെട്ടത്തുരാജാവ്, അമ്പലപ്പുഴ ദേവനാരായണസ്വാമി, ശ്രീവീരമാർത്താണ്ഡവർമ്മ തുടങ്ങിയ രാജാക്കന്മാരെ ആശ്രയിച്ചുകഴിഞ്ഞയാളാണ് ഇദ്ദേഹം. ഇവരെയെല്ലാം കുഞ്ചൻനമ്പ്യാരും ആശ്രയിച്ചിട്ടുണ്ട്. രാമപാണിവാദൻ തൻെറ ഗുരു ഒരു 'ശ്രീനാരായണഭട്ടതിരിയാണെന്നു കൃതികളിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കുഞ്ചൻനമ്പ്യാർ ഗുരുക്കന്മാരായി പറയുകയും കൃതികളിൽ സ്മരിക്കുകയും ചെയ്യുന്നത് ദ്രോണമ്പള്ളിആചാര്യനെയും നന്ദികാട്ട് ഉണ്ണിരവിക്കുറുപ്പിനെയുമാണ്. രാമപാണിവാദൻെറ കൃതികളിലും കുഞ്ചൻനമ്പ്യാരുടെ കൃതികളിലും ആശയപരമായി വളരെയേറെ സാമ്യങ്ങൾ കാണുന്നുണ്ടുതാനും. കൂടാതെ നളചരിതം കിളിപ്പാട്ട്, പഞ്ചതന്ത്രം കിളിപ്പാട്ട്, ശ്രീകൃഷ്ണചരിതം മണിപ്രവാളം മുതലായ കൃതികളുടെ ചില താളിയോലകളിൽ 'രാമപാണിവാദകൃത'മാണവയെന്നു സൂചിപ്പിക്കുന്നുണ്ട്. ഈ വിധ തെളിവുകളുടെ അടിസ്ഥാനത്തിൽ മഹാകവി ഉള്ളൂർ, ആർ. നാരായണപ്പണിക്കർ, എം. ആർ. ബാലകൃഷ്ണവാര്യർ തുടങ്ങിയ പണ്ഡിതഗവേഷകന്മാർ കുഞ്ചൻെറ യഥാർത്ഥനാമധേയം 'രാമൻ' എന്നായിരുന്നുവെന്നും സീതാ രാഘവാദികൃതികളുടെ കർത്താവായ രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരാൾതന്നെയാണെന്നും അഭിപ്രായപ്പെടുന്നു. വേറെ ചില പണ്ഡിതന്മാർക്കും ഈ അഭിപ്രായം സ്വീകാര്യമാണ്.

ആററൂർ കൃഷ്ണപ്പിഷാരടി, ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ, വടക്കുംകൂർ രാജരാജവർമ്മ, ഏവൂർ പരമേശ്വരൻതുടങ്ങിയ ഗവേഷകന്മാർ നമ്പ്യാരുടെ പേര്,

'കൃഷ്ണൻ' എന്നാണെന്ന് അഭിപ്രായപ്പെടുന്നവരാണ്. കുഞ്ചൻ എന്നത് ഓമനപ്പേരാണെന്ന് ഇവർ പറയുന്നു; രാമപക്ഷവാദികളെപ്പോലെ സ്ഥാനപ്പേരല്ല. മാത്രമല്ല, രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഭിന്നരാണെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു. അവരുടെ അഭിപ്രായങ്ങൾ ചുരുക്കിപ്പറയാം: രാമപാണിവാദൻ തന്റെ ഗുരുവായി സ്മരിക്കുന്ന വ്യക്തിയുമായി കുഞ്ചനു വിദൂരബന്ധം പോലുമില്ല. ആശയപരമായ സാദൃശ്യം തികച്ചും സ്വാഭാവികം മാത്രമാണ്. കുഞ്ചൻനമ്പ്യാർ കിള്ളിക്കുറിശ്ശിമംഗലത്തെ 'ശുകപുരം' എന്നു വിളിക്കുമ്പോൾ രാമപാണിവാദൻ താൻ 'മംഗലഗ്രാമവാസ്തവ്യ'നാണെന്ന് വ്യക്തമായി പറയുന്നുണ്ട്. തുള്ളലുകളിൽകാണുന്ന രസികതയും പരിഹാസധോരണിയും രാമപാണിവാദ കൃതികളിലില്ല. ശൈലിയിലും രണ്ടുപേരും വിഭിന്നനിലവാരം പുലർത്തുന്നവരത്രേ. പാണിവാദന്റെ ഫലിതം നേർപ്പിച്ചതാണ്. നമ്പ്യാരുടേതാകട്ടെ, പൊട്ടിച്ചിരിക്കുന്നതും. കൂടാതെ കലക്കത്തുഭവനത്തിൽ സൂക്ഷിച്ചിട്ടുള്ള ഒരു ചരമശ്ലോകത്തിൽ കൊല്ലവർഷം 956-ൽ ഒര്യ കുഞ്ചൻനമ്പ്യാർ (കൃഷ്ണൻ) മരിച്ചതായിക്കാണുന്നു: ആ കുഞ്ചൻകൃഷ്ണൻ നമ്മുടെ കഥാപുരുഷനാണെന്നും ഈ പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. ഡാക്ടർ ചേലനാടൻ കലക്കത്തുഭവനത്തിലെ ഒരു രേഖ പരിശോധിച്ചിട്ട് രാമപാണിവാദന്റെ അനുജനാണ് കുഞ്ചൻനമ്പ്യാരെന്നും കൂട്ടിച്ചേർക്കുന്നു. ഈ വക തെളിവുകളുടെ വെളിച്ചത്തിൽ (കിട്ടിയിടത്തോളം) കുഞ്ചന്റെപേർ 'കൃഷ്ണനാ'ണെന്നു കരുതുന്നതു യുക്തിസഹമാണ്. എങ്കിലും ഇപ്പോഴും ഈ വിഷയത്തിൽ പണ്ഡിതന്മാർ ഗവേഷണനിരതരാണ്. എല്ലാവർക്കും സ്വീകാര്യമായ ഒരു അഭിപ്രായമുണ്ടാവുന്നതുവരെ നമുക്കു 'കുഞ്ചൻനമ്പ്യാർ' മതി. രാമ

നായാലും കൃഷ്ണനായാലും നമുക്കു പ്രത്യേകിച്ചൊരു കാര്യവുമില്ലതന്നെ.

## നമ്പ്യാരുടെ പൊടിക്കൈകൾ—

കുഞ്ചൻ സ്വതേ നർമ്മകുശലനാണല്ലോ ? അദ്ദേഹത്തിന്റെ കൃതികളിൽ മാത്രമല്ല, ഫലിതങ്ങൾ. തന്റെ വാക്കിലും പെരുമാററത്തിലും വരെ ഫലിതം കലർത്തുക അദ്ദേഹത്തിന്റെ ഒരു സവിശേഷതയാണ്. അമ്പലപ്പുഴയിലും തിരുവനന്തപുരത്തും താമസിക്കുന്നതിന്നിടയിൽ എത്രയോ വട്ടം ആ ഫലിതക്കുടുക്ക പൊട്ടുകയുണ്ടായി. അവയിൽ പ്രസിദ്ധങ്ങളായവയെ കുറിച്ചാണിനിയും പറയുന്നത്. സന്ദർഭവിശേഷം കൊണ്ടവ ഏററവും കൂടുതൽ രസപ്രദങ്ങളായിബ്ഭവിക്കുന്നു. അനായാസമായിട്ടാണ് നമ്പ്യാർ ഫലിതങ്ങൾ തട്ടിവിടുകയെന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്ന ഒരു വസ്തുതയാണ്.

## കൈപ്പിഴ വന്നതുകൊണ്ടു ഗ്രഹപ്പിഴ.

അമ്പലപ്പുഴയിലെ താമസത്തിന്നിടയിൽ കുഞ്ചൻ പ്രയോഗിച്ച ഒരു നേരമ്പോക്കാണിത്. അന്ന് ദേവനാരായണസ്വാമിയുടെ ഉപദേഷ്ടാവും ഗുരുവുമായി ഒരു നമ്പൂതിരിയുണ്ടായിരുന്നു, കൊട്ടാരത്തിൽ. കൈപ്പിഴയെന്നായിരുന്നു അദ്ദേഹത്തിന്റെ കുടുംബനാമം. കൈപ്പിഴ നമ്പൂതിരിയെന്നാണദ്ദേഹത്തെ അറിഞ്ഞിരുന്നത്. രാജാവ് മുഖവിലയ്ക്കുതന്നെ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സ്വീകരിച്ചുവന്നിരുന്നു. നമ്പൂതിരിക്ക് ഇക്കാരണത്താൽ അല്പം ഗർവ്വുമുണ്ടായിരുന്നു. ഇത് മററു രാജസേവകർക്ക് അസഹ്യമായിരുന്നു. സേവകർ നമ്പൂതിരിയെ രാജാവിൽ നിന്ന് അകററുന്നതിനു തീരുമാനിച്ചു. നമ്പ്യാരെയതിനു പ്രേരിപ്പിച്ചുകൊണ്ടുമിരുന്നു. അങ്ങനെയിരിക്കെ, ഒരു ദിവസം രാജാവും നമ്പൂതി

രിയും കൂടിയിരിക്കുമ്പോൾ നമ്പ്യാർ ഒരു പാത്രവുമെടുത്തുകൊണ്ടാവഴിക്കു ചെന്നു. രാജാവിന്റെ സമീപത്തെത്തിയപ്പോൾ നമ്പ്യാർ മനഃപൂർവം പാത്രം താഴെയിട്ടു ശബ്ദമുണ്ടാക്കി. ശബ്ദം കേട്ട് രാജാവ് 'അത് എന്താണെന്ന'ന്വേഷിച്ചു. നമ്പ്യാർ ഉത്തരമായി "കൈപ്പിഴ വന്നതുകൊണ്ടുള്ള ഗ്രഹപ്പിഴ" യാണെന്നു പറഞ്ഞു. രാജാവിന് നമ്പ്യാർ ഉദ്ദേശിച്ച ശുദ്ധാർത്ഥം മനസ്സിലായി. അതേത്തുടർന്ന് നമ്പൂതിരിയുടെ ചാപല്യങ്ങൾക്ക് കുറച്ചു വിരാമമുണ്ടാവുകയും ചെയ്തു. അങ്ങനെ നമ്പ്യാർ ഒരു ചെറിയ ഫലിതപ്രയോഗത്തിലൂടെ തങ്ങൾക്കലട്ടലുളവാക്കിയ ഒരു കാര്യത്തിന് പരിഹാരം കണ്ടെത്തി.

**നമ്പിയാരെന്നു ചോദിച്ചു. ... ... ... ...**

തിരുവനന്തപുരത്തെ താമസക്കാലത്താണ് നമ്പ്യാർ ഏറെ ഫലിതങ്ങൾ തട്ടിമൂളിച്ചിട്ടുള്ളത്. അതിലൊന്നാണു തുടർന്നുപറയുന്നത്. ഒരു ദിവസം നമ്പ്യാർ ശ്രീപത്മനാഭക്ഷേത്രത്തിൽ ഭജിക്കാനെത്തി. അവിടുത്തെ പ്രധാനശാന്തിക്കാരനായ നമ്പി, നമ്പ്യാരോടു താൻ ആരാണെന്നു ചോദിച്ചു. നമ്മുടെ കഥാപുരുഷൻ 'നമ്പിയാര്' എന്ന് ഉത്തരം ചോദ്യരൂപത്തിൽ തട്ടിവിട്ടു. നമ്പിക്കിതു രസിച്ചില്ല. അയാൾ നമ്പ്യാർ, തന്നോടു ധിക്കാരമായി പെരുമാറിയെന്ന് രാജസന്നിധിയിൽ ആക്ഷേപം ബോധിപ്പിച്ചു. മഹാരാജാവ് നമ്പ്യാരെവരുത്തി വിവരം ആരാഞ്ഞു. അപ്പോൾ നമ്പ്യാർ

"നമ്പിയാരെന്നു ചോദിച്ചു
നമ്പിയാരെന്നുചൊല്ലിനേൻ
നമ്പികേട്ടഥ കോപിച്ചു,
തമ്പുരാനേ പൊറുക്കണം "എന്ന് ഒരു

ശ്ലോകമുണ്ടാക്കി തിരുമനസ്സറിയിച്ചു. ശ്ലോകത്തിന്റെ

രസികത്തം ഗ്രഹിച്ച് മാർത്താണ്ഡ വർമ്മ മഹാരാജാവ് നമ്പ്യാരെ ശ്ളാഘിക്കുകയും ചെയ്തു.

## പാൽപ്പായസത്തിൻെറ കയ്പ്

മാർത്താണ്ഡവർമ്മ മഹാരാജാവ് ഒരിക്കൽ അമ്പലപ്പുഴയ്ക്കു എഴുന്നള്ളി. രാജസേവകർ മിക്കവരും അകമ്പടി സേവിച്ച് ഒപ്പംപോയി. അമ്പലപ്പുഴയെത്തി മഹാരാജാവ് അമൃതേത്തു കഴിച്ചു. എന്നിട്ട് കൂടെയുണ്ടായിരുന്ന സേവകരുടെ മനഃസ്ഥിതിയറിയാൻ അവർ ഊണുകഴിച്ചുകൊണ്ടിരുന്നപ്പോൾ രാജാവ് വിശിഷ്ടമായ പാല്പായസത്തിന് അല്പം കയ്പുണ്ടായിരുന്നെന്നു പറഞ്ഞു. രാജപ്രീതിക്കുവേണ്ടി അതു ശരിവയ്ക്കുകയും അവർ പാല്പായസം കഴിക്കാതിരിക്കുകയും ചെയ്തു. കുഞ്ചൻനമ്പ്യാരാകട്ടെ, പായസം വയറുനിറയെ കഴിച്ചു. നമ്പ്യാരുടെ പായസം കുടികണ്ടിട്ട് രാജാവ് 'എന്ത ? പായസത്തിന് കയ്പില്ലേ? എന്നു ചോദിച്ചു. നമ്പ്യാർ! പാല്പായസത്തിന് അല്പം കയ്പുണ്ട്. എന്നാൽ പാലിൻെറയും പഞ്ചസാരയുടേയും കയ്പാണ്. പക്ഷേ അത് അടിയന് ഇഷ്ടമാണ് എന്ന് അറിയിച്ചു. തിരുമനസ്സിലെ പ്രീതിക്കുവേണ്ടി പാല്പായസത്തിന് കയ്പാണെന്നു സമ്മതിച്ച് വേണ്ടപോലെ കഴിക്കാതിരുന്ന സേവകരെ നമ്പ്യാർ ഈ വിധം ലജ്ജിപ്പിച്ചു.

## "ദീപസ്തംഭം മഹാശ്ചര്യം..."

വേറൊരവസരത്തിൽ ശ്രീ വീരമാർത്താണ്ഡവർമ്മ ആയിടെ പണിതീർത്ത കമ്പവിളക്ക് തൃക്കൺപാർക്കാൻ ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെത്തി. വിളക്കിൻെറ പണിത്തരം രാജാവിന് വളരെയേറെ ഇഷ്ടപ്പെട്ടു. കൂടെയുണ്ടായിരുന്ന സേവകരോട് വിളക്കിനെക്കുറിച്ച് ശ്ളോകങ്ങളുണ്ടാ

ക്കാൻ ആവശ്യപ്പെട്ടു. നമ്പ്യാർ ഒരുകൊച്ചു ശ്ലോകമുണ്ടാക്കി സമർപ്പിച്ചു.

"ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം
ഇത്യർത്ഥ ഏഷ ശ്ലോകാനാം
അല്ലാതൊന്നും നവിദ്യതേ." എന്നിങ്ങനെയാണാ

ശ്ലോകം. പണത്തിനുവേണ്ടിയാണ് മററുകവികൾ ദീർഘ വർണ്ണനകൾ എഴുതുന്നത് എന്ന് ഒരു നുണ്യക്കുവേലയിലൂടെ സൂചിപ്പിച്ച് തമ്പുരാൻെറ അഭിനന്ദനത്തിന് പാത്രമായി.

## 'കാതിലോല'യും 'നല്ലതാളി'യും

മാർത്താണ്ഡവർമ്മയുടെ കാലശേഷം തിരുവിതാംകൂർ മഹാരാജാവായത് ശ്രീ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവാണ്. 'ധർമ്മരാജാ' എന്നും ഇദ്ദേഹം അറിഞ്ഞിരുന്നു ധാരാളം കലാകാരൻമാർ ഇദ്ദേഹത്തെ ആശ്രയിച്ച് തിരുവനന്തപുരത്തുപാർത്തിരുന്നു. അവരിൽ ഒരാളാണ് ഉണ്ണായി വാര്യർ. (നളചരിതം ആട്ടക്കഥ ഇദ്ദേഹത്തിൻേറതാണ്.) വാര്യർ തിരുവനന്തപുരത്തെത്തി അധികം കഴിഞ്ഞിട്ടില്ലായിരുന്നു അന്ന്. നമ്പ്യാരും വാര്യരും തമ്മിൽ പരിചയപ്പെട്ടിട്ടുമുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ, ഇവർ രണ്ടാളും കുളിക്കുവാൻ ഒരുദിവസം പത്മതീർത്ഥക്കരയിലെത്തി. ആ സമയം ഒരു പ്രഭുതരുണി ഒരു സുന്ദരിയായ തോഴിയെക്കൊണ്ട് താളിയും മററുമെടുപ്പിച്ചുകൊണ്ട് അവരുടെ അടുത്തുകൂടെ കടന്നുപോയി. അപ്പോൾ ഉണ്ണായിവാര്യർ "കാതിലോല" എന്ന് യജമാനത്തിയുടെ കുണ്ഡലത്തെ പരാമർശിക്കുന്ന മട്ടിൽ പറഞ്ഞു. അന്നേരം നമ്പ്യാർ 'നല്ലതാളി' എന്നു പൂരിപ്പിച്ചു. ദാസിയെടുത്തിരുന്ന താളിയെക്കുറിച്ചെ

ന്നോണമാണു നമ്പ്യാർ പറഞ്ഞത്. ഈ ചോദ്യത്തിന്റെയും ഉത്തരത്തിന്റെയും വ്യംഗ്യാർത്ഥത്തെ പുരസ്ക്കരിച്ച് പരസ്പരം അവർ ചോദിച്ചറിഞ്ഞ് പരിചയമായിയെന്നാണൈതിഹ്യം.

[ കാ അതിലോല– ഏററവും സുന്ദരിയേത്?
നല്ലതാളി—നല്ലത് ആളി—തോഴിയാണു സുന്ദരി–
എന്നിങ്ങനെയാണു വ്യംഗ്യാർത്ഥം.]

**കരിയും കളഭവും**

ഇതും കുഞ്ചനെയും ഉണ്ണായിയെയും ചേർത്ത് പറഞ്ഞുവരുന്ന ഒരു ഐതിഹ്യമാണ്. ഒരിക്കൽ കൊട്ടാരംവക ഒരാനയെ പത്മതീർത്ഥത്തിലിറക്കി വെള്ളം കലക്കി. ഈ സമയം നമ്പ്യാരും ഉണ്ണായിയും കുളിക്കാൻ തീർത്ഥത്തിലെത്തിയിരുന്നു. അപ്പോൾ ആ സംഭവത്തെക്കുറിച്ച് രാജാവ് അന്ന് തിരുമുമ്പിൽച്ചെന്നവരോട് അന്വേഷിച്ചു. പണ്ഡിതനായ ഉണ്ണായിവാര്യർ താൻ ഒരു "കരികലക്കിയ കുളം കണ്ടു" വെന്നും ഫലിതക്കാരനായ നമ്പ്യാർ "കളഭം കലക്കിയ കുളം കണ്ടു"വെന്നും അറിയിച്ചു. എ. ആർ. തിരുമേനി ഇതിനെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. വാര്യർക്ക് എന്തെങ്കിലും രണ്ടർത്ഥമുള്ള ശബ്ദം പ്രയോഗിച്ചാൽ മതി. എന്നാൽ രസികനായ നമ്പ്യാർക്കാകട്ടെ, താൻ പറയുന്നതിന് രണ്ടർത്ഥം പോരാ അതു രാജപ്രീതിപരം കൂടിയായിരിക്കണമെന്ന് നിർബന്ധമുണ്ടായിട്ടാണ് 'കളഭം' കലക്കിയതെന്ന് വിമർശനമെങ്കിലും പറഞ്ഞത്. വാര്യർ ദോഷമേ കണ്ടുള്ളൂ. നമ്പ്യാർ ദോഷവും കണ്ടു; തന്റെ കാര്യവും കണ്ടു.

**രണ്ടേകാലും കോപ്പും**

കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവുമായി ബന്ധപ്പെടുന്ന ഏതാനും നേരമ്പോക്കുകൾ കൂടിയുണ്ട്.

അവയിലൊന്ന് ഇനിയും പറയാം. മാർത്താണ്ഡവർമ്മയുടെ കാലത്ത് നമ്പ്യാർക്ക് കൊട്ടാരത്തിൽനിന്ന് 'രണ്ടേകാലും കോപ്പും' അനുവദിച്ചിരുന്നു. (രണ്ടിടങ്ങഴിഅരിയും അതിനുവേണ്ട സാധനങ്ങളും) അദ്ദേഹത്തിൻെറ മരണാനന്തരം ഇതിനു എന്തോ തകരാറുപററി. കൊട്ടാരം കലവറക്കാരനായ പണ്ടാല രണ്ടിടങ്ങഴിയരിയേ കൊടുക്കുകയുള്ളൂവെന്നു നിർബന്ധം പിടിച്ചു. നമ്പ്യാർ ഇതേപ്പററി,

"രണ്ടേകാലെന്നു കൽപ്പിച്ചു
രണ്ടേകാലെന്നിതയ്യനും
ഉണ്ടോകാലെന്നു പണ്ടാല
ഉണ്ടില്ലിന്നിത്രനേരവും." എന്നൊരു ശ്ലോകമുണ്ടാക്കി തിരുമുമ്പിൽ സമർപ്പിച്ചു. പതിവിനു നീക്കംകൂടാതെ പ്രവർത്തിക്കാൻ രാജാവു കൽപ്പിക്കുകയും ചെയ്തു. കൂടാതെ ഇടപ്പക്കത്തിൽ രണ്ടുനേരവും ആഹാരം കൊടുക്കാനും ആജ്ഞാപിച്ചു. ആരുടെയോ ഏഷണികൊണ്ട് ഉവണു പിന്നീട് പക്കത്തേയ്ക്കുമാററി. രണ്ടേകാലും കോപ്പും നിർത്തൽചെയ്യാനും ഉത്തരവായി. കുറച്ചു ദിവസം കഴിഞ്ഞ് തിരുമേനിക്ക് നീരസം ഒട്ടുകുറഞ്ഞപ്പോൾ നമ്പ്യാർ മുഖം കാണിച്ച്;

"പൂജ്യത്വം സുജനൈരഹഞ്ചവടുഭി:
ശത്രുക്കളാലനാഹം
കേറാൻ വാരണമുണ്ടു, തേ, മമയഹോകൊട്ടാര
വാതുക്കലും
ഒട്ടും തന്നരിയില്ല, തേമമതഥാപൃഷ്ടിക്കു
കുപ്പാട്ടിലും
സേവിച്ചിട്ടടിയൻ ചിരേണനൃപതേ!
ത്വത്തുല്യനായീടിനേൻ"

എന്നൊരു ശ്ലോകമെഴുതി സമർപ്പിച്ചു. ആശയസാരസ്യത്താൽ രാജാവ് കൊട്ടാരത്തിൽ കയറാൻ അനുവദിച്ചു. രണ്ടേകാലും കോപ്പും കുടിശ്ശിഖ തീർത്തുകൊടുത്തുകൊള്ളാനും കൽപിച്ചുത്തരവായി.

[ശ്ലോകത്തിന്റെ അർത്ഥം:—അങ്ങ് സുജനങ്ങളാൽ നിത്യവും പൂജിതനാണ്; ഞാൻ ദിവസംതോറും ശത്രുക്കളാൽ വടികൾകൊണ്ട് പൂജിക്കപ്പെടുന്നവനാണ്. അങ്ങേയ്ക്കു കൊട്ടാരവാതുക്കൽ കയറുന്നതിന് ആനയുണ്ട്. എനിക്കു കൊട്ടാരവാതുക്കൽക്കയറാൻ വാരണം (തടസ്സം) ഉണ്ട്. അങ്ങേയ്ക്കു അരി (ശത്രു) തീരെയില്ല. എനിക്കും എന്റെ ഗൃഹത്തിൽ അരി (അന്നം) ഇല്ല.

അല്ലയോ മഹാരാജാവേ! അങ്ങേ സേവിച്ചതിന്റെ ഫലമായി ഞാൻ അങ്ങയ്ക്കു തുല്യനായിബ്ഭവിച്ചു. വളരെക്കാലത്തെ സേവനംകൊണ്ട് ആശ്രിതൻ യജമാനതുല്യനായി, എന്നൊരർത്ഥം. എന്നാൽ അയാളുടെ കുററം പൊറുക്കായ്കയാൽ അഷ്ടിയ്ക്കരിയില്ലാതെ ദാരിദ്ര്യത്തിലകപ്പെട്ടിരിക്കയാണെന്നു മറെറാരർത്ഥം.]

**'പഥ്യേ നിനക്കും പക്ഷത്തോ...'**

പ്രായം വർദ്ധിച്ചതോടുകൂടി നമ്പ്യാർക്ക് പക്കത്തെ ഊണ് അരോചകമായി. അതിനു നിവാരണം ഉണ്ടാക്കാൻ 'അരുതു പൊറുതുവാൻ കൊട്ടണത്തോടെനിക്ക്' എന്ന് മഹാരാജാവിനോടു സങ്കടമുണർത്തിച്ചു. അതിനുശേഷം വീണ്ടും ഊണ് ഇടപ്പക്കത്തേക്ക് മാററി. എന്നാൽ അവിടെയും നമ്പ്യാർക്ക് വയറിനു സുഖം കിട്ടിയില്ല. അങ്ങനെയിരിക്കെ വിദ്വാൻമാരെല്ലാം തിരുമുമ്പിൽ ഒരുമിച്ചുകൂടി. മാളികമുകളിൽ രാജാവും സേവകരുമിരുന്നു വെടി പറഞ്ഞുകൊണ്ടിരി

ക്കുമ്പോൾ താഴെ കൂടെപ്പോയ ഒരു പശു ഇളകി ചാണകമിടുന്നതു നമ്പ്യാർ കണ്ടു. അതു കണ്ട് ബുദ്ധിമാനായ നമ്പ്യാർ 'അല്ലേ! പശ്വേ നിനക്കും പക്കത്താണോ ചോറ്' എന്നു ചോദിച്ചു. കാര്യം ഗ്രഹിച്ച രാജാവ് ഭക്ഷണം ഇടപ്പക്കത്തു നിന്നും മാററി.

**'പത്രം വിസ്തൃതമത്ര ... ...**

ഒരിക്കൽ കാർത്തികതിരുനാൾ മഹാരാജാവ് നമ്പ്യാരോട് അമ്പലപ്പുഴയിലെ സദ്യയുടെ സമ്പ്രദായം എങ്ങനെയായിരുന്നുവെന്നു ചോദിച്ചു. അതിനുത്തരമായി താൻ പണ്ടു രചിച്ചുവച്ചിരുന്ന ഒരു ശ്ലോകം ചൊല്ലികേൾപ്പിച്ചു.

"പത്രം വിസ്തൃതമത്ര തുമ്പമലർതോറേറാടീടി-
നോരന്നവും
പുത്തൻനൈ കനിയപ്പുഴുത്തപഴവും കാളിപ്പഴം-
കാളനും
പത്തഞ്ഞൂറു കറിക്കുദാസ്യമിയലും നാരങ്ങയും
മാങ്ങയും
നിത്യം ചെമ്പകനാട്ടിലഷ്ടിതയിർമോർ-
തട്ടാതെ കിട്ടും സുഖം."

ഇതിൻെറ ആശയവും വിശദീകരിച്ചു. കൂടാതെ ഈ ശ്ലോകംതന്നെ ചെമ്പകശ്ശേരി രാജാവിനെ കേൾപ്പിച്ച് പണ്ടു പറഞ്ഞുകൊടുത്ത അർത്ഥവും വിശദീകരിച്ചു.

1. കാർത്തികതിരുനാളിനോടുണർത്തിച്ച ആശയം:—

പത്രം വിസ്തൃതമത്ര തുമ്പ– തുമ്പയുടെ ഇല പോലെയുള്ള ഇല, മലർതോറേറാടീടിനോരന്നം– വെന്തു മലർന്ന തണുത്ത ചോറ്, പുത്തൻനൈകനിയെ– കനച്ചനെയ്യ്–

പഴുത്ത പഴവും കാളി- പീഞ്ഞളിഞ്ഞ പഴം, പഴം കാളനും- പഴംകൊണ്ടുണ്ടാക്കിയ കാളനും, പത്തഞ്ഞൂറു കറിക്കു ദാസ്യമിയലും നാരങ്ങയും മാങ്ങയും— പത്തഞ്ഞൂറു കറികളുടെ പിൻപിൽ നിൽക്കത്തക്കവണ്ണം മോശമായ നാരങ്ങായും മാങ്ങയും, നിത്യം, ചെമ്പകനാട്ടിലഷ്ടി തയിർമോർ തട്ടാതെ കിട്ടും സുഖം—ഇപ്രകാരം ചെമ്പകനാട്ടിൽ ഊണ് തയിരും മോരും ഇല്ലാതെ സുഖമാകും. ചെമ്പകശ്ശേരി രാജാവിനോടുണർത്തിച്ച ആശയം:—

പത്രം വിസ്തൃതം- വലിയ ഇല, തുമ്പമലർതോറെറാടിടിനോരന്നം- തുമ്പപ്പൂപോലെയുള്ള ചോറ്, പുത്തൻനൈ- പുതിയ നെയ്യ്, കനിയെപ്പഴുത്തപഴം- പാകത്തിനു പഴുത്ത പഴം, കാളിപ്പഴം- കദളിപ്പഴം, കാളനും- നല്ലപുളിശ്ശേരിയും പത്തഞ്ഞൂറു കറിക്കു ദാസ്യമിയലും നാരങ്ങയും മാങ്ങയും- പത്തഞ്ഞൂറു കറികളോടും അലംഭാവം തോന്നിക്കുന്ന നാരങ്ങയും മാങ്ങയും, നിത്യം ചെമ്പകനാട്ടിലഷ്ടിതയിർ മോർ തട്ടാതെ കിട്ടും സുഖം- ചെമ്പകരാജ്യത്ത് എന്നും തയിര് വെള്ളം ചേർക്കാതെയും സുഖമായ ഊണു കിട്ടും.

ഇനിയുമുണ്ട്; നമ്പ്യാരുടെ പൊടിക്കൈകൾ തന്റെ സഹജമായ ഫലിതപ്രയോഗശേഷിക്കു നിദർശനങ്ങളായി. നമ്പ്യാരുടെ ജീവിതം ഈ വിധം ഫലിതമയമായിരുന്നു.

അദ്ധ്യായം രണ്ട്

# നമ്പ്യാരുടെ കൃതികൾ

## (മണിപ്രവാളം-കിളിപ്പാട്ട്-പാന)

കുഞ്ചൻനമ്പ്യാർ നാൽപ്പതിലേറെ തുള്ളൽക്കഥകൾ രചിച്ചിട്ടുള്ളതിനു പുറമേ അന്നു നിലവിലിരുന്ന മിക്ക സാഹിത്യശാഖകളിലും കൈവയ്ക്കുകയുണ്ടായി. മണിപ്രവാള കാവ്യം, കിളിപ്പാട്ട്, വഞ്ചിപ്പാട്ട്, ഗാഥ, പാന, തിരുവാതിരപ്പാട്ട്, ആട്ടക്കഥ എന്നീ ഇനങ്ങളിലായി വളരെയേറെ കൃതികൾ രചിക്കുകയുണ്ടായി. സംസ്കൃത കൃതികളെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നില്ല. രാമപാണിവാദനും കുഞ്ചനും ഒരാളോ രണ്ടുപേരോയെന്നത് ഇപ്പോഴും തർക്ക വിഷയമാണല്ലോ.

ഈ അദ്ധ്യായത്തിൽ തുള്ളൽക്കഥകളെ മാററിനിറുത്തിയിട്ട്, കുഞ്ചൻെറ ഇതര വിഭാഗങ്ങളിലുള്ള കൃതികളെക്കുറിച്ചുമാത്രം വിചിന്തനം ചെയ്യുന്നു. മാത്രമല്ല, ചില കൃതികൾ, കർത്തൃത്വത്തിൽ ഇപ്പോഴും സംശയാസ്പദമായ നിലയിലാണുതാനും. നമ്പ്യാരുടേതെന്നു നിസ്സംശയം പറയാവുന്ന കൃതികൾ ശ്രീകൃഷ്ണ ചരിതം മണിപ്രവാളം, നളചരിതം കിളിപ്പാട്ട്, ശിവപുരാണം കിളിപ്പാട്ട്, പഞ്ചതന്ത്രം കിളിപ്പാട്ട്, വിഷ്ണുഗീതഹംസപ്പാട്ട്, പാർവതീസ്വയംവരം പാന, ഭഗവദ്ദൂത് പതിനാലുവൃത്തം (ദൂതവാക്യം) രുക്മിണീസ്വയംവരം പത്തുവൃത്തം, ശീലാവതിനാലുവൃത്തം, തുടങ്ങിയവയാണ് കർത്തൃത്വത്തിൽ വിവാദപരമല്ലാത്തവ.

മാണിക്യസൂത്രം കിളിപ്പാട്ട്, ഏകാദശി മാഹാത്മ്യം കിളിപ്പാട്ട്, കിരാതം വഞ്ചിപ്പാട്ട്, സഭാപ്രവേശംപാന, ഭാഗവതം ഇരുപത്തിനാലുവൃത്തം, ശ്രീകുമാരാലയസ്തോത്രം, രാസക്രീഡ തുടങ്ങിയ തിരുവാതിരപ്പാട്ടുകൾ, ശംബരവധം, പാലാഴിമഥനം തുടങ്ങിയ ഏതാനും ആട്ടക്കഥകൾ എന്നിവ ഇപ്പോഴും കർത്തൃത്വത്തിൽ തീർപ്പുണ്ടാവാത്തവയാണ്. ഈ പ്രകരണത്തിൽ നമ്പ്യാരുടേതെന്നു സംശയരഹിതമായവയെക്കുറിച്ചു മാത്രമേ ചർച്ച ചെയ്യുന്നുള്ളൂ.

## ശ്രീകൃഷ്ണചരിതം മണിപ്രവാളം.

ശ്രീകൃഷ്ണചരിതം മണിപ്രവാളം മഹാകാവ്യങ്ങളുടെ ഛായയിൽ മലയാളഭാഷയിലുണ്ടായ ആദ്യകൃതിയാണ്. സംസ്കൃതവൃത്തങ്ങളിൽ പന്ത്രണ്ടു സർഗ്ഗങ്ങൾ ഇതിലുണ്ട്. ഭാഗവതം ദശമസ്കന്ധത്തിലെ കഥ ഭാഷയിൽ സംഗ്രഹിച്ചിരിക്കുകയാണ് വളരെയേറെ പ്രചാരം ഇതിനുണ്ട്.

"ഗണപതിഭഗവാനുമബ്ജയോനി-
പ്രണയിനിയാകിയ ദേവി വാണിതാനും
ഗുണനിധി ഗുരുനാഥനും സദാ മേ
തുണയരുളീടുക കാവ്യബന്ധനാർത്ഥം."

എന്നിങ്ങനെ കാവ്യനിബന്ധനത്തിൽ ഇഷ്ടദേവതകളെയും ഗുരുവിനെയും അനുഗ്രഹാശിസ്സുകൾക്കായി വന്ദിക്കുന്നു. എന്നിട്ട് 'മനോഭിരാമമായ മധുരിപുചരിതം' വർണ്ണിക്കുന്നു.

നമ്പ്യരുടെ ആദ്യകാലകൃതികളിലൊന്നാണിത്. മണിപ്രവാളസരണിയിലുള്ള ആദ്യത്തെ കാൽവെയ്പും. നമ്പ്യാരുടെ കല്പനാശക്തി പ്രശംസനീയമാംവണ്ണം തെളിഞ്ഞു കാണുന്നുണ്ടിതിൽ. കഥാകഥനത്തിലും വർണ്ണനത്തിലും

ചൈതന്യം തുളുമ്പുന്ന ഭാഗങ്ങൾ ധാരാളം. നമ്പ്യാരുടെ അക്ലിഷ്ടമനോഹരമായ വാഗ്വിലാസം ഇതിൽ ആദ്യന്താ കാണാൻ കഴിയും. വർണ്ണനകൾ സ്വാഭാവികങ്ങളും വർണ്ണ്യവസ്തുവിനെ കൺമുമ്പിൽ കാണിച്ചുതരുന്നവയുമാണ്. ശ്രീകൃഷ്ണൻെറ ജനനസമയത്തെ അന്തരീക്ഷത്തിൻെറ വർണ്ണന എത്ര അനായാസമായും സ്വാഭാവികമായും കുഞ്ചൻ നടത്തുന്നു. നോക്കു,

"കാളമേഘമിടതിങ്ങിവിങ്ങി ബത ഭംഗി-
യേറുമിടിമിന്നലും
മേളമോടു ജലധാരമാരികളുമെത്ര-
യും ബഹുമനോഹരം
അർദ്ധരാത്രിസമയം സമാഗതമുദിച്ചു
ചന്ദ്രനുമഹോ തദാ
സിദ്ധചാരണസുരാവലി സ്തുതികളുദ്ധ-
തം ദിവി മഹോത്സവം."

കാളിന്ദമർദ്ദനത്തിൽ, കാളിയൻെറ ശിരസ്സിൽ നൃത്തം ചവിട്ടുന്ന ശ്രീകൃഷ്ണൻെറ ചിത്രവും മനോഭിരാമമാണ്. ആ നൃത്തം,

"തളയും വളയും കിലുങ്ങുമാറ-
ങ്ങിളകിടും പദപാണിതാളമേളം
ലളിതം നടനം മനോഭിരാമം
കളസംഗീതകമംഗളം വിളങ്ങി."

എന്നിങ്ങനെ പോകുന്നു. താളത്തിനനുസൃതമായ പദങ്ങളുടെ സമ്മേളനത്താൽ ഉണ്ണികൃഷ്ണൻെറ ചിത്രം കൺമുമ്പിൽക്കാണിച്ചുതരുന്നു കുഞ്ചൻ. "ലോകൈകനാഥൻെറ ശുഭാവതാരേ" എന്നു തുടങ്ങുന്ന, ശ്രീകൃഷ്ണൻെറ ജനനാ

നന്തരം ലോകത്തിനുണ്ടാകുന്ന പ്രകർഷത്തെ വർണ്ണിക്കുന്നതും 'കൂലന്തഭാഗേ നിരവന്നടിക്കും പാലഴിതന്നിൽ പരിതോവിളങ്ങും' എന്നു തുടങ്ങുന്ന വൈകുണ്ഠവർണ്ണനയും ഹൃദ്യങ്ങളാണ്. ചമത്കാരകാരിയായ വർണ്ണനകൾ വേറെയുമുണ്ട്.

അലങ്കാരപ്രയോഗത്തിലും സഹജമായ കരവിരുത് നമ്പ്യാർ ഇക്കൃതിയിൽ പ്രകടിപ്പിച്ചിട്ടുണ്ട്. ശ്രീകൃഷ്ണൻ ഗോപസ്ത്രീകളോടൊത്തു രമിക്കുന്നത്.

"വരുന്ന ഗോപാലനിതംബിനീനാം
കരം പകർന്നാശു വിളങ്ങി കൃഷ്ണൻ
വിരിഞ്ഞ പുഷ്പങ്ങളിലങ്ങുമിങ്ങും
വിരിഞ്ഞുമണ്ടുന്നൊരു വണ്ടുപോലെ". യാണ്.

ഈ ഉപമയിലെ സാരസ്യം പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ! മറെറാന്നു നോക്കൂ.

"ആയാമമുള്ളോരചലേ വിളങ്ങും
കായാമ്പുതൻ കോരകമെന്നപോലെ
മായാകുമാരൻെറ മനോജ്ഞരൂപ-
മായാതുധാനോരസി ദൃഷ്ടമായി."

കൊടുംകാററായി വന്ന് ശ്രീകൃഷ്ണനെ നിഗ്രഹിക്കാനൊരുങ്ങിയ 'തൃണാവർത്തനെ' തള്ളിയിട്ട് ശ്രീകൃഷ്ണൻ അവൻെറ മാറിൽ കയറിനിന്ന നിൽപിനെയാണു വർണ്ണിക്കുന്നത്. വലിയ ഒരു പർവ്വതത്തിൻെറ മുകളിൽ വിളങ്ങുന്ന നീലനിറത്തിലുള്ള ഒരു പുഷ്പത്തിൻെറ മൊട്ടെന്നപോലെയാണു ശ്രീകൃഷ്ണൻ അസുരൻെറ മാറിൽ കയറിനിന്നപ്പോൾ കവിക്കു തോന്നിയത്. ശ്രീകൃഷ്ണൻെറ മൃദുത്വം മനോഹാരിത തുടങ്ങിയവ 'കായാമ്പു കോരകത്തോടു' ഉപമിച്ചതിൽനിന്ന് വ്യക്തമാകുന്നു. അതോടൊപ്പം അസുരൻെറ കായികശേഷിയും വലിപ്പവും.

അർത്ഥാന്തരന്യാസം, ദൃഷ്ടാന്തം തുടങ്ങിയ മററ് അർത്ഥാലങ്കാരങ്ങളും കവി സന്ദർഭോചിതമായി വിനിവേശിപ്പിച്ചിട്ടുണ്ട്. അയത്നലാളിത്യമാണ് അവയുടെയും മെച്ചം.

അർത്ഥാന്തരന്യാസത്തിന്

'ദാരിദ്ര്യമെന്നതറിഞ്ഞവർക്കേ പാരിൽ പരക്ലേശവിവേകമുള്ളൂ' എന്നും,

'സമ്പൽക്ഷയേ സങ്കടമെന്നതോർത്താൽ സമ്പന്നനും നിർദ്ധനനും സമാനം'

എന്നതും ഉദാഹരണങ്ങൾ

ദൃഷ്ടാന്തത്തിന്

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ളകാലം
കാരസ്ക്കരത്തിൻകുരുപാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?"

ഇതും ഉദാഹരിക്കാം.

ശബ്ദാലങ്കാരങ്ങളിൽ ദ്വിതീയാക്ഷരപ്രാസം അനുപ്രാസം, യമകം തുടങ്ങിയവ ഇക്കൃതിയുടെ മോടികൂട്ടുന്ന ഘടകങ്ങളാണ്.

"അനന്തരത്നപ്രഭയാൽ വിചിത്രം
അനന്തനാഗസ്യ ഫണാസമൂഹം
അനന്തരം തത്ര മഹത്സമൂഹം
അനന്തരായം മരുവുന്ന കണ്ടാൽ."

ഇതിലെ യമകാലങ്കാരം

എത്രമാത്രം ശബ്ദഭംഗിക്കു മാററുകൂട്ടുന്നുവെന്നു കാണുക. ദ്വിതീയാക്ഷരപ്രാസം സർവത്ര ദീക്ഷിക്കുന്നതിനാൽ പ്രത്യേകം ഉദാഹരണം നൽകേണ്ടതില്ലല്ലോ!

“മയിലും കുയിലും മദം തുടങ്ങി
മുയലും മാനുകളും കളിച്ചു മേവി
മലയും നിലയും മരങ്ങൾ പുല്ലും
കലയും പന്നിയുമേററമുല്ലസിച്ചു.” ഈ ഭാഗം അനുപ്രാസത്തിന്നും ഉദാഹരിക്കാം.

കൽപ്പനാശക്തി, വാഗ്വിലാസം, മനോധർമ്മപ്രകടനം, ലോകനിരീക്ഷണപാടവം തുടങ്ങി ഒരു ഉത്തമകാവ്യത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ മിക്കതും ഈക്കൃതിക്കവകാശപ്പെടാം. മധുരപദാകലിതമായ മണിപ്രവാളശൈലിയാണ് ശ്രീകൃഷ്ണചരിതത്തിൽ കാണുന്നത്. നമ്പ്യാർക്ക് പിൽക്കാലകവനങ്ങൾക്ക് സ്വീകാര്യമായിത്തീർന്നതും “ഭാഷയേറി വരുന്ന നല്ല മണിപ്രവാള’മാണല്ലോ!

## 2. നളചരിതം കിളിപ്പാട്ട്

കുഞ്ചൻനമ്പ്യാരുടെ വേറൊരു ബാല്യകാല കൃതിയാണ് നളചരിതം കിളിപ്പാട്ട്. പ്രസിദ്ധമായ നളദമയന്തീകഥയാണു പ്രതിപാദ്യം. ‘മുദ്രാരാക്ഷസം’ നാടകത്തെയും കവി അവലംബിച്ചിട്ടുണ്ട്.

നമ്പ്യാരുടെ രചനാസൗകുമാര്യവും ഉല്ലേഖചാതുരിയും സമ്മേളിക്കുന്നുണ്ടിതിൽ. അദ്ദേഹത്തിന്റെ ഫലിതരസികത അങ്കുരാവസ്ഥയിൽ ഇതിൽ കാണാൻ കഴിയുന്നു. ദമയന്തി വിവാഹരംഗത്തേക്കു വരുമ്പോൾ അവിടെക്കൂടിയിരുന്ന രാജാക്കന്മാരുടെ ചേഷ്ടിതങ്ങൾ വർണ്ണിക്കുന്നതിൽ നല്ലപോലെ ഈ വസ്തുത വ്യക്തമാകുന്നുണ്ട്

“അവനിപതികുലമകുടതടമണി ഭഗീരഥൻ
ആകാശഗംഗയെക്കൊണ്ടുപോന്നീടിനാൻ
അവനഖിലപിതൃവിധികളും തത്തടിനിയിങ്കലേ
ആസ്ഥാവിശേഷേണ ചെയ്തുവാണീടിനാൻ”
എന്നിങ്ങനെ പോകുന്നു കുഞ്ചന്റെ കിളിപ്പാട്ടുരീതി.

പിൽക്കാലത്ത് തന്റെ കവിതയുടെ സവിശേഷതകളായി പരിണമിച്ച ഘടകങ്ങളിൽ മിക്കതും അങ്കുരാവസ്ഥയിൽ നളചരിത്തത്തിൽ കാണാൻ കഴിയും.

നമ്പ്യാർക്ക് ഫലിതപരിഹാസങ്ങൾ മാത്രമല്ല, സ്വാധീനമായിരുന്ന രസങ്ങൾ. കരുണവും ഹൃദയസ്പർശകമാംവിധത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്നത്, നളൻ ദമയന്തിയെ വിട്ടുപിരിയുന്ന ഭാഗത്ത് കാണാം.

"സാദരം നരേശ്വരൻ സാരസമുഖിയുടെ
പാദപങ്കജേ വീണു കേണിതു പലതരം
പ്രാണവല്ലഭേ, ശുഭേ നിന്നുടെ വിയോഗവും
പ്രാണഹാനിയും നമുക്കേതുമേ ഭേദമില്ല;
ഏണലോചനേ നിന്നോടൊന്നിച്ചു വസിക്കുമ്പോൾ
ക്ഷോണിയും ധനങ്ങളും പോയതിൽ ഖേദമില്ല."

കുഞ്ചന്റെ ആദ്യകാലകൃതിയിൽ സഹൃദയശ്രദ്ധയെ വളരെയേറെ ആകർഷിച്ചിട്ടുള്ള ഒരു മനോജ്ഞ കാവ്യമത്രേ, നളചരിതം കിളിപ്പാട്ട്.

### 3. പഞ്ചതന്ത്രം കിളിപ്പാട്ട്

നമ്പ്യാരുടെ ഉത്തമങ്ങളായ ഭാഷാകൃതികളിലൊന്നാണിത്. സംസ്കൃതത്തിലെ 'പഞ്ചതന്ത്ര'ത്തിന്റെ സംഗ്രഹരൂപത്തിലുള്ള ഒരു പരിഭാഷയാണിത്. എല്ലാ ഭാഗത്തിലെയും കഥകൾ നമ്പ്യാർ സ്വീകരിച്ചു കാണുന്നില്ല. (നാലും അഞ്ചും തന്ത്രങ്ങളിലെ ചില കഥകൾ ഉപേക്ഷിച്ചിട്ടുണ്ട്.)

പാടലീപുത്രത്തിലെ രാജാവായിരുന്ന സുദർശനന്റെ പുത്രന്മാർക്ക് രാജധർമ്മങ്ങൾ സോമശർമ്മാവ് എന്ന ബ്രാ

ഷ്മണൻ ഉപദേശിക്കുന്നു. ധർമ്മനീതികളെ ദൃഷ്ടാന്തങ്ങളായ കഥകളിലൂടെയാണ് സോമശർമ്മാവ് അവതരിപ്പിക്കുന്നത്. മിത്രഭേദം, സുഹൃത്ലാഭം, സന്ധിവിഗ്രഹം, ലബ്ധനാശം, അസംപ്രേക്ഷ്യകാരിത്വം എന്നു അഞ്ച് തന്ത്രങ്ങളിതിലുണ്ട്. കുട്ടികളിൽ സദസത്വിവേചനം ഉളവാകാൻ ഇക്കഥകൾ പ്രയോജനപ്പെടുന്നു.

പദാനുപദമായ തർജ്ജമയല്ല, ഇത്. കവി മൂലത്തിലെ ആശയം സ്വാംശീകരിച്ച് തൻെറ മനോധർമ്മം കലർത്തി ഭാഷയിൽ പ്രകാശിപ്പിക്കുകയാണു ചെയ്യുന്നത്.

ഒരുദാഹരണം,

"വിത്തവും സൗന്ദര്യവുമൊക്കെയുണ്ടെന്നാകിലും
വിദ്യയില്ലാതെ സുതനുണ്ടായാൽ സുഖമില്ല,
ദാനശീലത്വം കൊണ്ടും ശാസ്ത്രനൈപുണ്യംകൊണ്ടും
മാനനീയനാമൊരു പുത്രനുണ്ടാവാനിപ്പോൾ
പുണ്യവാന്മാർക്കേ മുററും സംഗതി വരൂ ധ്രുവം
പുണ്യഹീനന്മാർക്കു പുത്രനുണ്ടായാലവൻ
ഘോരമാം രോഗംപോലെ, ക്രൂരമാംവിഷംപോലെ
ദാരുണൻ മഹാപാപി തൻകുലം മുടിച്ചീടും."

ഇതിൻെറ മൂലം,

'നചാ വിദ്വാൻ രൂപദ്രവിണ ഗുണയുക്തോഽപിതനയ:'
"കോർത്ഥ പുത്രേണ ജാതേന യോനവിദ്വാൻ
നഭക്തിമാൻ?"

നമ്പ്യാരുടെ മനോധർമ്മം വ്യക്തമാണല്ലോ! സത്പുത്രലാഭം പുണ്യവാന്മാർക്കേയുണ്ടാകയുള്ളൂ. പുണ്യഹീനന്മാരുടെ പുത്രന്മാർ കുടുംബദ്രോഹികളായിത്തീരും. ഈ വരികളിലൂടെ സത്പുത്രലാഭം ശ്രേയസ്സിനു നിദാനമെന്ന് കവി വ്യക്തമാക്കുന്നു.

ഈ തരം ബാല്യകാലകവനങ്ങളിലെന്നതുപോലെ തന്നെ നമ്പ്യാരുടെ കാവ്യമുദ്രകൾ പഞ്ചതന്ത്രത്തിലും തെളിഞ്ഞു കാണുന്നുണ്ട്. പാടലീപുത്രത്തെ വർണ്ണിക്കുന്ന ഭാഗം നമ്പ്യാരുടെ വാചാലമായ വർണ്ണനയ്ക്കു നിദർശനമാണ്.

"പാടലീപുത്രമെന്നു നാമമാം മഹാപുരം
വാടകൾ കിടങ്ങുകൾ വാടികളങ്ങാടികൾ
നാടകാഗാരങ്ങളും നാഗരസ്ഥാനങ്ങളും
ഹാടകാലയങ്ങളും ഹസ്തിമന്ദിരങ്ങളും
ഘോടകാ വാസങ്ങളും ചേടികാഗേഹങ്ങളും
മാടവും മഹാമണി മേടകൾ മഠങ്ങളും
മാടുകൂടുകൾ മണിതോരണശ്രേണികളും
തോടുകൾ നദികളും കൂപങ്ങൾ കുളങ്ങളും
കേടുകൾകൂടാതുള്ള കേളീസൗധാദികളും
ചോട്ടകൾ നിറഞ്ഞുള്ള കേരവും ക്രമുകവും
വീടുകൾതോറും ധനധാന്യസംഭാരങ്ങളും"

പാടലീപുത്രത്തിലും കേരവും ക്രമുകവുംകൊണ്ട് നമ്പ്യാർ നിറയ്ക്കുന്നതു ശ്രദ്ധിക്കൂ!

ഫലിതപദപ്രയോഗചാതുരിയും മനോധർമ്മകുശലതയും ഇതിൽ സാമാന്യമായി കാണുന്നുണ്ട്. തൃതീയതന്ത്രത്തിലെ ഒരു കഥയിൽ അങ്ങാടിയിൽ നിന്ന് ആടിനെ വാങ്ങിക്കൊണ്ടു പോകുന്ന ബ്രാഹ്മണനെ കളിപ്പിക്കുന്നതു കേരളീയരാണു പോലും. മനോരാജ്യം അധികമുണ്ടായാലുണ്ടാകുന്ന അനർത്ഥത്തെ വിവരിക്കുന്ന അഞ്ചാം തന്ത്രത്തിൽ നമ്പ്യാരുടെ മനോധർമ്മത്തിനുദാഹരണം കണ്ടെത്താം.

രാജസേവയെക്കുറിച്ചുപറയുന്ന ഭാഗം നമ്പ്യാർക്കു രാജധാനികളിൽ ഉണ്ടായിട്ടുള്ള അനുഭവങ്ങൾ ദ്യോതിപ്പിക്കുന്നതാണ്.

"വംശശുദ്ധിയുമില്ല ബുദ്ധിയുമില്ല കണ്ടാൽ
വർക്കത്തു തെല്ലുമില്ല വിദ്യയുമൊന്നുമില്ല
അക്കണക്കുള്ള പുമാനെങ്കിലും തിരുമുമ്പിൽ
തക്കവും നോക്കി മൂക്കിൽ വിരലും തള്ളിനിന്നാൽ
മാനവന്മാർക്കു പാരം പക്ഷമായ് വരും ക്രമാൽ
അന്യസേവകന്മാരിലഗ്രഗണ്യനമേവൻ
ഇന്ദ്രനോടൊക്കും ഭവാൻ ചന്ദ്രനോടൊക്കുംസ്വാമി
എന്നെല്ലാം സ്തുതിച്ചുകൊണ്ടെപ്പൊഴും പിരിയാതെ
സന്നിധി പാർക്കുന്നവൻ പാർത്ഥിവന്നഭിമതൻ."

കൈമണികൊട്ടി രാജപ്രീതി നേടുന്നവരെ വരച്ചു കാണിക്കുകയാണ് കവി ഇവിടെ.

ഉചിതങ്ങളായ വളരെ ലോകോക്തികളും സാരോപദേശങ്ങളും ഈ കൃതിയിൽ കാണാൻ കഴിയും.

'ദിവ്യനെന്നാകിലും ഭവ്യനെന്നാകിലും
ദ്രവ്യമില്ലാഞ്ഞാൽ തരംകെടും നിർണ്ണയം
'പ്രാണിഹിംസനത്തോളമധർമ്മം മറെറാന്നില്ല
പ്രാണരക്ഷണത്തോളം ധർമ്മവും മറെറാന്നില്ല.'

ഇങ്ങനെ ബാലന്മാർ അറിയേണ്ടുന്ന വളരെയേറെ ഭാഗങ്ങൾ ഇതിലുണ്ട്. ബാലന്മാർക്കു വേണ്ടിയാണല്ലോ നമ്പ്യാരിതു തർജ്ജമ ചെയ്തതും.

## 4. ശിവപുരാണം കിളിപ്പാട്ട്

അഷ്ടാദശപുരാണങ്ങളിലൊന്നായ സ്കാന്ദപുരാണത്തിലെ ബ്രഹ്മോത്തരഖണ്ഡത്തിൻെറ ഭാഷാനുവാദമാണ് ശിവപുരാണം കിളിപ്പാട്ട്. (1) പഞ്ചാക്ഷരമാഹാത്മ്യം (2) ശിവരാത്രി മാഹാത്മ്യം. (3) ചതുർദ്ദശീമാഹാത്മ്യം. (4) ശനി

പ്രദോഷമാഹാത്മ്യം. (5) പ്രദോഷമാഹാത്മ്യം (6) സോമവാരവ്രതമാഹാത്മ്യം. (7) ശിവയോഗി കഥ. (8) ഭസ്മമാഹാത്മ്യം. (9) ശബരമാഹാത്മ്യം. (10) ഉമേശാനവ്രതമാഹാത്മ്യം (11) രുദ്രാക്ഷമാഹാത്മ്യം (12) കാശീമാഹാത്മ്യം എന്നിങ്ങനെ പന്ത്രണ്ട് ഉപാഖ്യാനങ്ങൾ ഇതിലുൾക്കൊള്ളുന്നു. ഇവയിൽ കാശീമാഹാത്മ്യം ബ്രഹ്മോത്തരഖണ്ഡത്തിലുള്ളതല്ല. സൂതൻ നൈമിശാരണ്യത്തിലെ മഹർഷിമാരോടു ഉപദേശിക്കുന്ന രീതിയിലാണു രചന

മനോഹരമായ ഒരു ഭാഷാകൃതിയാണിത്. രസാനുഗുണമാണു തർജ്ജമ. ശയ്യാഗുണത്തിൽ ഇക്കൃതി മികച്ചു നില്ക്കുന്നുണ്ട്. ഒരു സുഹൃത്തെന്നോണമാണ് കവിയുടെ നില. നമ്പ്യാരുടെ ഫലിതരസികത്വം കിളിപ്പാട്ടുകളിൽ പൊതുവെ ഗൂഢമായിട്ടാണു കാണുന്നത്. നമ്പ്യാരുടെ പരിഹാസവാസനയും ഇതിൽ സ്ഫുരിക്കുന്നുണ്ട്. പദസ്വാധീനതയുടെയും ലാളിത്യസാരസ്യങ്ങളുടെയും സമ്മേളനം നമുക്കു കാണാമിതിൽ. സോമവാരവ്രതത്തിൽ രാജസേവയെ വർണ്ണിക്കുന്നതു നമ്പ്യാരുടെ സഹജമായ ശൈലിയിലാണ്.

“ജ്യോതിഷക്കാരനും മന്ത്രവാദിക്കുമ-
ച്ചാതുര്യമേറുന്ന വൈദ്യനും വേശ്യയ്ക്കു-
മേതും മടിക്കാതെ വേണ്ടതു നൽകുവാൻ
ഭൂതലസ്വാമികൾക്കില്ലൊരു സംശയം
മററുള്ള ശാസ്ത്രങ്ങളെല്ലാം പണിപ്പെട്ടു
പററിച്ചുകൊണ്ടു നടക്കുന്ന ഭോഷനും
കൊററുമാത്രം പോലുമെങ്ങും കഴിവരാ”

അപഹരണപ്രിയന്മാരെയും പരിഹസിക്കുന്നു,

"കണ്ടതും കേട്ടതും കട്ടുകൊണ്ടന്നുതാ-
നുണ്ടാക്കിയൊരു പ്രബന്ധമെന്നിങ്ങനെ
കണ്ടളിക്കിൽ ചെന്നു ചേരുന്ന ദുഷ്ക്കവി-
കണ്ടകന്മാരെ സമക്ഷത്തൊരേടത്തു
കണ്ടുപോയെന്നാൽ കുളിച്ചുപുണ്യാഹാദി
കൊണ്ടുതന്നംഗം വിശുദ്ധമാക്കീടണം" എന്നിങ്ങനെ

ഒരു ബാല്യകാലകവനമാണിതെന്നാലും ഭാഷാവൃത്തങ്ങളിൽ നമ്പ്യാർക്കു നല്ല സ്വാധീനം ഉണ്ടായിക്കഴിഞ്ഞെന്ന് ഇക്കൃതി സൂചിപ്പിക്കുന്നു.

## 5. വിഷ്ണുഗീതഹംസപ്പാട്ട്

ഇത് 'വിഷ്ണുവിലാസ'മെന്ന സംസ്കൃതകാവ്യത്തിന്റെ സ്വതന്ത്രമായ ഭാഷാനുവാദമാണ്. രാമപാണിവാദനാണ് മൂലഗ്രന്ഥകാരൻ. വിഷ്ണുവിലാസത്തിൽ മഹാവിഷ്ണുവിന്റെ ഒമ്പതവതാരങ്ങളാണു പ്രതിപാദ്യം. എന്നാൽ വിഷ്ണുഗീത ഒരപൂർണ്ണകൃതിയാണ്. ആറവതാരങ്ങളെക്കുറിച്ചുള്ള കഥകളേ കാണുന്നുള്ളൂ—പരശുരാമാവതാരം വരെ. നമ്പ്യാരുടെ ഇതരകിളിപ്പാട്ടുകളോടു കിടനിൽക്കുന്ന ഒരു കൃതിയത്രേ ഇത്.

കിളിപ്പാട്ടുരീതിയിൽ എഴുതിയിട്ടുള്ള കിളിയെക്കൊണ്ടു കഥ പറയിക്കാത്തവയും മററു പക്ഷികളെക്കൊണ്ട് കഥ പറയിക്കുന്നവയുമായ ഗ്രന്ഥങ്ങളെയും സാഹിത്യചരിത്രത്തിൽ കിളിപ്പാട്ടുപ്രസ്ഥാനത്തിലാണുൾക്കൊള്ളിച്ചിട്ടുള്ളത്. വിഷ്ണുഗീത ഹംസത്തിന്റെ പാട്ടാണ്.

നമ്പ്യാരുടെ സഹജമായ ഫലിതരസം ഇതിൽ ആദ്യന്തം മേളിക്കുന്നു.

"കൽപന കേൾക്കാൻ നടക്കയോവേണ്ടു ഞാ—
നൽപം കൃഷിയുണ്ടതിനു ശ്രമിക്കയോ?
കുററംവരുമെന്നു പേടിച്ചു ഞാനെൻെറ
കൊററിന്നുകൂടെ ശ്രമിക്കുമാറില്ലഹോ
കൊററിന്നുപാരം മനസ്സുമുട്ടാകയാൽ
ചിററുപോയെന്നുടെയൊററവാളുള്ളതും
ഭോഷ്കല്ല പിന്നെപ്പണയത്തിലായെൻെറ
തോക്കുമോർക്കുമ്പൊഴിങ്ങെത്രയും സങ്കടം."

എന്നീ വരികൾ ഉദാഹരിക്കാവുന്നതാണ് ഫലിതപ്രയോഗത്തിന്.

ഇതിലെ ഭാഷാരീതി ഇതരകിളിപ്പാട്ടുകളിൽനിന്ന് വ്യത്യസ്തമല്ല. നമ്പ്യാരുടെ വ്യക്തിമുദ്രയായ ചില പദങ്ങൾ ഇതിലും കാണാൻ കഴിയുന്നുണ്ട്. തുള്ളൽക്കഥകളുടെ കർത്താവായ കുഞ്ചൻെറ കവനശേഷി ദൃശ്യമാണിക്കൃതിയിൽ. ദ്വിതീയാക്ഷരപ്രാസത്തിൻെറ ദീക്ഷ സർവ്വത്ര കാണാൻ കഴിയുന്നു.

## 6. പാർവ്വതീസ്വയംവരംപാന

ഈ പാനപ്പാട്ടും നമ്പ്യാരുടെ ഒരു ബാല്യകാലകവനമത്രേ. കുമാരസംഭവം കാവ്യവും പാർവ്വതീസ്വയംവരം പ്രബന്ധവും ആശ്രയിച്ചിട്ടാണ് ഈ കാവ്യം രചിച്ചിരിക്കുന്നത്. പേരു സൂചിപ്പിക്കുംപോലെ പാർവ്വതീവിവാഹമാണു വിഷയം.

നാലു പാദങ്ങളിലായിട്ടാണ് കാവ്യം നിബന്ധിച്ചിരിക്കുന്നത്. ഓരോ പാദത്തിൻെറയും അവസാനം കുറേഭാഗം തുള്ളൽവൃത്തമായ തരംഗിണിയിൽ നിബന്ധിച്ചിട്ടുണ്ട്.

കുഞ്ചന്റെ സ്വതസ്സിദ്ധമായ ഫലിതത്തിന്റെ പ്രവാഹം ഇതിൽ പല സന്ദർഭങ്ങളിലും ദൃശ്യമാകുന്നുണ്ട്. ദേവന്മാർ കാമദേവനെ ശിവന്റെ സമാധിക്കു ഭംഗം വരുത്തുവാൻ പ്രേരിപ്പിക്കുമ്പോറം മന്മഥൻ നൽകുന്ന മറുപടി ഫലിതരസം വഴിയുന്നതാണ്.

"പണ്ടു ദക്ഷന്റെ യാഗത്തിലൊക്കെയും
കണ്ടുനിങ്ങടെ ബാഹുപരാക്രമം
തിങ്കറംമൗലിഭഗവാനയച്ചൊരു
കിങ്കരോത്തമൻ വീരഭദ്രൻതന്റെ

തല്ലുകൊണ്ടു ശരീരംതകർന്നിട്ടും
പല്ലുപോയിട്ടും കണ്ണുപൊടിഞ്ഞിട്ടും
അല്ലൽപെട്ടങ്ങുമിങ്ങുമൊളിച്ചൊരു
നല്ലവീരന്മാരല്ലോഭവാന്മാരും

പാന്ഥനെക്കൊണ്ടു പാമ്പിനെക്കൊല്ലിച്ചാൽ
പാപമുള്ളതുപാന്ഥനിരിക്കട്ടെ,
എന്നു സംസാരം നിങ്ങറംനിരൂപിച്ചി-
ന്നെന്നെ ച്ചാടിച്ചു; ബോധിച്ചു ഞാനതും."

പാർവ്വതീപാണിഗ്രഹണത്തിനുപോകുന്ന ശിവനെക്കുറിച്ച് ഉർവ്വശി തുടങ്ങിയ സ്വർല്ലോകനാരിമാർ നടത്തുന്ന അസൂയാകലുഷിതമായ സംഭാഷണം നോക്കൂ. ഫലിതമയമായ ഈ സംഭാഷണം സാധാരണസ്ത്രീകളുടെ സംഭാഷണത്തെ ഓർമ്മിപ്പിക്കുന്നതുമാണ്.

"ഉൺമാനില്ലാത്തവന്നു കുമാരിയെ
സ്സമ്മാനിക്കുന്നതേതും ഗുണമല്ല
മററുള്ളോരെ ഭജിപ്പിക്കും ദേവനു
കൊററിനില്ലെന്നു ചൊല്ലുന്നതാരഹോ

എങ്കിലെന്തിന്നിരന്നു നടക്കുന്നു
തിങ്കൾ ചൂടുന്ന തമ്പുരാനെപ്പോഴും ?
ദാനം ചെയ്യും ജനത്തെപ്പരീക്ഷിപ്പാൻ
ദീനഭാവം നടിക്കുന്നു ശങ്കരൻ
വെണ്ണുനീറണിയുന്ന പുരുഷനെ
പ്പെണ്ണിനുണ്ടോ മനസ്സിൽ തെളിയുന്നു ?
വെണ്ണീറെങ്കിലും ചന്ദനമെങ്കിലും
കണ്ണിനാനന്ദമുണ്ടായാൽ പോരാതോ ?
കൂററനാകുന്ന വാഹനം ചേരുമോ ?
ഉററവർക്കെന്തു ചേർച്ചയില്ലാതുള്ളൂ?"

നമ്പ്യാരുടെ വർണ്ണനാപാടവത്തിന് മതിയായ ദൃഷ്ടാന്തങ്ങൾ പാർവതീസ്വയംവരം പാനത്തിൽ കാണാൻ കഴിയും.

"കന്നൽനേർമിഴിയാളായ ഗൗരിയും
തന്നുടെ സഖിമാരുമൊരുമിച്ചു
പന്നഗാകല്പനാകുന്ന ദേവന്റെ
പാദപങ്കജം പൂജിപ്പതിനായി
പുഷ്പഗന്ധജലാദി പദാർത്ഥങ്ങൾ
ശില്പമായിക്കരത്തിലെടുത്തുകൊ-
ണ്ടുൽപ്പലാക്ഷി പതുക്കപ്പതുക്കവേ
തൽപ്രദേശപ്രവേശം തുടങ്ങിനാൾ.
കെട്ടഴിഞ്ഞു കിഴിഞ്ഞ പുരികുഴൽ
ഒട്ടുകൈകൊണ്ടു താങ്ങിക്കൊണ്ടങ്ങിനെ
മട്ടലർബാണം തെണ്ടുന്ന വണ്ടുകൾ
കൂട്ടമോടേ കുസുമവനങ്ങളെ
ഒട്ടുമാദരിക്കാതെ വെടിഞ്ഞു കൊ-
ണ്ടെട്ടുദിക്കിന്നും വന്നു പറക്കവേ
മട്ടോലും മിഴിയാളുടെ പിന്നാലെ
വട്ടമിട്ടു പറന്നുനടക്കുന്നു."

പാർവതിയും സഖിമാരും ശിവഭജനത്തിനായി വനത്തി ലെത്തുന്നതിനെ വർണ്ണിക്കുകയാണു നമ്പ്യാർ. ഭാവനാഭാസു രമായ ചിത്രീകരണത്തിനിതു മകുടോദാഹരണമത്രേ.

## 7. ഭഗവദ്ദൂത് (പതിന്നാലു വൃത്തം)

കുഞ്ചൻെറ ബാല്യകാലകൃതികളിൽ പ്രമുഖമായ ഒന്നാ ണിത്. ശ്രീകൃഷ്ണൻ പാണ്ഡവർക്കുവേണ്ടി ദുര്യോധന നോട് നടത്തുന്ന ദൂതിനെ പതിന്നാലുതരം വൃത്തങ്ങളിലായി വർണ്ണിക്കുന്നു. ഇങ്ങനെ വിഭിന്നവൃത്തങ്ങൾ ഉപയോഗിക്കുന്ന തിനാലാണ് (പതിന്നാലു ഭാഗങ്ങൾക്കും പ്രത്യേകം വൃത്തം) പതിന്നാലു വൃത്തമെന്ന പേരിതിനുണ്ടായത്. എന്നാൽ മൂന്നും ഒൻപതും വൃത്തങ്ങളിലെ വൃത്തം ഒന്നുതന്നെയായ തിനാൽ യഥാർത്ഥത്തിൽ പതിമ്മൂന്നു ഭിന്നവൃത്തങ്ങളേ ഇതിൽ ഉപയോഗിക്കുന്നുള്ളു.

മേൽപ്പത്തൂർ നാരായണഭട്ടതിരിയുടെ 'ദൂതവാക്യം നാട കത്തെയും മഹാഭാരതത്തെയും ഉപജീവിച്ചാണ് നമ്പ്യാർ ഇക്കൃതി രചിച്ചിരിക്കുന്നത്. ഉപജീവ്യങ്ങളായ കൃതികളിൽ നിന്ന് തർജ്ജമ ചെയ്തു ചേർത്തിട്ടുള്ള ഭാഗങ്ങൾ യഥാർ ത്ഥത്തിൽ തർജ്ജമയെന്നു തോന്നുകയില്ല തിരിയിൽ നി ന്നു കൊളുത്തിയ പന്തംപോലെ ആ വക ഭാഗങ്ങൾ ജാജ്വല്യ മാനങ്ങളായി ഭവിക്കുന്നു. അന്യരുടെ ആശയങ്ങളെയും സ്വായത്തമാക്കി സ്വാനുഭവിച്ചതോയെന്നു തോന്നുമാറ് പ്രയോ ഗിക്കുവാൻ കുഞ്ചനുള്ള പ്രതിഭാശക്തി അനന്യസാധാരണ മാണ്.

പതിന്നാലു വൃത്തത്തിൽ നമ്പ്യാരുടെ പരിഹാസം നിര ങ്കുശത്വം മുതലായ ഗുണങ്ങൾ തെളിയുന്നുണ്ട്. പാണ്ഡവ ദൂതനായ ശ്രീകൃഷ്ണൻ കൗരവസഭയിലെത്തുമ്പോൾ

ആരും എഴുന്നേൽക്കുകയോ ആദരിക്കുകയോ ചെയ്യരുതെന്നു ദുര്യോധനൻ,

"വന്നാൽ ബ്ഭവാന്മാരെഴുന്നേൽക്ക വേണ്ടാ
നന്നായുറപ്പിച്ചിരുന്നീടവേണം.
സ്വർണ്ണം തരേണം പതുപ്പത്തുഭാരം
കർണ്ണന്നുമേതാനുമൊപ്പിക്കവേണം.
കണ്ണൻ വരുമ്പോളെഴുന്നേററു പോയാൽ
ദണ്ഡങ്ങളിത്ഥം" എന്നിങ്ങനെ ഉഗ്രശാസനം നൽകുന്നു. എന്നിട്ട് സിംഹാസനത്തിൽ അദ്ദേഹം ഞെളിഞ്ഞിരുന്നു. അപ്പോൾ,

"ഗോപാലരൂപൻ രമാകാന്തനപ്പോൾ
ശ്രീപാഞ്ചജന്യം മുഴക്കിപ്പതുക്കെ" രംഗപ്രവേശം ചെയ്യുന്നു. കൗരവസദസ്സിലെ അപ്പോഴത്തെ അവസ്ഥ,

ദൂരത്തു നിന്നങ്ങെഴുന്നള്ളുമപ്പോ-
ളാരാജലോകം കുലുങ്ങിത്തുടങ്ങി.
... ... ... ... ... ... ... ... ...
ആസ്ഥാനമദ്ധ്യേ വസിക്കും നൃപന്മാ-
രുത്ഥാനവും ചെയ്തു കുപ്പിത്തുടങ്ങി
... ... ... ... ... ... ... ... ...
മൂഢത്വമേറുന്ന നാഗദ്ധ്വജൻ താൻ
പീഠാഗ്രതോസ്സമമറിഞ്ഞങ്ങു വീണാൻ."

നമ്പ്യാർക്ക് ദുര്യോധനൻ വീണതും മതിയാകുന്നില്ല,

"സ്വർണ്ണം തരേണം നമുക്കെന്നുചൊല്ലി
കണ്ണും മിഴിച്ചങ്ങിരിക്കുന്ന നേരം
പൊണ്ണൻ മറിഞ്ഞങ്ങു വീഴുന്ന കണ്ടാൽ." എന്ന് കൈകൊട്ടിച്ചിരിച്ചിട്ടേ നമ്പ്യാർ നിറുത്തുന്നുള്ളൂ.

ചേതോഹരങ്ങളായ ധാരാളം വർണ്ണനകൾ ഇക്കൃതിയിലുണ്ട്. ശ്രീകൃഷ്ണൻ വിശ്വരൂപം പ്രദർശിപ്പിച്ചപ്പോൾ കൗരവസഭയിലുണ്ടായ കോലാഹലം നമ്പ്യാർ വർണ്ണിക്കുന്നതു നോക്കൂ.

"വിശ്വാധിനാഥനുടെ വിശ്വംനിറഞ്ഞ നിജ
വിശ്വാസരൂപമിതി കണ്ടോരു നേരമഥ
ദുശ്ശാസനാദി ബഹു ദുശ്ശീലവൃന്ദമിഹ
മോഹിച്ചുവീണു ഭുവി വിശ്വംഭരായ നമഃ
ക്ഷോണീതലേ സപദി വീണങ്ങുരുണ്ടു ചിലർ
തൂണെന്നപോലെ ചിലർ കാണായിനില്പതിഹ:
പ്രാണൻ വെടിഞ്ഞു ചിലർ നാണം വെടിഞ്ഞു ചിലർ
കേണു മഹാസഭയിൽ വിശ്വംഭരായ നമഃ
വില്ലും കളഞ്ഞു ചിലർ പല്ലും കടിച്ചു ചിലർ
മെല്ലെപ്പതിച്ചു ഭുവി കല്ലുംതകർത്തു ബത
വല്ലാതെ കൺമിഴിയുമെല്ലാം ചമഞ്ഞുമിഹ
ചൊല്ലാവതല്ല മമ വിശ്വംഭരായ നമഃ"

കൂടാതെ ശ്രീകൃഷ്ണന്റെ കേശാദിപാദവർണ്ണന, പാണ്ഡവരോടും പാഞ്ചാലിയോടും പ്രത്യേകം യാത്രാനുമതി ചോദിച്ചിട്ട്, അവരുടെ അഭിലാഷങ്ങൾ കേൾക്കുന്നതുമായ ഭാഗങ്ങളും ഹൃദയസ്പർശികളായ വർണ്ണനകളാണ്. ദ്രൗപ ശ്രീകൃഷ്ണനെ സമീപിക്കുന്നു.

"കമലാകാന്തന്റെ കാരുണ്യശീലന്റെ
കമനീയാംഗന്റെ കാമസമാനന്റെ
ഗമനസന്നാഹം കേട്ടു വിഷാദിച്ചു
കമനി പാഞ്ചാലി ദേവനാരായണ"

എന്നു തുടരുന്ന ഭാഗവും മനോഹരങ്ങളായ വർണ്ണനകൾക്കു നിദർശനങ്ങൾ.

ശ്രീകൃഷ്ണനോട് ധർമ്മപുത്രർ പറഞ്ഞയയ്ക്കുന്ന സന്ദേശത്തിൽ അനേകം ലോകനീതികളും ധർമ്മതത്വങ്ങളും ഉൾക്കൊള്ളുന്നുണ്ട്. 'രണം കൊണ്ടുവേണം സ്വരാജ്യസ്യ ലാഭം', എന്ന് ധർമ്മപുത്രരോടു ഉപദേശിക്കുന്ന ശ്രീകൃഷ്ണൻ പ്രവൃത്തിയുടെ മാഹാത്മ്യത്തെ വ്യക്തമാക്കുകയാണു ചെയ്യുന്നത്. കൗരവസഭയിൽ വച്ച് ദുര്യോധനാദികൾക്കു നൽകുന്ന സന്ദേശത്തിലെ ചില ഭാഗങ്ങളും ചിന്താമധുരങ്ങളായ തത്വങ്ങൾ തന്നെ.

"അംഭസ്സിലുള്ളോരു പോളയ്ക്കു തുല്യം
ഡംഭിച്ചു മേവുന്ന മർത്ത്യന്റെ വൃത്തം
സമ്പത്തുമാപത്തുമന്നന്നുദിക്കും."
"ജ്ഞാനം മനസ്സിങ്കലില്ലെന്നു വന്നാൽ
ഞാനെന്ന ഭാവം മുഴുത്തീടുമേററം."
"ലോകാധിപത്യം ഭവിക്കേണമെങ്കിൽ
ലോകാനുകൂല്യം വരുത്തീടവേണം." എന്നിങ്ങനെ.

വളരെയേറെ തത്വചിന്താശകലങ്ങൾ ഇക്കൃതിയിലങ്ങോളമിങ്ങോളം കാണാം.

ശ്രീകൃഷ്ണചരിതത്തിലെന്നതുപോലെ ഇതിലെയും ഭാഷാരീതി സംസ്കൃതപ്രചുരമാണ്. നമ്പ്യാർക്ക് സംഗീതത്തിലും വേണ്ട ജ്ഞാനം ഉണ്ടായിരുന്നുവെന്നതിന് ഇക്കൃതി സാക്ഷ്യം വഹിക്കുന്നു. ഏഴാം വൃത്തം ഹൃദയദ്രവീകരണശക്തിയിയററുന്നതാണ്. ശബ്ദാർത്ഥങ്ങളുടെ സാരള്യവും സംഗീതമധുരിമയും ഒത്തുചേർന്ന ഭഗവദ്ദൂത് പതിന്നാലുവൃത്തം കുഞ്ചൻനമ്പ്യാരുടെ ബാല്യകാലകവനങ്ങളിൽ ശ്രദ്ധേയമത്രേ.

## 8. രുക്മിണീസ്വയംവരം പത്തുവൃത്തം

കേരളത്തിൽ പ്രസിദ്ധങ്ങളായിത്തീർന്നിട്ടുള്ള പ്രാചീന തിരുവാതിരപ്പാട്ടുകളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുള്ള ഒരു കൃതിയാണ് രുക്മിണീസ്വയംവരം പത്തുവൃത്തം. ശ്രീകൃഷ്ണൻ രുക്മിണിയെ വിവാഹം ചെയ്യുന്ന കഥയാണ് പ്രതിപാദ്യം. നമ്പ്യാരുടെ ഫലിതപ്രയോഗപാടവത്തിനും സംഗീതവാസനയ്ക്കും നിദർശനമാണ് ഈ കൃതി.

പിൽക്കാലത്ത് കുഞ്ചൻെറ തുള്ളൽക്കഥകളുടെ സവിശേഷതയായിപ്പരിണമിച്ച ഫലിതം അതിൻെറ അങ്കുരാവസ്ഥയിൽ ഇതിലും കാണാൻ കഴിയും.

പഞ്ചമവൃത്തത്തിൽ ബലരാമൻ ദ്വാരപാലകന്മാരോട് ശ്രീകൃഷ്ണനെപ്പററി ചോദിക്കുന്നത്,

"എന്നുടെ സോദരൻ ശൌരിയെങ്ങുപോയി നാഥന്മാരേ!
നിങ്ങളാരുമറിയാതെ നീലവർണ്ണൻ പോകയില്ല."

എന്നിങ്ങനെയാണ്. രുക്മിണിയെ ഹരിച്ചുകൊണ്ടു കൃഷ്ണൻ വരണമണ്ഡപം വിട്ടിറങ്ങുമ്പോൾ ഭഗ്നാശയന്മാരായ രാജാക്കന്മാരുടെ ശകാരം ഉജ്ജ്വലമായിരിക്കുന്നു.

"വെണ്ണയും പാലും കവർന്നു ഭുജിക്കുന്ന
കണ്ണനിവണ്ണമഹോ! — നല്ല
പെണ്ണിനെക്കണ്ടു കൊതിച്ചു ചതിച്ചങ്ങു
കൊണ്ടുപോവാനാഗ്രഹം
ഗോരസമല്ലിതു ഗോപശിശോ തവ
ചോരണമോഹമയ്യോ— അതു
നീരസമായ് വരുമെന്നു ധരിക്കണ-
മിത്തരം ചെയ്തുകൊണ്ടാൽ."

വിവാഹാനന്തരം രുക്മിണിയുടെ ഇംഗിതത്തെ പരീക്ഷിക്കുവാൻ കപടഗോപാലൻ,

"പത്തുകാശിനുവകയെൻ കയ്യിൽക്കാണ്മാനില്ല
മത്തകാശിനിമാർ മൗലിമാലികേ! കേൾ" എന്നും

മററും തട്ടിവിടുന്ന അഭിപ്രായങ്ങൾക്ക് ആ ദേവി നൽകുന്ന സമാധാനങ്ങൾ മനോഹരങ്ങളത്രേ.

കാത്യായനീസ്തുതിപരമായ സപ്തമവൃത്തത്തിലെ ശബ്ദസൗന്ദര്യം ഭക്തിയെ, ഈശ്വരവിശ്വാസമില്ലാത്തവരിലും ആവേശിപ്പിക്കാൻ പര്യാപ്തമായ നിലയിലായിത്തീരുന്നുണ്ട്.

"ജയ ജയ ഭഗവതി! മായേ-ദേവി!
ജഗതിമധുരതരകായേ!
ജനനി! പരമശിവജായേ!-ഗൗരീ
കരതലവിലസിത വലയേ!-ദേവി!"

ഹൃദയ ദ്രവീകരണസമർത്ഥങ്ങളാണിവയെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ!

## 9 ശീലാവതി നാലുവൃത്തം

നമ്പ്യാരുടെ കൗമാരകവനമായി പ്രസിദ്ധമാണിതും. രുക്മിണീസ്വയംവരംപോലെ ഇതും ഒരു കൈകൊട്ടിക്കളിപ്പാട്ടാണ്. പതിവ്രതാരത്നമായ ശീലാവതിയുടെ കഥയാണ് പ്രതിപാദ്യം.

നമ്പ്യാരിൽ വികസ്വരമായിക്കൊണ്ടിരിക്കുന്ന പരിഹാസവാസനയുടെ അലകൾ അങ്ങിങ്ങു കാണാം. ലാവണ്യവതിയായ ഒരു സ്ത്രീയ്ക്ക് വൃദ്ധഭർത്താവിനോടു തോന്നുന്ന അനാസ്ഥ,

"ആക്കൊന്നും വേണ്ടീട്ടങ്ങോക്കാനിക്കുംപോലെ
യാക്കം കൂടാതെ നീ ചൊറുതന്നാൽ
രക്ഷിപ്പാനാഗ്രഹമുണ്ടാമോ? നീയെന്നെ
രക്ഷിപ്പാനാളല്ല ശീലാവതി
പത്തുനൂറായി വയസ്സു നമുക്കിപ്പോൾ
പത്തിക്കുനല്ല ചെറുപ്പകാലം
താടിനരച്ച പുരുഷനെക്കാണുമ്പോ–
ളോടിയൊളിച്ചിടുമംഗനമാർ.
താടിയും നമ്മുടെ മൂക്കുമായൊന്നിച്ചു
കൂടിഗ്ഗുണദോഷമെന്നേ വേണ്ടൂ.
വായിലൊരു പല്ലുമില്ലാത്ത വൃദ്ധനെ
സ്ഥായിയുണ്ടാകുമോ പെണ്ണുങ്ങൾക്ക്?"

എന്നിങ്ങനെ നമ്പ്യാർ വർണ്ണിക്കുന്നു.

നമ്പ്യാർക്കു പ്രിയതരങ്ങളായ ശൈലികളും ഉപമകളും ഇതിൽക്കാണാം. "ഫലനമില്ലാത്തൊരു പഞ്ഞിപോലെ", 'കൂട്ടിലിരിക്കും കിളിയെപ്പോലെ 'കൊന്നിട്ടമീനിന്നിരയിട്ടപോലെ', എന്നു തുടങ്ങി അങ്ങിങ്ങു പ്രത്യക്ഷപ്പെടുന്നു.

നമ്പ്യാരുടെ കവനശേഷി ബാല്യകാലത്തുതന്നെ വികസ്വരമായിക്കഴിഞ്ഞെന്നു ഈ ചെറു കവിത സൂചിപ്പിക്കുന്നു. ഈ കഥ "ചൊല്ലുന്നോർക്കും കേൾക്കുന്നോർക്കും സന്തതിയും നെടുമങ്ഗല്യവും സമ്പത്തുമേററമുണ്ടാകും" എന്നു കവി സ്ത്രീജനങ്ങളെ ഉപദേശിക്കുന്നു

ഇവകൂടാതെ വേറെ ചില കൃതികളും നമ്പ്യാരുടെ വകയായി ഉണ്ടെന്നു പറയപ്പെടുന്നു.

ഭാഷാഗവേഷകന്മാരിന്നും അവയുടെ കർത്തൃത്വത്തിൽ ഏകാഭിപ്രായക്കാരല്ല. ചില ആട്ടക്കഥകളും നമ്പ്യാരെഴുതിയിട്ടുള്ളതായി പറയുന്നുണ്ട്—പാലാഴിമഥനം ശംബരവധം ഇവയെക്കുറിച്ചൊന്നും ഈ പ്രകരണത്തിൽ ചർച്ചചെയ്തിട്ടില്ല. അതിനുള്ള കാരണം നേരത്തെ സൂചിപ്പിച്ചിട്ടുമുണ്ട്. നമ്പ്യാരുടെ മുഖ്യമായ കവിത തുള്ളൽക്കവിതയാണ്. അവയുടെ രചനയ്ക്കു മുൻപ് അദ്ദേഹം രചിച്ചിട്ടുള്ള കൃതികളെക്കുറിച്ചാണിവിടെ ചിന്തിച്ചിട്ടുള്ളത്. തുള്ളൽക്കഥകളുടെ സർവ്വാതിശായിയായ ജന്മത്തിനു ഈ മുൻകാലകവനങ്ങൾ ഹേതുഭൂതങ്ങളായിത്തീർന്നിട്ടുണ്ട്.

## അദ്ധ്യായം മൂന്ന്

# തുള്ളലും തുള്ളൽക്കവിതകളും

### തുള്ളൽപ്രസ്ഥാനം

തുള്ളൽ എന്ന കലാരൂപത്തിന്റെയും അതിന്റെ സാഹിത്യരൂപത്തിന്റെയും ആവിഷ്കർത്താവെന്ന നിലയിലാണു നാം കുഞ്ചൻനമ്പ്യാരെ അറിയുക. കുഞ്ചൻ അവതരിപ്പിച്ച ആ കലാരൂപത്തിന്റെ ആഗമത്തെക്കുറിച്ചാണിനി അന്വേഷിക്കേണ്ടത്.

തുള്ളലിന്റെ ആഗമത്തെക്കുറിച്ചന്വേഷിക്കുമ്പോൾ നാം എത്തിച്ചേരുന്നത്, നമ്പ്യാർ ചാക്യാരുമായി പിണങ്ങിയ 'ആ ഉറക്കംതൂങ്ങി കഥയിലാണ്. ആ കഥ നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ! ചാക്യാരോടുണ്ടായിരുന്ന പക നമ്പ്യാർ 'കല്യാണസൗഗന്ധികം' കഥ ഓട്ടംതുള്ളൽ രൂപത്തിൽ അവതരിപ്പിച്ചു തീർത്തു. ചാക്യാരുടെ പരാതി സ്വീകരിച്ച ദേവനാരായണസ്വാമി അമ്പലപ്പുഴ ക്ഷേത്രത്തിൽ നിന്ന് തുള്ളലിനെ പടികൊട്ടിപ്പുറത്താക്കി. അമ്പലപ്പുഴ ക്ഷേത്രത്തിൽ ഇപ്പോഴും തുള്ളൽ പതിവില്ലത്രേ!

നമ്പ്യാർ ഒരൊററ രാത്രികൊണ്ട് തുള്ളൽ നിർമ്മിച്ചു ചാക്യാരോടു പകരം വീട്ടിയെന്നത്, സാധാരണ ബുദ്ധിക്കു നിരക്കുന്നതല്ല. എന്നാൽ ആ കഥ പൂർണ്ണമായി തള്ളിക്കളയാൻ വയ്യതാനും. കാരണം, അമ്പലപ്പുഴക്ഷേത്രത്തിൽ തുള്ളൽ പതിവില്ല. കൂടാതെ കൂത്തിനോടു തള്ളലിനു കാണപ്പെടുന്ന കടപ്പാടും പരിഗണനയർഹിക്കുന്നു. അവിശ്വസനീയമായിട്ടുള്ളത്, ഒരൊററ രാത്രികൊണ്ട് തുള്ളൽ നിർമ്മി

ച്ചുവെന്നതു മാത്രമാണ്. എന്നാൽ ആ കലാവിദ്യ ആദ്യമായി അവതരിപ്പിച്ചതു കുഞ്ചനല്ല. അതിനുമുമ്പും തുള്ളലുകൾ ഉണ്ടായിരുന്നു. പ്രാകൃതമായ നാടോടിനൃത്തരീതിയിൽ നടപ്പുണ്ടായിരുന്ന അഭിനയസമ്പ്രദായത്തെ അദ്ദേഹം കാലോചിതമായി പരിഷ്ക്കരിച്ചു. വേഷവും വ്യവസ്ഥയും ഏർപ്പെടുത്തി. സാഹിത്യരൂപം പ്രത്യേകം സജ്ജമാക്കി. താളമേളങ്ങളും ഗാനരീതികളും നൽകി അതു നവീകരിച്ചു. അതുവരെയുണ്ടായിരുന്ന അഭിനയരീതികൾ പരിമിതമായിരുന്നു. പുതുമകൾ ധാരാളം പുതിയ നൃത്യവിശേഷത്തിലുണ്ടായിരുന്നു. ഇക്കാരണങ്ങളാലാണ് നമ്പ്യാർ ആവിഷ്ക്കർത്താവായിത്തീർന്നത്. വാസ്തവത്തിൽ നമ്പ്യാർ നേരത്തെ കരുപ്പിടിപ്പിച്ചിരുന്ന വിദ്യയെ തരം കിട്ടിയപ്പോൾ രംഗത്തവതരിപ്പിച്ചു. ഇങ്ങനെ കരുതുകയാണുത്തമം. ആ സാഹിത്യത്തിന്റെയും കലാരൂപത്തിന്റെയും ജനയിതാവായിത്തീർന്നു കലക്കത്തു കുഞ്ചൻനമ്പ്യാർ.

തുള്ളലിന് നൃത്തം, ഭൂതാവേശംകൊണ്ടുള്ള വിറയൽ, കോപം, ആട്ടം എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. തുള്ളികൊണ്ടുള്ള ഒരു നൃത്തഭേദമായതിനാൽ അതിനു തുള്ളൽ എന്നു പേരുവന്നു.

ചില പ്രത്യേകതരം തുള്ളൽസമ്പ്രദായങ്ങൾ പ്രാചീനകാലം മുതൽക്കേ കേരളത്തിൽ നടപ്പുണ്ടായിരുന്നു. മതാനുഷ്ഠാനപരങ്ങളാണവ ഏറിയകൂറും. മലയൻതുള്ളൽ എന്ന് വടക്കേ മലബാറിലും കോലംതുള്ളൽ എന്ന് തിരുവിതാംകൂർ കൊച്ചിപ്രദേശങ്ങളിലും പറയുന്നതായ ഭൂതംതുള്ളൽ, കണിയാന്മാർ നടത്തുന്ന കോലംതുള്ളൽ, കാവടിതുള്ളൽ, പാമ്പുംതുള്ളൽ തുടങ്ങി അനേകവിധം നൃത്തരീതികൾ തുടർന്നുവന്നിരുന്നു താഴ്ന്ന ജാതിക്കാരായ ആളുകൾ വിനോദപരമായ ചില പ്രാകൃതനൃത്തങ്ങളും നടത്താറുണ്ടായിരുന്നു.

'പടേനി'യെന്നു പറയുന്ന ഒരുതരം നൃത്തം ക്ഷേത്രങ്ങളിൽ നായന്മാർ നടത്തുക പതിവായിരുന്നു. അമ്പലപ്പുഴയിലും കുട്ടനാട്ടിലെ അറുപതുകരയിലും ഈ ഉൽസവം ആഘോഷിക്കാറുമുണ്ടായിരുന്നു. ചെറുപ്പം മുതൽക്കേ ഈ നൃത്തവിശേഷവുമായി അടുത്ത പരിചയം നമ്പ്യാർക്കുണ്ടായി. ഇതിലെ സാമൂഹ്യവിമർശനരീതി പരിഹാസം എന്നിവയിൽ തുള്ളലിനു ചേർച്ച കാണുന്നുണ്ട്. ഒരുപക്ഷേ ഈ കലാരൂപം തുള്ളൽ നിർമ്മിതിയിൽ നമ്പ്യാരെ സഹായിച്ചിരിക്കാം.

കൂത്തിനോടും പടേനിയോടുള്ളതുപോലെ ബന്ധം തുള്ളലിനുണ്ട്. ഉത്ഭവത്തെ കുറിക്കുന്ന ഐതിഹ്യം സൂചിപ്പിക്കുംപോലെ ചാക്യാരോട് നമ്പ്യാർക്കു പരിഭവം ഉണ്ടായിരുന്നതായി കരുതേണ്ട! 'ചന്തമേറിന ചാക്യാരുടെ കൂത്തുമൊരുവക തുള്ളലും', 'ആടച്ചാക്കിയാർക്കേ കോപ്പുവേണ്ടൂ.' തുടങ്ങിയ പ്രസ്താവങ്ങൾ നമ്പ്യാർക്കു കൂത്തിനോടുണ്ടായിരുന്ന ബന്ധത്തെയാണു കുറിക്കുന്നത്. വിദൂഷകനെപ്പോലെ വേഷം കെട്ടി രംഗത്തുവരുന്ന ചാക്യാരുടെ വേഷത്തിനും തുള്ളൽക്കാരന്റെ വേഷത്തിനും സാമ്യമുണ്ട്. കഥാഖ്യാനരീതിയിലുമുണ്ടിവയ്ക്ക് സാദൃശ്യം. കൂത്തിലാകട്ടെ, ചാക്യാർ പഴയ ആളുകളെ ഇന്നുള്ളവരായി പരിഗണിച്ച് കളിയാക്കുന്നു. നമ്പ്യാർ തനിക്കുമുമ്പിലിരിക്കുന്നവരെ പുരാണകഥാപാത്രങ്ങളാക്കി പരിഹസിക്കുന്നു. കൂത്തിലെപ്പോലെതന്നെ സംസ്കൃതശ്ലോകങ്ങൾ ചൊല്ലി വിശദീകരിക്കുന്ന രീതി കുറേശ്ശയായി തുള്ളലിലുമുണ്ട്.

കൂത്തുമായുണ്ടായിരുന്ന ബന്ധം അത് പരിഷ്കരിക്കാൻ നമ്പ്യാരെ പ്രേരിപ്പിച്ചിരിക്കാം. ചാക്യാരുടെ കൂടെ കഴിഞ്ഞതിൽ നിന്ന് സ്വായത്തമാക്കാൻ കഴിഞ്ഞ സംസ്കാരം തുള്ളലിനു സാഹിത്യസമ്പത്തു നൽകാനും മതിയാകാം.

ത്രൈവർണ്ണികരുടെ കൂത്തിനെ സംസ്കൃതത്തിൽ നിന്ന് മോചിപ്പിച്ച് വേഷഭൂഷാദികളിലും സംഭാഷണത്തിലും നാടത്തം കലർത്തി നമ്പ്യാർ മലയാളത്തിൽ പ്രയോഗിച്ച വിഭൂയത്രേ, തുള്ളൽ.

പടേനിക്കു ചില പേക്കഥകൾ ഉപയോഗിച്ചിരുന്നു. അവ പരിഷ്ക്കരിച്ചാണ് തുള്ളൽ നിർമ്മിച്ചതെന്നൊരു അഭിപ്രായമുണ്ട്. ശരിയല്ലിത്. അപൂർവം തുള്ളലുകളിൽ മാത്രമേ പേക്കഥകൾ കാണുന്നുള്ളു. തുള്ളൽക്കഥകൾ പുരാണകഥാപ്രതിപാദ്യങ്ങളാണ്. അവയ്ക്കിടയിൽ സന്ദർഭാനുസാരം നമ്പ്യാർ കോർത്തിണക്കിയവയാണീ പേക്കഥകൾ. ഒരുപക്ഷേ ഇവ കുഞ്ചൻെറ തുള്ളൽക്കഥകൾക്കു മുമ്പുണ്ടായിരുന്ന തുള്ളലുകൾക്കുപയോഗിച്ചിരുന്നിരിക്കാം.

**തുള്ളൽ മൂന്നുവിധം**:

ഓട്ടംതുള്ളൽ, ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നു മൂന്നുരീതിയിലുണ്ട്, തുള്ളൽ.

ഓട്ടംതുള്ളലെന്നതാണു ശരി, ഓട്ടൻതുള്ളലല്ല. ഓടിക്കൊണ്ടുള്ള തുള്ളൽ അഥവാ ദ്രുതകാലത്തിലുള്ള തുള്ളൽ എന്നർത്ഥം കല്പിക്കുകയാണു യുക്തം. (പാട്ടും അഭിനയവും വളരെ വേഗത്തിലാണിതിൽ).

കണിയാന്മാരുടെ കോലംതുള്ളൽ ആയിരിക്കാം, ഇതിൻെറ പൂർവരൂപം. ഇതര തുള്ളലുകളിൽ നിന്നും വേഷത്തിൽ പ്രത്യേകതയുണ്ട്. തലയിൽ കൊണ്ടകെട്ടുകയും കുരുത്തോലകൊണ്ട് കൊണ്ടയ്ക്കു ചുററും അലങ്കരിക്കുകയും ചെയ്യണം. കണ്ണും പുരികവുമെഴുതും. ഭുജങ്ങളിലും മണിബന്ധങ്ങളിലും കുരുത്തോലക്കടകം കെട്ടും. സർപ്പാകൃതിയിൽ കുരുത്തോലമാല മാറിലണിയണം. കാലിൽ ചിലങ്ക

കെട്ടും. കച്ചഞൊറിഞ്ഞുടുത്തുള്ള ഉടുത്തുകെട്ടാണു വേണ്ട ത്. പറയൻ, ശീതങ്കൻ എന്നീ തുള്ളലുകളെക്കാൾ വേഗത ഓട്ടംതുള്ളലിനുണ്ട്.

ശീതങ്കൻതുള്ളൽ പുലയജാതിക്കാരുടെ തുള്ളലിന്റെ പരിഷ്ക്കൃതരൂപമാണ്. കുട്ടനാട്ടിലെ പുലയർക്കിടയിൽ 'ശീതങ്കൻ' എന്നു പേരുണ്ട്. പ്രത്യേകിച്ചു പരാമർശിക്കു ന്നില്ല, കവി തുള്ളലുകളിൽ. പറയരുടെ പേരിൽ പറയൻ തുള്ളലുള്ളപ്പോൾ ഇതും ജാതിയുടെ പേരിൽ പേരു കൽപി ച്ചതാകാനാണു വഴി. പടേനിയിൽ ശീതങ്കൻ എന്നൊരു വേ ഷവുമുണ്ട്. ആ വേഷത്തിനും ശീതങ്കൻതുള്ളലിലെ വേഷ സമ്പ്രദായത്തിനും സാദൃശ്യമുണ്ട്. വേഷം നമ്പ്യാർ പടേനി യിൽ നിന്ന് എടുത്തതാകാം.

കിരീടം വൃത്താകൃതിയിലാണ്. തേപ്പും മിനുക്കുമില്ല, മുഖത്തിൽ. കണ്ണും പുരികവുമെഴുതും. പൊട്ട് വെളുത്ത താണ്. തലയിൽ കറുത്ത ഉറുമാൽകെട്ടും, കാലിൽ ചിലങ്ക യും. കുരുത്തോലമാല മാറിലണിയും. മാറിൽ കൊല്ലാരവും ഭുജങ്ങളിൽ തോൾപ്പൂട്ടുകളും മണിബന്ധത്തിൽ ഹസ്തകട കവുമണിയും. കച്ച ഞൊറിഞ്ഞുള്ള ഉടുത്തുകെട്ടാണിതിനും. ഗാനത്തിനും നൃത്തരീതിക്കും ഓട്ടനെക്കാൾ പതിഞ്ഞമട്ടാണ് കാണുന്നത്.

പറയൻതുള്ളൽ ആ ജാതിക്കാരുടെ തുള്ളലുകളെ പുര സ്ക്കരിച്ചുണ്ടായതാകാം. പറയുന്നവൻ അല്ലെങ്കിൽ വാചാ പ്രസംഗം നടത്തുന്നവൻ എന്നത്രേ, പറയൻ ശബ്ദത്തിനർ ത്ഥം. പറകൊട്ടുന്നവൻ പറയൻ എന്നും പറഞ്ഞുവരുന്നു.

'പാക്കനാരുടെ വംശമാകിന-
പാൽക്കടെക്കു പിറന്ന ഞാൻ
വാക്കിനാരൊടുമിന്നു കിഞ്ചന-
തോൽക്കയില്ലതു നിശ്ചയം'

എന്ന പ്രസ്താവന വാചാപ്രസംഗം നടത്തുന്നവൻ എന്ന അർത്ഥത്തിലാണ്. സമുദായത്തിലെ താഴ്ന്ന ജാതിക്കാരാണല്ലോ പറയർ. അവരുടെ വ്യക്തിത്വമുയർത്തിക്കാട്ടുവാൻ ആയിരിക്കാം നമ്പ്യാർ അവരുടെ നാമധേയത്തിൽ തുള്ളലുകൾ രചിച്ചത്.

ശീതങ്കനെക്കാൾ പതിഞ്ഞ രീതിയാണ് പറയനുള്ളത്. ശിരസ്സിൽ സർപ്പാകൃതിയിലുള്ളൊരു കിരീടം വയ്ക്കണം. കണ്ണും പുരികവുമെഴുതണം. കഴുത്തിൽ ഹാരം വേണം. സ്വർണ്ണത്തകിടുകൾ പതിച്ച കങ്കണങ്ങൾ ഭുജങ്ങളിലും മണിബന്ധങ്ങളിലും ധരിച്ചിരിക്കും. വലതുകാലിൽ മാത്രമേ ചിലങ്കയുള്ളൂ. ചുവപ്പുനിറത്തിലുള്ള പട്ടാണ് ഉടുക്കുന്നത്. തേപ്പും മിനുക്കുമില്ല.

തുള്ളലിന് സഹായികൾ അധികമില്ല ഒരു മദ്ദളക്കാരൻ. (തുള്ളലിൽ ഉപയോഗിക്കുന്ന മദ്ദളത്തിന് തൊപ്പിമദ്ദളം എന്നത്രേ പറയാറുള്ളത്) ഒരു താളക്കാരൻ ഒരു ശങ്കിടിക്കാരൻ ഇത്രയുംപേരേ വേണ്ടൂ. തുള്ളൽക്കാരൻ പാടുകയും മുദ്രകാണിക്കുകയും തുള്ളുകയും ചെയ്യും. ശങ്കിടി ഏററുപാടും.

**തുള്ളൽസാഹിത്യം**

തുള്ളൽക്കവിതകൾ തുള്ളൽ എന്ന ദൃശ്യകലാരൂപം അവതരിപ്പിക്കാൻ രചിച്ചവയാണ്. ഒരു കലാരൂപത്തെ സഹായിക്കുന്നതോടൊപ്പം അതൊരു സാഹിത്യപ്രസ്ഥാനവുമായി. ഫലിതപരിഹാസങ്ങൾക്കു മുൻതൂക്കം നൽകി രചിച്ചിട്ടുള്ള ഒരു കാവ്യശാഖയാണിത്. മണിപ്രവാളം, കിളിപ്പാട്ട്, പാന തുടങ്ങിയ സാഹിത്യശാഖകളിൽ പെരുമ കറിയതിനുശേഷം അദ്ദേഹം തുള്ളൽ എന്ന ഒരു നൂതനസാഹിത്യരൂപത്തിലേക്ക് തിരിഞ്ഞു.

കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കൃതികൾക്ക് ഉത്തമവിമർശനങ്ങൾ ഉണ്ടായിട്ടില്ല. അതിന്റെ പ്രധാനകാരണം കൃതികൾ ഏവയെന്നു തിട്ടപ്പെടുത്താൻ കഴിയാത്തതാണ്. പണ്ഡിതന്മാർ നമ്പ്യാരുടെ തുള്ളലുകൾ, മുപ്പത്തിമൂന്നു മുതൽ ഏൺപതിലധികം വരെയെന്ന് വ്യത്യസ്തമായി അഭിപ്രായം പുറപ്പെടുവിക്കുന്നു. നാൽപ്പത്തിഒന്ന്, നാൽപ്പത്തിരണ്ട് എന്ന പക്ഷങ്ങൾ പ്രബലങ്ങളാണ്, കൃതികളുടെ എണ്ണത്തിൽ. [തുള്ളലുകളുടെ പേരുകൾക്ക് അനുബന്ധം നോക്കുക].

അമ്പലപ്പുഴയിലും തിരുവനന്തപുരത്തും താമസിക്കുന്നതിനിടയിലാണ് കുഞ്ചൻ തുള്ളൽക്കഥകൾ രചിച്ചത്. ഓരോന്നിന്റെയും രചനാകാലം തിട്ടപ്പെടുത്താൻ സൂക്ഷ്മമായ തെളിവുകൾ കിട്ടാനില്ല.

## തുള്ളൽക്കഥകൾ

തുള്ളൽക്കവിതയ്ക്കു വേണ്ട കഥാവസ്തുക്കൾ നമ്പ്യാർ പുരാണേതിഹാസങ്ങളിൽ നിന്നാണു സ്വീകരിച്ചിരിക്കുന്നത്. തന്റെ മനോധർമ്മത്തിനനുസരിച്ച് അവയ്ക്കു ചില ഭേദങ്ങൾ അദ്ദേഹം വരുത്തുന്നുണ്ട്. തുള്ളൽക്കഥകളുടെ പ്രത്യേക ഉദ്ദേശ്യങ്ങൾ സാധിക്കാൻ സഹായകമായ രീതിയിലേ അദ്ദേഹം വ്യതിയാനങ്ങൾ വരുത്തുന്നുള്ളു. ഇത്തരം വ്യതിയാനം തുള്ളൽക്കവിതയ്ക്കു ഉത്കർഷമേ ഉളവാക്കിയിട്ടുള്ളൂ.

## നമ്പ്യാരുടെ കാലത്തെ സാമൂഹ്യജീവിതം

കുഞ്ചൻനമ്പ്യാരെ മലയാളത്തിലെ ആദ്യത്തെ ജനകീയ കവിയായാണു നാം കരുതുന്നത്. ഒരു സാമൂഹ്യപരിഷ്കർത്താവായിരുന്ന കവി എന്നതാണതിനു മുഖ്യഹേതു. പരി

ഷ്ക്കാരം നടത്തേണ്ട ആവശ്യം തന്റെ കാലഘട്ടത്തിലെ സാമൂഹ്യജീവിതത്തിലുണ്ടായിരുന്നുവോ? ഉണ്ടായിരുന്നു.

നമ്പ്യാരുടെ കാലത്ത് കേരളത്തിലെ സാമൂഹ്യസ്ഥിതി എപ്രകാരമായിരുന്നു ? അന്നിവിടം ചെറുരാജാക്കന്മാരെക്കൊണ്ടു നിറഞ്ഞിരുന്നു. അവരോ, പരസ്പരം കലഹിച്ചും കഴിഞ്ഞുവന്നു. ശ്രീ വീരമാർത്താണ്ഡവർമ്മ 'വിശാലതിരുവിതാംകൂർ കെട്ടിപ്പടുക്കുംവരെ ഈ ദുഃസ്ഥിതി നിലനിന്നു. നശിച്ചുപോയവരും നശിച്ചുകൊണ്ടിരുന്നവരുമായ നാടുവാഴികളെ ആശ്രയിച്ചുവന്ന നായർയോദ്ധാക്കൾക്ക് തൊഴിലില്ലാതായി. അധികാരവും പ്രമാണിത്വവും വച്ചു പുലർത്തിയിരുന്ന അക്കൂട്ടർ ദുരഭിമാനംകൊണ്ടു തൊഴിൽ ചെയ്യാൻ മനസ്സില്ലാത്തവരായി. പഴയ സുഖലോലുപജീവിതം സ്വപ്നംകണ്ടുകൊണ്ടവർ അലസരായിക്കഴിഞ്ഞുകൂടി. ഭരണസമ്പ്രദായത്തിലും മാററങ്ങളുണ്ടായി. രാജാവിനും മന്ത്രിക്കും അവരെ ചുററിപ്പററിനിൽക്കുന്ന സേവകർക്കും മാത്രമായി അധികാരം. അതുവരേയ്ക്കും ഏകദേശമായ ഒരു ജനായത്തഭരണസമ്പ്രദായമായിരുന്നു ഉണ്ടായിരുന്നത്. സേവ, കൈക്കൂലി, ശുപാർശ എന്നിവയ്ക്കു പ്രാബല്യമുണ്ടായി. സന്മാർഗികസീമകൾ അതിലംഘിക്കപ്പെട്ടു. സാമൂഹ്യജീവിതം താറുമാറായിത്തീർന്നു.

സാഹിത്യത്തിലോ ? വ്യത്യസ്തമല്ലായിരുന്നു സ്ഥിതിഗതികൾ. ഗാഥയ്ക്കും കിളിപ്പാട്ടിനുംശേഷം കഥകളി അരങ്ങേറി കലാലോകത്തും കാവ്യലോകത്തും ആ ക്ലാസിക് കലാരൂപം കൊടികുത്തി സാധാരണക്കാർക്ക് അപ്രാപ്യമായിരുന്നു കഥകളിരംഗം. കൂത്തുപോലും സാധാരണ ജനങ്ങളുടെ വിനോദമണ്ഡലത്തിനപ്പുറമായിരുന്നു നിന്നിരുന്നത്. പൊതുവേ സാഹിത്യവും കലാലോകവും ഫ്യൂഡലിസ്ററു

വ്യവസ്ഥിതിക്കടിമപ്പെട്ടുകഴിഞ്ഞിരുന്നു. നാടുവാഴികളും പ്രഭുക്കന്മാരുമായിരുന്നു കലാകാരന്മാരെ പ്രോൽസാഹിപ്പിച്ചിരുന്നത്. ആയതിനാൽ അവർക്കു രുചിക്കുംവിധത്തിൽ കലാസൃഷ്ടി നടത്തേണ്ടിയിരുന്നു, കലാകാരന്മാർക്ക്. സാമാന്യജനങ്ങളെ ആരും ശ്രദ്ധിച്ചില്ല. സാമൂഹ്യമായും സന്മാർഗികമായും അധഃപതിച്ച ഒരു കാലം. സാഹിത്യവും മേലാളരുടെ പിടിയിൽ അമർന്നിരുന്ന ആ കാലം. തികച്ചും ദുഷിച്ചുനാറിയിരുന്നു സാമൂഹ്യഘടന. ഇതിനെല്ലാമൊരറുതി വരുത്തുകയായിരുന്നു നമ്പ്യാരുടെ ഉന്നം. അതിനുവേണ്ടി സാധാരണ ജനമനോരഞ്ജകവും ദുഷ്പ്രവണതാവിമർശനപരവും ആയ ഒരു കലാരൂപവും അതിനാലംബമായൊരു സാഹിത്യരൂപവും മെനഞ്ഞുണ്ടാക്കി—അവയത്രേ തുള്ളലും തുള്ളൽക്കവിതകളും.

**കുഞ്ചൻെറ ഭാഷ**

"കോൽത്തേനോലേണമോരോപദമതിനെ-
നറുംപാലിൽ നീരെന്നപോലെ
ചേർത്തീടേണം വിശേഷിച്ചതിനൊരലങ്കാര-
മുണ്ടായ് വരേണം
പേർത്തും ചിന്തിക്കിലർത്ഥം നിരുപമ-
രുചിതോന്നേണമെന്നിത്രവന്നേ
തീർത്തീടാവൂ ശിലോകം ശിവ! ശിവ!-
കവിതാരീതി വൈഷമ്യമത്രേ."

ഇതിൽ നിന്ന് കാവ്യകലാസ്വരൂപത്തെപ്പറ്റി നമ്പ്യാർക്കുണ്ടായിരുന്ന സുചിന്തമായ അഭിപ്രായം വ്യക്തമാകുന്നുണ്ട്. ഈ വസ്തുത തികച്ചും തൻെറ കവിതയ്ക്കു യോജിക്കുന്നുണ്ടെന്ന് അദ്ദേഹത്തിൻെറ കവിതയെ അപഗ്രഥിച്ചു നോക്കിയാൽ മനസ്സിലാകും.

നമ്പ്യാർ തുള്ളൽ കാണുവാനും രസിക്കുവാനും വന്നിരിക്കുന്ന സാധാരണക്കാരായ ആളുകൾക്ക് മനസ്സിലാകുന്ന ഭാഷയിൽ കഥ പറയാനാണു ശ്രമിച്ചത്. ഭാഷ അത്രമാത്രം ലളിതമാക്കാൻ ശ്രമിക്കുന്നുണ്ടദ്ദേഹം. ഇടയ്ക്കു സംസ്കൃതശ്ളോകങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ലളിതമായ ഭാഷയിൽ അവയ്ക്കു വ്യാഖ്യാനം നൽകുന്നുണ്ട്.

"ഭടജനങ്ങളുടെ നടുവിലുള്ളൊരു-
പടയണിക്കിഹചേരുവാൻ
വടിവിയന്നൊരു ചാരുകേരള-
ഭാഷതന്നെ ചിതംവരൂ"

എന്ന് ഈ അഭിപ്രായംതന്നെ മറെറാരിടത്തു വ്യക്തമാക്കുന്നുണ്ട്.

"ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ
ഭൂഷണം വരുവാനുമില്ല, വിശേഷഭൂഷണമായ്‌വരും
വേഷസംഗതിയോടു ചേർന്നൊരു ഭാഷവേണമ-
തെങ്കിലോ-
ശേഷമുള്ള ജനത്തിനും പരിതോഷമെന്നുവരൂ ദൃഢം."

ഭാഷാശബ്ദങ്ങൾ ഏറുന്ന മണിപ്രവാളത്തിൻെറ പ്രത്യേകതയെന്തെന്നും കലാരൂപത്തിനനുരൂപമായ ഭാഷയുടെ ഗുണം എത്രയെന്നും ഈ വരികളിലൂടെ അദ്ദേഹം വെളിവാക്കുന്നു. ശ്രീകൃഷ്ണചരിതാദികാവ്യങ്ങളിൽ മണിപ്രവാളമുപയോഗിച്ചിരിക്കുന്നതിൽനിന്നും നമ്പ്യാർക്കു നേരത്തെ മുതൽ മണിപ്രവാളത്തിനോടുണ്ടായിരുന്ന പഥ്യം എത്രമാത്രമെന്നുംറിക്കാമല്ലോ! എന്നാൽ അമ്മാതിരി കാവ്യങ്ങളിലെ മണിപ്രവാളരീതിയെക്കാൾ കുറേക്കൂടി ലാളിത്യമുള്ള രീതിയാണു തുള്ളലുകളിൽ കാണുന്നത്.

എന്തും വിസ്തരിച്ചു പറയുകതന്നെ ചെയ്യും നമ്പ്യാർ. സ്യമന്തകംതുള്ളലിൽ മണിയുടെ അപഹരണകഥ പറയുന്നത് ഇതിനുദാഹരിക്കാം.

"അവരതിഗൂഢം ചിലരൊടുചൊല്ലി
അവരും ചിലരൊടുചെന്നുപറഞ്ഞു.
അവരപ്പോളതു പലരൊടുചൊല്ലി,
അവരതുമൊക്കെ നടന്നുപറഞ്ഞു;
ഇരുവരുകൂടിനടക്കുന്നേരം
ചരിതമിതൊന്നേ കേൾപ്പാനുള്ളു;
കുരളപറഞ്ഞുനടന്നുവരുന്നൊരു
വിരുതന്മാർക്കൊരുവകയുണ്ടായി.
ചെവിയിൽ ചിലരുപറഞ്ഞുതുടങ്ങി
ചിലരതുകേൾപ്പാൻ ചെന്നുതുടങ്ങി
ചെവിപൊത്തിച്ചിലർ നിന്നുതുടങ്ങി
ചിലരതുകേട്ടു ചിരിച്ചുതുടങ്ങി;
ബാലന്മാരും വൃദ്ധന്മാരും
യൗവനമുള്ളൊരു ഭവ്യന്മാരും
കളമൊഴിമാരും കന്യകമാരും
വൃഷളികളും ചില വിഷരൂപികളും
ചിത്തഗുണത്തിന്നൊത്തതുപോലെ
തത്ത്വമിളച്ചുംപറഞ്ഞുതുടങ്ങി."

സ്യമന്തകം ഓട്ടംതുള്ളൽ.

അപവാദങ്ങൾ പ്രചരിപ്പിക്കുന്നത് സാധാരണക്കാരാണ്. അവരുടെ പെരുമാററത്തെക്കുറിച്ചുള്ള ഭാഷ സാമാന്യേതരമാവരുതല്ലോ!

സന്ദർഭത്തിനനുയോജ്യമായ ഭാഷ ഉപയോഗിക്കാൻ കുഞ്ചൻെറ കെൽപ്പ് തുള്ളലുകളിൽ എമ്പാടും കാണാൻ കഴിയും. അങ്ങാടിയിലും അരമനയിലും ഒരേഭാഷ പോരല്ലോ?

ഈ തത്വം നമ്പ്യാർക്കു നല്ലവണ്ണം അറിയാമായിരുന്നു. നാടൻ കഥാപാത്രങ്ങൾക്കു സ്ഥാനം തുള്ളലുകളിൽ ധാരാളമാണല്ലോ! അവരുടെ ഭാഷയോ തനി നാടനും.

"കഞ്ഞികുടിപ്പാനില്ലെന്നാലും
കണ്ടാൽ വർക്കത്തുള്ളവനെന്നാ—
ലിങ്ങനെകൊള്ളാമതുമില്ലാഞ്ഞാ—
ലെങ്ങിനെ പെണ്ണിനു തലപൊങ്ങേണ്ടു."
... ... ... ... ... ... ... ...
"മാക്കാച്ചാരുടെ മകളോടുകൂടെ
കാക്കരനായരു ചേർച്ചതുടങ്ങി;
പോക്കിരിയവനൊരു ചെണ്ടപിണഞ്ഞു;
പത്തുപണത്തിനു പാതിപ്പുടവയെ—
യെടുത്തുകൊടുത്തു പടയ്ക്കുംപോയി."

സീതാസ്വയംവരം.

കഥാപാത്രങ്ങൾ അവരുടെ സംസ്കാരത്തിനും നിലവാരത്തിനും അനുസരിച്ചു പെരുമാറുകയും സംസാരിക്കുകയും വേണമെന്ന നിർബന്ധം നമ്പ്യാർക്കുണ്ട്. പട്ടർ പൊട്ടത്തമിഴിലും,

"കാക്കരെയാനവനെങ്കപ്പോനാൻ?
കച്ചയെടുത്ത പണത്തെത്താരും;
പണമില്ലാട്ടാപ്പണയം താരും;
പട്ടരു കിട്ടേ വാരുംപെണ്ണേ!"

ഗോസായി ഹിന്ദുസ്ഥാനിയിലും നമ്പൂതിരി സംസ്കൃതപ്രാകൃതങ്ങളിലും ആണ് സംസാരിക്കുന്നത്. പ്രൗഢരായ പാത്രങ്ങൾ സംസാരിക്കുമ്പോൾ, ശ്രോതാവും പ്രൗഢനെങ്കിൽ ശൈലിയിലും കാണുമാപ്രൗഢി. 'രാമാനുചരിത'ത്തിൽ ശ്രീകൃഷ്ണൻ ഗരുഡനോടു സംസാരിക്കുന്നതു നോക്കൂ.

"ഗരുഡാ! വരിക സമീപേ സുമതേ
കദളീവനത്തിലിരിക്കുന്നുണ്ടിഹ
കദന*വിചക്ഷണനാകിയ ഹനുമാൻ
മദനാന്തകനുടെ ബീജമവൻ ദശ–
വദനപുരത്തെ ദഹിപ്പിച്ചോരുവൻ
രഘുനായകനുടെ ഭക്തൻ മാരുതി
ലഘുതരലംഘിത ലവണസമുദ്രൻ
സുഗ്രീവപ്രിയനംഗദസേവിത–
ശഗ്രീവൻെറ കപോലസ്ഥലമതി–
ലുഗ്രനഖാവലി കുലിശകരാളക–
രാഗ്രംകൊണ്ടടികൂട്ടിയ വീരൻ."
അക്ഷകുമാരനെ വിരവൊടു തന്നുടെ
കക്ഷംതന്നിലമർത്തി ഞെരിച്ചു വ–
ധിച്ചു വിചക്ഷണനായ് മരുവീടിന
മാരുതസുതനുടെ വീക്ഷണമായതു
പാരാതിങ്ങു ലഭിച്ചീടേണം.
ദക്ഷനതായ ഭവാനതിനധുനാ
പക്ഷികുലോത്തമ! പോയ്‌വരേണം"

സന്ദർഭത്തിനനുസരിച്ച് നാടകീയമായിരിക്കണം നമ്പ്യാർക്കെന്തും. സംസാരിക്കുന്ന ആൾ ഗംഭീരനായാലും സാധാരണക്കാരോടാണു സംസാരിക്കുന്നതെങ്കിൽ ഭാഷ സാധാരണക്കാരുടേതാകും. 'ഘോഷയാത്ര'യിൽ ദുര്യോധനൻ ഓട്ടനോട്,

"ഓട്ടമകം പുറമില്ലാതുള്ളൊരു
യഷ്ടീ! നില്ലു നിനക്കെന്തറിയാം?

---

* കദനം—യുദ്ധം

നിന്നോടവരുടെ ഗുണദോഷങ്ങളി-
ലൊന്നും ഞാനിഹ ക്ലേശിച്ചീല*
ഒന്നിനയച്ചാലക്കഥമാത്രം
വന്നുപറഞ്ഞീടുകിലതുപോരും."

എന്നിങ്ങനെയാണു സംസാരിക്കുന്നത്.
സഭാപ്രവേശത്തിൽ അനുജന്മാരോടു സംസാരിക്കുമ്പോൾ,

"ധൂർത്തരാഷ്ട്രം പ്രവേശിപ്പു നമ്മളൊന്നു-
ഗ്രഹിക്കേണം
കീർത്തിഭംഗം വരാതെകണ്ടിപ്രദേശങ്ങളെയെല്ലാം
പാർത്തു കണ്ടുംകൊണ്ടുവെക്കമെങ്ങുതന്നെ-
ഗമിക്കേണം.
അബദ്ധങ്ങളൊന്നു കാട്ടാതിരിക്കേണമനുജന്മാർ
അവസ്ഥാനങ്ങളിൽ ചെന്നു ചാടിയാൽ-
ദൂഷണമുണ്ടാം
അവസ്ഥാദേശകാലങ്ങളറിഞ്ഞേ സഞ്ചരിക്കാവൂ"

എന്നിങ്ങനെ ഗൗരവമുള്ളതായിത്തീരുന്നു.

സന്ദർഭത്തിനനുസരണമായി ഭാഷാരീതി മാററുന്ന നമ്പ്യാർ തനിസ്സംസ്കൃതത്തിൽമാത്രം സംഭാഷണം നടത്തിക്കുന്ന ഭാഗങ്ങളും കുറവല്ല. കാർത്തവീര്യാർജ്ജുനവിജയത്തിൽ ശിവപൂജ നടത്തിക്കൊണ്ടിരിക്കുമ്പോൾ രാവണൻ തന്റെ മന്ത്രിയായ പ്രഹസ്തനോടു സംസ്കൃതത്തിലാണു സംസാരിക്കുന്നത്.

"അർജ്ജുനസ്യ മയി കിം ബഹുമാനം
നാസ്തി തസ്യ ബഹുകഷ്ടമിദാനീം
ദുർജ്ജനസ്യ ഗുണദോഷവിചാരം
ദുർല്ലഭോ ജഗതി കിം കഥനീയം!

---

* ക്ലേശിക്കുക — ചോദിക്കുക

ശാസനം മമ നിശമ്യദുരാത്മാ
ഹാസമേവ കൃതവാനവിവേകീ
... .... ... ... ... ... ... ... ...
... ... ... ... ... ... ... ... ...
ചന്ദ്രഹാസ ഭുജഗാമിഷമേനം
കൽപ്പയാമി നഹി സംശയമദ്യ."

ഇതെന്തുകൊണ്ടെന്നോ ?

"ഭാഷകൊണ്ടു ശിവപൂജനമല്ലോ—
ഭാഷണം വലിയ ദൂഷണം..." ആയതുകൊണ്ടാണ് നമ്പ്യാർ രാവണനെക്കൊണ്ടു സംസ്കൃതത്തിൽ ഭാഷിപ്പിക്കുന്നത്. കൂടാതെ ചുരുക്കം സന്ദർഭങ്ങളിൽ തന്റെ സംസ്കൃതഭാഷയിലുള്ള വിജ്ഞാനം കലർന്നിട്ടുള്ള ഭാഗങ്ങളും കുറവല്ല.

"രുദ്രാക്ഷങ്ങൾ ശിരസ്സിൽകണ്ഠേ
വക്ഷസികർണ്ണേ കരയുഗളേപി ച."

പ്രദോഷമാഹാത്മ്യം.

"കുത്രചിദരികടെവാക്കുകളും
കുഹചന പല പല വാക്കുകളും"—

ഹരിണീസ്വയംവരം.

"സപദി സരസിജവദനയാകിയ രാജ്ഞിയോടു—
സഹാവസൻ
സ്വപതി പഞ്ചകനിയതിയുടെ ഹതവിതതി—
യോർത്തു ശുചൈവ സാ."

'കീചകവധം.

ഇമ്മാതിരി ഉത്തമമണിപ്രവാളത്തിനു വിരുദ്ധമായ പ്രയോഗങ്ങളും കുഞ്ചന്റെ നിരങ്കുശത്തെയാണു പ്രകടമാക്കു

ന്നത്. 'ഭാഷയാൎപ്പറവാനുമടിയനു സംസ്കൃതത്തിലു മൊന്നുപോൽ തുടങ്ങിയ പ്രസ്താവന തനിക്കു സംസ്കൃതത്തിലും കവിതയെഴുതുവാൻ കഴിയുമെന്ന് നമ്പ്യാർതന്നെ സൂചിപ്പിക്കുന്നുമുണ്ട്.

വ്യാകരണനിയമങ്ങളെ അനുസരിക്കാതിരിക്കൽ, സംസ്കൃതരീതിയിലുള്ള പ്രയോഗങ്ങൾ, ചില വിശേഷപ്പെട്ടതരം പ്രയോഗങ്ങൾ ഇവയെല്ലാം നമ്പ്യാർക്കു രുചികരമാണ്. എന്നാൽ 'ഉൗട്ടുള്ളേടത്തെ ങ്ളുക്കില്ല' എന്നതുപോലെ സംസ്കൃതവ്യാകരണനിയമം ഉപയോഗിച്ച് കഥാപാത്രത്തെക്കൊണ്ടു സംസാരിപ്പിക്കാനും കുഞ്ചനു മടിയില്ല. എവിടെയും നിരങ്കുശത്വമാണ് കുഞ്ചനു പ്രിയം.

വളരെയേറെ ഗ്രാമീണപ്രയോഗങ്ങൾ കുഞ്ചൻ തുള്ളലുകളിൽ ഉപയോഗിക്കുന്നുണ്ട്. അതുപോലെതന്നെ പ്രചാരലുപ്തങ്ങളായ പദങ്ങളും.

ഉദാ:—

" 'പോക്കും' പിന്നെ സ്ത്രീജനസംഗം "—<br>പ്രദോഷമാഹാത്മ്യം<br>" 'നാണിയ'മങ്ങു നടത്തിക്കൊള്ളും "—കിരാതം<br>" 'ചാക്കു'മാത്രം പുനരാർക്കും ലഭിച്ചീല. "—<br>കല്യാണസൗഗന്ധികം<br>" കൂത്തിങ്കലേതൂ 'മിട'യില്ല ഭോഷന്. "—<br>ഹരിണീസ്വയംവരം.

കുഞ്ചൻനമ്പ്യാരുടെ കൈയിൽ വരുമ്പോൾ 'അട്ടഹസിച്ചു' എന്നത് 'അട്ടാസിച്ചു' എന്നും 'കളിക്കാനും കുളിക്കാനുമുള്ള കുളം' 'കളികുളി കുളം' എന്നും 'പൊട്ടിച്ചിരിച്ചു' എന്നതു 'പൊട്ടിപ്പരിചിനൊടൊന്നു ചിരിച്ചു' എന്നി

ങ്ങനെയും ആയി മാറുന്നു. കാട്ടാളനെക്കൊണ്ടദ്ദേഹം. 'കാട്ടിട ച്ചാടി ത്തോട്ടുടെയോടിവാ' എന്ന രീതിയിൽ തനി പ്രാകൃത ത്തിലും ഭാഷിപ്പിക്കുന്നു.

കുഞ്ചൻെറ ഭാഷയിലെ മററൊരു പ്രത്യേകത അതിൽ കാണപ്പെടുന്ന ലോകോക്തികളുടെയും പഴഞ്ചൊല്ലുകളു ടേയും ആധിക്യമാണ്. ജനസാമാന്യം ആദികാലംതൊട്ട് ഉപയോഗിച്ചുവരുന്ന സാരഗർഭങ്ങളും ഹ്രസ്വങ്ങളുമായ പ്രയോഗങ്ങളാണു പഴഞ്ചൊല്ലുകൾ കവിതയിലാകുമ്പോൾ ഇവയുടെ ശക്തിയൊന്നു വേറെ തന്നെയാണ്. ഇവയെ നമ്പ്യാരെപ്പോലെ കവിതയിലുപയോഗിച്ചിട്ടുള്ള കവികൾ അപൂർവ്വവുമാണ്. പലതും പാടിപ്പഴകി ലോകോക്തിക ളായി മാറിയിട്ടുമുണ്ട്.

ഉദാ:-

"വേലികൾതന്നേ വിളവുമുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു." —സ്യമന്തകം.

"കുറുനരിലക്ഷം കൂടുകിലുമൊരു-
ചെറുപുലിയൊടു ഫലിക്കില്ലേതും"
— ഘോഷയാത്ര.

"തള്ളയ്ക്കിട്ടൊരു തല്ലുവരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളു." — കിരാതം

"അങ്ങാടികളിൽ തോലിപിണഞ്ഞാൽ
അമ്മയൊടപ്രിയമെന്നതുപോലെ." — നളചരിതം.

"ഉപ്പു ചുമന്നുനടക്കുന്നവനൊരു
കപ്പലുകടലിലിറക്കാൻ മോഹം"
— രുക്മിണീസ്വയംവരം.

"ഗതികെട്ടാൽ പുലിപുല്ലുംതിന്നും"–
സത്യാസ്വയംവരം.

"ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കുംശിഷ്യന്." –
ശീലാവതീചരിതം.

"ഉമ്മാൻ സമ്മാനിപ്പാനില്ലാത്തൊരുതൊമ്മൻ
സമ്മാനിപ്പാനാളായ് വരുമോ?"–
സീതാസ്വയംവരം.

"ആനമദിച്ചുവരുന്നേരത്തൊരു
കൂനനിറുമ്പു തടുപ്പാനെളുതോ?"–
രാവണോത്ഭവം.

"കണ്ണില്ലാത്തൊരു പൊണ്ണൻ, കാഴ്ചകൾ
കാണാനിച്ഛിക്കുന്നതുപോലെ."–
ബാലിവിജയം.

എന്നിങ്ങനെ ഉദാഹരണങ്ങൾ എത്രയെത്ര തുള്ളലുകളിൽ.

ചില പ്രത്യേകസന്ദർഭങ്ങളിൽ അർത്ഥത്തെയും ഭാവത്തെയും അഭിവ്യഞ്ജിപ്പിക്കാൻ കുഞ്ചൻ ചില പ്രത്യേകതരം പദശൈലികൾ ഉപയോഗിക്കുന്നുണ്ട്. ഇവയെല്ലാം സാമാന്യജനങ്ങളുടെ സംഭാഷണത്തിൽ നിന്നും സ്വീകരിച്ചവയുമാണ്. അങ്ങനെയുള്ള, പ്രയോഗസാഫല്യംവന്ന ചില വാങ്മയങ്ങളാണു് താഴെക്കൊടുക്കുന്നവ. എണ്ണത്തിലധികമായതുകൊണ്ട് അവയിൽ ഏതാനുംമാത്രം എടുത്തുകാണിക്കാനേ തരമുള്ളു.

ആനകളിക്കുക — പരിഹസിക്കുക; കളിയാക്കുക.

"ഉരിയരിപോലും ചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും." – ഘോഷയാത്ര.

ക്ളേശിക്കുക — ചോദിക്കുക, കാര്യവിചാരം ചെയ്യുക, അന്വേഷിക്കുക.

"ക്ളേശിച്ചാലിതു തുമ്പുണ്ടാമെ-
ന്നാശ നമുക്കു വളർന്നിടുന്നു." —സ്യമന്തകം.

ചെണ്ടപിണയുക — അബദ്ധം പററുക.

"കണ്ടച്ചാരേ! വലുതായിട്ടൊരു
ചെണ്ടപിണഞ്ഞതറിഞ്ഞില്ലേ താൻ"—
ഗോവർദ്ധനചരിതം.

'ചെണ്ട, ചെണ്ടത്തം, ചെണ്ടകൊട്ടിക്ക' എന്നിങ്ങനെ ഇദ്ദേരൂപത്തിൽ പല പ്രയോഗങ്ങളും കാണാം.

(അമളി, ചതിക്കുക, കബളിപ്പിക്കുക തുടങ്ങി അർത്ഥവും.)

യന്ത്രി — സൂത്രശാലി.

" മന്ത്രികളും യജമാനന്മാരും
യന്ത്രികളാകിയ കർണ്ണൻ ശകുനി"—കിരാതം.

യഷ്ടി—ഭോഷൻ, കൊള്ളരുതാത്തവൻ ചതിയൻ തുടങ്ങിയവ.

"യഷ്ടികൾതമ്മിൽ പൂശനകൂട്ടി
ചട്ടികലങ്ങൾ പകുക്കുന്നല്ലോ !" —
പ്രദോഷമാഹാത്മ്യം.

'തന്നിച്ച, മാററി, മാററിത്തം, പള്ളിശ്രാമ്പി, ഉദർദ്ധമാകുക, പൊക്കമാകുക, വലെടുക്കുക, വല്ലന്തി, വാശ്ശതും' തുടങ്ങി ഈ ഇനത്തിൽ വളരെയേറെക്കാണാൻ കഴിയും. ഇതുപോലെ ലക്ഷ്യത്തിനനുസരണവും വൈവിദ്ധ്യവും വൈചിത്ര്യവും ഉള്ളതുമായ ഒരു ഭാഷാരീതി അപ്രതിമപ്രതിഭാധനനായ ഒരു കവിയ്ക്കേ സ്വാധീനത്തിൽ കാണു.

**തുള്ളൽ വൃത്തങ്ങൾ**

വളരെയേറെ വൃത്തങ്ങൾ തുള്ളലുകളിൽ ഉപയോഗിച്ചിട്ടുണ്ട്. അവയിൽ പലതും മുമ്പു നിലവിലിരുന്ന പല ഗാനവൃത്തങ്ങളുടേയും അനുകരണമോ പകർപ്പുകളോ ആണ്. ചിലവ പൂർവ്വസൂരികളുപയോഗിച്ചിട്ടുള്ള ദ്രാവിഡ ശീലുകളും സംസ്കൃത വൃത്തങ്ങളുമാണ്. ഭാഷാചമ്പുക്കളിലെ ഗദ്യരീതിയോടും ബന്ധം കാണുന്ന വൃത്തവുമുണ്ട്. ഇതുവരേയ്ക്കും ഇവയുടെ സൂക്ഷ്മപഠനം നടന്നിട്ടില്ലെന്നതും പ്രസ്താവ്യമാണ്.

'വന്ദിച്ചേൻ ഗണനായകനാകിയവാനോർകോനോടു വാണിയെ മനസാ' എന്ന നിരണവൃത്തത്തിനും.

'അസ്തഗിരീശ്വരമസ്തകസീമനി–
ഭാസ്ക്കരഭഗവാൻ മറയുന്നേരം'

എന്ന ചമ്പൂ ഗദ്യത്തിനും.

'മുല്ലപ്പൂമ്പൊടിയേററുകിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം"

എന്ന തുള്ളലിലെ മുഖ്യവൃത്തമായ 'തരംഗിണി'യ്ക്കും സംബന്ധമുണ്ട്. "താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻതാനനുഭവിച്ചീടുകെന്നേവരൂ." എന്ന എഴുത്തച്ഛന്റെ കിളിപ്പാട്ടുവൃത്തമായ 'കാകളി' തന്നെ ശീതങ്കനിൽ കാണുന്ന 'നാലഞ്ചുഭർത്താവൊരുത്തിക്കു താനതു നാലുജാതിക്കും വിധിച്ചതല്ലോർക്കണം' എന്ന വൃത്തം. 'കായാമ്പൂ മലർക്കുള്ളിലായാസം വളർക്കുന്ന' എന്ന വൃത്തം എഴുത്തച്ഛന്റെ കേകയെ നടുവേ മുച്ചുണ്ടാക്കിയതുമാണ്. ഇങ്ങനെ വേറെയും ഉദാഹരണങ്ങൾ താരതമ്യം ചെയ്യാൻ കഴിയും. വേണ്ടവണ്ണം മിനുസപ്പെടുത്തി ജനോരഞ്ജകമാക്കിത്തീർക്കുക

കയാണു്, നിലവിലുണ്ടായിരുന്ന വൃത്തങ്ങളെ, നമ്പ്യാർ ചെയ്തത്.

ഏ. ആർ. രാജരാജവർമ്മ 'വൃത്തമഞ്ജരി'യിൽ തുള്ളൽ വൃത്തങ്ങളെ അപഗ്രഥിക്കുന്നുണ്ട്. അദ്ദേഹം പതിനഞ്ചു വൃത്തങ്ങൾ തുള്ളലിൽനിന്നു കണ്ടെടുക്കുന്നു. അവ,

(1) തരംഗിണി, (2) ഊനതരംഗിണി, (3) അർദ്ധകേക. (4) സ്വാഗത, (5) സുമംഗല, (6) വക്രം, (7) ശിതാഗ്ര, (8) ഹംസപ്ലുതം, (9) അജഗരഗമനം, (10) മദമന്ഥര, (11) കൃശമദ്ധ്യ, (12) കാകളി, (13) കളകാഞ്ചി, (14) പര്യസ്തകാഞ്ചി, (15) മല്ലിക.

1. **തരംഗിണി**:—

ഇത് ഓട്ടൻതുള്ളലിലെ മുഖ്യ വൃത്തമാണ്.

ലക്ഷണം:—"ദ്വിമാത്രം ഗണമെട്ടെണ്ണം യതിമദ്ധ്യം തരംഗിണി"

ഉദാ:—

'അണിമതിശകലവുമംബരനദിയും
ഫണിപതിഫണഗണമണികളുമണിയും'

(പ്രദോഷമാഹാത്മ്യം)

2. **ഊനതരംഗിണി**:—

ലക്ഷണം:—'രണ്ടാംപാദേ ഗണം രണ്ടു കുറഞ്ഞൂനതരംഗിണി'.

ഉദാ:—

'ചത്തുമറിഞ്ഞൊരു ദേഹത്തിൻ പല
മൂർത്തികൾ കയറിയപോലെ."

ചന്ദ്രാംഗദചരിതം.

3. **അർദ്ധകേക**:—

കേകയ്ക്കു രണ്ടുയതി യുണ്ട്. അതിൽ ആദ്യത്തേതിൽ തന്നെ പാദം നിറുത്തിയാൽ അർദ്ധകേക.

ഉദാ:—

"അക്കാലം സാലപ്വനെന്നു
ചൊൽക്കൊണ്ട ശത്രുഘ്നൻ." (പ്രദോഷമാഹാത്മ്യം)

4. **കൃശമദ്ധ്യ:-**

ശിതങ്കൻതുള്ളലുകളിൽ കാണുന്നു.

ലക്ഷണം:-

അടിയൊന്നിലെഴുത്തേഴ് നാലിലോ അഞ്ചിലോ ലഘു
മററുള്ളതെല്ലാം ഗുരുവാം കൃശമദ്ധ്യാഖ്യമാമിതു."

ഉദാ:-

"മാത്തൂരംബികേ നിന്മെയ്
പാർത്തു ഞാൻ വണങ്ങുന്നേൻ."

5. **വക്ത്രം:-**

അനുഷ്ടുപ്പുഛന്ദസ്സിലുള്ള ഒരു സംസ്കൃതവൃത്തമാണിത്.

ഉദാ:-

"കുറവില്ലാത്തോരു കിള്ളി-
ക്കുറിശ്ശി ശ്രീമഹാദേവൻ."

6 **സ്വാഗത:-**

ഇതും സംസ്കൃതവൃത്തമാണ്.

ലക്ഷണം:-

'സ്വാഗതയ്ക്കു രനഭം ഗുരുരണ്ടും.'

ഉദാ:-

"ഭിക്ഷയേററു ദിവസങ്ങൾ കഴിക്കും
ദക്ഷവൈരി ചരണങ്ങൾ ഭജിച്ചും
ഏകചക്രയാം ബ്രാഹ്മണദേശേ
ഏക ഭൂസുരഗൃഹേ മരുവുന്നു."

7. **സുമംഗല:-**

ലക്ഷണം:-

'ജഭാംജരത്തൊടു സുമംഗലാഭിധം

ഉദാ:—

"മതം നമുക്കതിമതം വൃകോദര
ഹിതം പറഞ്ഞതു ചിതം ധരിക്ക നീ."

8. ശിതാഗ്ര:—

ലക്ഷണം:—

"ജഗണാദ്യം ചതുർമ്മാത്രഗണം നാലു ശിതാഗ്രയാം"

ഉദാ:—

"വിദഗ്ദ്ധനാകിയ നളന്റെ ദൂതൻ
വിദർഭ നൽപുരമടുത്തു കണ്ടു."

9. ഹംസപ്ളുതം:—

ലക്ഷണം:—

"ത്രിമാത്രം ദ്വ്യക്ഷരഗണമാറെണ്ണം ഗുരുവൊററയും
ആദ്യം ഗണം ഗുരുമുഖമിതുഹംസപ്ളുതാഭിധം"

ഉദാ:

"കരമതിലകപ്പെട്ട കനകക്കട്ട
പരിചിനൊടു കളയുന്നതുചിതമല്ല."

10. അജഗരഗമനം:—

ലക്ഷണം:—

ലഘുപ്രായം ചതുർമ്മാത്ര ഗണമാറൊരു ദീർഘവും
ചേർന്നുവന്നാലജഗരഗമനാഭിധവൃത്തമാം.

ഉദാ:—

വർദ്ധിതതരധവളഹിമാചലസന്നിഭ തുംഗശരീരൻ
നെടുതാകിന കൊടിമരമെന്നകണക്കു—
തടിച്ചൊരുവാലും'

11. മദമന്ഥര:—

ലക്ഷണം:—

ആറുമെട്ടും പതിന്നാലുമാത്രയിൽ മദമന്ഥരാ.

ഉദാ:-

പലവടിവും വന്നുചമഞ്ഞു
തലമുടിയും വന്നുതികഞ്ഞു. — നളചരിതം

2. രതികണവനു കണകളൊടുങ്ങി
അതിവിവശതപൂണ്ടു മയങ്ങി. — ബാണയുദ്ധം

**12. കാകളി:-**

ഇത് ശീതങ്കനിലെ പ്രമുഖവൃത്തമാണ്.

ലക്ഷണം:-

മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തിട്ടുള്ളീരടിക്കുചൊല്ലാം-
കാകളിയെന്നു പേർ.

**13. കളകാഞ്ചി:-**

ലക്ഷണം:-

കാകളിക്കാദ്യപാദാദൌ രണ്ടോമൂന്നോ ഗണങ്ങളെ
അയ്യഞ്ചുലഘുവാക്കിയാലുളവാം കളകാഞ്ചികേൾ.

ഉദാ:-

"അതികുടിലഘനസദൃശ നിറമുടയവേണിയും
അത്ഭുതമാകും നിടിലപ്രദേശവും.

**14. പര്യസ്തകാഞ്ചി:-**

കളകാഞ്ചിയുടെ പാദങ്ങൾ മറിച്ചിട്ടു പ്രയോഗിക്കുന്നത് പര്യസ്തകാഞ്ചി.

ഉദാ:-

"കല്ലോലജാലം കളിക്കുന്നകണ്ടു
കമലമണിനിറയമുടയകനകമതുകണ്ടു.

**15. മല്ലിക:-**

പറയനിൽ കൂടുതലായി കാണുന്നു.

ലക്ഷണം:—

ഉദാ:—

"എന്തിനിത്രപറഞ്ഞു ദാനവനെന്തുസംഗതിയെന്നു നീ
ചിന്തിയാത്തവനല്ല നിങ്ങടെ ബന്ധുഞാനസുരൻ മയൻ.'

ഈവക വൃത്തങ്ങൾ കൂടാതെ വളരെയേറെ മിശ്രവൃത്തങ്ങളും മാവേലി തുടങ്ങിയ ചില ഗാനരീതികളും തുള്ളലുകളിൽ കാണാം. ഒരു അഗാധമായ പഠനം അനിവാര്യമായിര' ക്കുന്നു തുള്ളൽവൃത്തങ്ങളെക്കുറിച്ച്. ദ്രാവിഡവൃത്തങ്ങളെക്കുറിച്ചുള്ള ചില പണ്ഡിതന്മാരുടെ പഠനങ്ങളും ഈ വഴിയിൽ അഭികാമ്യമായിട്ടില്ല.

## തുള്ളൽക്കവിതകളുടെ സവിശേഷതകൾ

### 1. വർണ്ണനാവൈഭവം

തുള്ളൽക്കവിതകളുടെ പ്രത്യേകതകളുടെ കൂട്ടത്തിൽ ശ്രദ്ധേയമായ ഒരു ഘടകം അവയിൽക്കാണുന്ന വർണ്ണനകളാണ്. അനുഭവിച്ചറിഞ്ഞ മട്ടിൽ എന്തും വർണ്ണിക്കാൻ കുഞ്ചനുള്ള സാമർത്ഥ്യം അന്യാദൃശാതന്നെ. അലാഭാവാശേഷമില്ലദ്ദേഹത്തിനീ വിഷയത്തിൽ. വർണ്ണ്യവിഷയത്തിന്റെ യഥാർത്ഥചിത്രം നൽകുന്നതിൽ വർണ്ണന എത്രമാത്രം ദീർഘിക്കുന്നുവോ അത്രയും നന്നെന്ന പക്ഷമാണു കുഞ്ചൻനമ്പ്യാർക്കുള്ളത്. വർണ്ണ്യവിഷയത്തെ വ്യക്തമാക്കാൻ ശബ്ദഘോഷവും പ്രാസഭംഗിയുംകൂടി അദ്ദേഹം പ്രയോജനപ്പെടുത്തുന്നു. കല്യാണസൗഗന്ധികത്തിൽ കാട്ടാളന്മാരെ,

"ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂകണക്കെ നേത്രങ്ങളും
അമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ

അഞ്ജനപർവതംപോലെ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാലകൾ
കുഞ്ജരന്മാരുടെ കുംഭതടങ്ങളെ
ഭഞ്ജനം ചെയ്തങ്ങതിൽപ്പെട്ട മുത്തുകൾ
അഞ്ജസാ കുത്തിത്തുളച്ചുകൊണ്ടങ്ങനെ
സഞ്ജാതമായുള്ള മാലാകലാപവും
മഞ്ഞക്കുറികളും മായൂരപിഞ്ഛവും
മഞ്ചാടിമാലയും മാറിൽപ്പലതരം
ഉച്ചത്തിലുള്ളൊരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളൊരു വീര്യഭാവങ്ങളും
കച്ചകെട്ടിച്ചില തൊങ്ങലും വാലുമി-
ട്ടത്യന്തഘോഷമാം വേഷം ഭയങ്കരം."

വർണ്ണിക്കുന്നതിങ്ങനെയാണ്. ഈ കഥയിൽത്തന്നെ ഒരുമുതുകുരങ്ങിനെ വർണ്ണിക്കുന്ന സന്ദർഭമുണ്ട്. ചിത്രീകരണപാടവം വ്യക്തമാണതിലും. നോക്കൂ.

"കുരങ്ങിന്റെ വടിവായിച്ചമഞ്ഞു കൈകളും
കാലും
കുഴഞ്ഞുവാലുമക്കാലും മെലിഞ്ഞു-
കൈകളെക്കൊണ്ടു
ചൊറിഞ്ഞു രോമമെപ്പേരും കൊഴിഞ്ഞ മേനിയും-
ചുക്കി-
ച്ചുളിഞ്ഞു കണ്ണിനു കാഴ്ച കുറഞ്ഞു-
പീളയും വന്നു
നിറഞ്ഞു താൻ വഴിയിൽ ചെന്നുറച്ചു-
നേത്രവും ചിമ്മി-
ശ്ശയിച്ചു മൂന്നു ലോകങ്ങൾ ജയിച്ചുള്ള
മഹാവീരൻ."

സന്ദർഭാനുഗുണങ്ങളായ ശബ്ദങ്ങളാണു നമ്പ്യാർ ഉപയോഗിക്കുന്നത്. സ്വാഭാവികമാണാവർണ്ണനകൾ. കല്യാണ

സൗഗന്ധികത്തിൽത്തന്നെ രണ്ടു പ്രകൃതിവർണ്ണനങ്ങളുണ്ട് കദളീവനത്തിൻെറയും സൗഗന്ധികപ്പൊയ്കയുടേയും. രണ്ടും മനംകവരുന്നവയുമാണ് തികച്ചും. ആ രണ്ടു ചിത്രങ്ങളുടേയും യഥാർത്ഥബോധം മനസ്സിൽ ഉറംക്കൊള്ളിക്കാൻ ഉതകുന്ന ശബ്ദങ്ങളാണുപയോഗിച്ചിട്ടുള്ളതും.

പലപ്പോഴും നമ്പ്യാർ ശബ്ദങ്ങളെക്കൊണ്ടു മാത്രമല്ല വർണ്ണന സ്വാഭാവികമാക്കുന്നത്. അഭിനയവും അദ്ദേഹം അതിനു സഹായകമാക്കും. തുള്ളൽ ഒരഭിനയ കലയാണല്ലോ. സ്ത്രീവർണ്ണനയിൽ നമ്പ്യാർ പൂർവ്വസൂരികളെ പ്രായേണ അനുവർത്തിക്കുന്നില്ല. മുൻഗാമികളെ അനുസ്മരിപ്പിക്കുന്ന ഒരേ ഒരു വർണ്ണനം 'കീചകവധത്തിലെ സൈരന്ധ്രീവർണ്ണനയിൽ മാത്രമാണ്. മററു സന്ദർഭങ്ങളിലെല്ലാം നമ്പ്യാർക്കു മാത്രം സാധിക്കുന്ന ഒരു നൂതനമാർഗ്ഗമാണവലംബിക്കുന്നത്.

"മഴക്കാലത്തു കൊണ്ടൽപോടിരുണ്ട കൊണ്ടലും കാമൻ
തഴക്കെട്ടെന്നിവയെക്കാൾ തഴച്ചുനീണ്ട വാർകേശം
കഴൽക്കെത്തും പടികാളിന്ദിയിലെ കൊച്ചു കല്ലോല-
നിഴൽക്കൂത്താട്ടമെന്നോണമടിക്കുന്നു ചുരുണ്ടേറി-
ക്കിടക്കുന്ന കിടപ്പും, കൊമ്പനാന ശ്രേഷ്ഠനെപ്പോലെ
നടക്കുന്ന നടപ്പിൻെറ വെടിപ്പും, ചെഞ്ചൊടിപ്പൂവും,
തുടുത്തുന്തിക്കനെത്തുള്ള മുലക്കുന്നുത്തരീയത്തി-
ന്നടിക്കാകില്ലയെന്നോണം കവിഞ്ഞു കുത്തിണകുത്തും
മടുത്തു മഞ്ജുവായുള്ള മൊഴിയും മാനസധൈര്യം
തടുത്താലും വകവയ്ക്കാതഴിയും നീണ്ട മിഴിയും
തുടക്കാമ്പു മഹത്തായ നിതംബമെന്നിവകണ്ടും
നടപ്പനും സഹിപ്പാനും വഹിയാഞ്ഞു-
കീചകൻ താൻ."
(കീചകവധം)

സങ്കൽപവസ്തുക്കളെ വർണ്ണിക്കുമ്പോഴാണ് കുഞ്ചന്റെ പാടവം തെളിഞ്ഞുകാണാൻ കഴിയുന്നത്. സാധാരണ കവികൾ സൂചിപ്പിച്ചുമാത്രം പോകുന്ന സംഗതികൾ നമ്പ്യാർ അടിച്ചുപരത്തി വലിച്ചുനീട്ടിപ്പാടും. ഹനുമദുത്ഭവത്തിലെ 'വായുവില്ലാത്ത ലോകവും' പഞ്ചേന്ദ്രോപാഖ്യാനത്തിലെ കാലനില്ലാത്ത കാലവും ഉദാഹരണങ്ങൾ.

വായുവില്ലാത്ത ലോകം നോക്കുക.

"ധാത്രിയിലുള്ളൊരു ജന്തുക്കളാകവേ
ചിത്രമെഴുതിയപോലെ ചമഞ്ഞിതു
നിൽക്കുന്ന ജന്തുക്കളപ്പാടെ നിന്നു കി-
ടക്കുന്ന ജന്തുക്കളപ്രകാരം തന്നെ;
ഉണ്ടിരിക്കുന്നവൻ കൈയിലുരുളയും
വച്ചങ്ങു വായും പിളർന്നുവാണീടുന്നു.
കണ്ടിരിക്കുന്നവൻ കണ്ണുംതുറന്നൊരു
കൽപ്പാവയെപ്പോലെയനങ്ങാതിരിക്കുന്നു;
മുങ്ങുന്ന ചങ്ങാതി മുങ്ങിക്കിടക്കുന്നു;
തെങ്ങുകേറുന്നവൻ തെങ്ങേലിരിക്കുന്നു;
ഊട്ടുന്ന ഭൂസുരൻ കൈകളിൽവെള്ളവു-
മാക്കിപ്പിടിച്ചങ്ങനങ്ങാതെ നിൽക്കുന്നു."

കാലനില്ലാത്തകാലം:—

വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞുഭൂതലംതന്നിൽ
ചത്തുകൊൾവതിനേതും കഴിവില്ല കാലനില്ല,
മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീലാ
അഞ്ഞൂറുവയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നൊരപ്പൂപ്പനവർക്കുണ്ട്.
കഞ്ഞിക്കുവകയില്ല വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കെട്ടുപത്തു പറയരികൊണ്ടുപോരാ"

ഇങ്ങനെ അറുപത്തിമൂന്നു ഈരടികളിലായി ഇതു നീണ്ടു കിടക്കുന്നു. സാധാരണ ഏതു സന്ദർഭത്തിലും സ്വാഭാവികത്വമാണു നമ്പ്യാരുടെ വർണ്ണനയുടെ മേന്മയെങ്കിലും അൽപം അതിശയോക്തിയില്ലെങ്കിൽ നമ്പ്യാർക്കു എന്തോ പന്തികേടാണുണ്ടാവുക. സ്വാഭാവികത്വമേറുന്ന ഒരു വർണ്ണനയ്ക്കുദാഹരണം കീചകവധത്തിലെ സൈരന്ധ്രിയുടെ ദിനചര്യയിൽ കണ്ടെത്താം.

"മുററമാകെയടിച്ചു തൂത്തു തളിച്ചു ഭംഗി-
വരുത്തണം
മുററുമനവധി വെങ്കലങ്ങൾ തുടച്ചുവെൺമതിളക്കണം
മററു ദാസികളോടുചേർന്നു പുറത്തളത്തിലിരിക്കണം
കുററമശ്ശനികൾക്കു വരുവതിലൊട്ടു താൻ-
പിഴയേൽക്കണം

ഏഴരയെ്ക്കഴുന്നേററു വെള്ളമനത്തിയെണ്ണയെടുക്കണം
കോഴവിട്ടഥ താളികൂട്ടിമെതുക്കിയന്നീഞ്ചാപതയ്ക്കണം
കേഴുമാന്യപബാലരെങ്കിലെഴീററുപോയിയുറക്കണം
നാഴികയ്ക്കൊരു നാലുകൽപന രാജ്ഞിചൊൽവതു-
കേൾക്കണം"

എന്നിങ്ങനെ പോകുന്നു ആ ദിനകൃത്യങ്ങൾ. നമ്പ്യാർ വർണ്ണിക്കാത്ത വസ്തുക്കൾ ഉണ്ടോ എന്നു സംശയമാണ്. നായാട്ട്, സദ്യ, യുദ്ധം, വെള്ളപ്പൊക്കം എന്നുവേണ്ട, അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെടുന്നവയൊന്നും വിടുകയില്ല. ഏതു വസ്തുവിനെക്കുറിച്ചായാലും തെളിവും മിഴിവുമുള്ള ചിത്രങ്ങളാണദ്ദേഹം വരച്ചുകാണിക്കുന്നത്. കാർത്തവീര്യാർജ്ജുനവിജയത്തിൽ വെള്ളപ്പൊക്കത്തിലകപ്പെട്ട രാവണനെ കൂടി കണ്ടിട്ടിപ്രകരണമവസാനിപ്പിക്കാം.

“കണ്ണുമടച്ചുജപിച്ചുവസിക്കും
പൊണ്ണനിരിക്കും പടുകുഴിതന്നിൽ
വെള്ളംവന്നു കടന്നുതുടങ്ങി
വെള്ളപ്പട്ടുനനഞ്ഞു തുടങ്ങി;
വെള്ളിവിളക്കുകൾ പൊന്നിൻതളികക-
ളുള്ളതശേഷമൊഴുകി പതുക്കെ
മുങ്ങിസമസ്തം ശിവലിംഗാദികൾ
പൊങ്ങിയൊലിച്ചിതു പുഷ്പാദികളും
കെട്ടുവിളക്കുകളവിലും മലരും
കൊട്ടത്തേങ്ങാകദളിപ്പഴവും
പെട്ടെന്നിട്ടു നിറച്ചൊരുവെള്ളി-
ത്തട്ടുകൾ മുഴുകീപെട്ടികളൊഴുകി,
ആറുനിറഞ്ഞു ജലങ്ങൾ കവിഞ്ഞു
കാറുംമഴയും കാൺമാനില്ല;
ആററിലെവെള്ളം പൊങ്ങിവരുന്നൊരു
കാററുമതില്ലതിനെന്തൊരുബന്ധം
ഏററം വന്നാലിത്രവരാമോ?
ഊററമൊഴുക്കും നിലയില്ലാതായ്;
തള്ളിവരുന്നൊരു വെള്ളത്തിരയിൽ
തുള്ളിയലഞ്ഞു വലഞ്ഞു ദശാസ്യൻ;
വെള്ളവുമൊട്ടു കുടിച്ചു തടിച്ചു
പള്ളയുമൻപൊടു വീർത്തുതുടങ്ങീ;
ഇരുപതുകൈകൊണ്ടൊത്തുതുഴഞ്ഞു
കരപററാഞ്ഞു കരങ്ങൾ കുഴഞ്ഞു;
ഇരുപതു തണ്ടുകൾ വച്ചുമുറുക്കിയ-
പെരിയൊരുവഞ്ചികണക്കെ രാവണ-
നൊരുവണ്ണം കരപററിക്കയറി...”

യാണു രക്ഷപ്പെടുന്നത്. നമ്പ്യാർക്കു വർണ്ണനയ്ക്കു ഉപാധികൾ അലങ്കാരങ്ങളല്ല. ശബ്ദവും അതുമുഴക്കുന്ന മേളവും തന്നെയാണു ഉപകരണം.

## 2. അലങ്കാരങ്ങൾ

നമ്പ്യാരുടെ തുള്ളൽക്കവിതയുടെ സവിശേഷതകളെ അന്വേഷിക്കുമ്പോൾ ശ്രദ്ധയിൽപ്പെടുന്ന അടുത്തഘടകം അലങ്കാരങ്ങളാണ്. അർത്ഥാലങ്കാരങ്ങൾ വളരെ അപൂർവമായി മാത്രമേ അദ്ദേഹം ഉപയോഗിക്കുന്നുള്ളൂ. എന്നാൽ ശബ്ദാലങ്കാരദീക്ഷയിൽ അദ്ദേഹം മലയാളത്തിലിതുവരെയുണ്ടായിട്ടുള്ള കവികളെയെല്ലാം മറിക്കടന്നിരിക്കുകയാണ്. പഴഞ്ചൊല്ലുകളും ലോകോക്തികളും അമിതമായി ഉപയോഗിക്കുന്നതുകൊണ്ടാകാം അർത്ഥാലങ്കാരങ്ങൾ പ്രായേണ കുറഞ്ഞുകാണുന്നത്. സന്ദർഭത്തിന്റെയും വർണ്ണ്യവസ്തുവിന്റെയും യഥാർത്ഥപ്രതീതി ജനിപ്പിക്കാൻ അത്യാവശ്യമുള്ളപ്പോൾ മാത്രമേ അദ്ദേഹം അർത്ഥാലങ്കാരം കൈകൊണ്ടു തൊടുകയുള്ളൂ.

സാമ്യമൂലകാലങ്കാരങ്ങളാണു നമ്പ്യാർക്കു പ്രിയംകരമായവ. അവയിലും ഉപമയും ഉൽപ്രേക്ഷയുംതന്നെ. ഉപമാനങ്ങൾ ലളിതങ്ങളും പരിചിതവസ്തുക്കളിൽ നിന്നെടുത്തിട്ടുള്ളവയുമാണ്. 'വണ്ണൻവാഴ'യെന്നൊരു ഉപമാനം നമ്പ്യാർക്ക് വളരെ പഥ്യമായിട്ടുകാണുന്നു.

ഉദാ:– 'വണ്ണൻവാഴകണക്കെതടിച്ചൊരു
പൊണ്ണൻനായുണ്ടെന്നുടെ വീട്ടിൽ' എന്നും
"വണ്ണൻവാഴകണക്കുതടിച്ചൊരു
പൊണ്ണൻമാരുതി മലയുടെ മുട്ടിൽ." തുടങ്ങിയവ ഉദാഹരണങ്ങൾ. രണ്ടാം ഉദാഹരണത്തിൽ ദുര്യോധനൻ ഭീമ

സേനനെ പരിഹസിക്കുന്നതു വണ്ണൻവാഴയോടുപമിച്ചാണ്. കാർത്തവീര്യാർജ്ജുനവിജയത്തിൽ വെള്ളപ്പൊക്കത്തിലകപ്പെട്ട് നീന്തിയുഴലുന്ന രാവണനെ നമ്പ്യാർ ഉപമിക്കുന്നത് നോക്കൂ.

"ഇരുപതുതണ്ടുകൾ വച്ചുമുറുക്കിയ
പെരിയൊരുവഞ്ചികണക്കേ രാവണ-
നൊരുവണ്ണം കാപററികയറി."

ഉപമകൾക്ക് ഉദാഹരണങ്ങളിനിയും,

"തോററുതിരിച്ചു തുടങ്ങിപതുക്കെ
പാററകൾപോലെ പടജ്ജനമെല്ലാം"–
[ഘോഷയാത്ര.

'പേരാൽതന്നുടെ വേരുകണക്കേ –
[കാർത്തവീര്യാർജ്ജുനവിജയം.

'വയലിൽപ്പെട്ട കുരങ്ങുകണക്കേ' – നളചരിതം.

ഉൽപ്രേക്ഷയ്ക്ക്,

"അണ്ഡജഗമനം കണ്ടാലൊരു ശശി-
മണ്ഡലമെന്നിഹ തോന്നും ഗഗനേ."–
[കാർത്തവീര്യാർജ്ജുനവിജയം

"അംബരതലമൊക്കെ നിറഞ്ഞുകവിഞ്ഞു വിളങ്ങിനരൂപം
അംബുധിയുടെ ലംഘനസമയസമുദ്ധൃതമെന്നതുപോലെ
വെൺമയിലൊരു വിന്ധ്യമഹാചല ശിഖരമമർന്നകണക്കേ
കൺമിഴികളിലമ്പൊടു കണ്ടു വിരണ്ടു വൃകോദര-
വീരൻ" [കല്യാണസൗഗന്ധികം.

നമ്പ്യാർ ഉപയോഗിച്ചിട്ടുള്ള മററു അർത്ഥാലങ്കാരങ്ങളിൽ അർത്ഥാന്തരന്യാസവും ദൃഷ്ടാന്തവുമാണ് പ്രമുഖങ്ങൾ.

അർത്ഥാന്തരന്യാസത്തിനുദാഹരണം,

“ഈ ക്ഷ്മാതിമണ്ഡലെ മേവുന്നൊരുർവ്വഴാഖലെന്നുള്ള
പക്ഷികൾക്കു വഴിപോലെ മാരികോരിച്ചൊരിഞ്ഞാശു
കുക്ഷിപൂർത്തിവരുത്തീടുന്നില്ലയോ വാരിവാഹങ്ങൾ
രക്ഷചെയ്യും ജനത്തിന്റെ ലക്ഷണമങ്ങനേയുള്ളൂ.”

ദൃഷ്ടാന്തത്തിനുദാഹരണം.

“പാപികളോടു ഹിതത്തെച്ചൊന്നാ-
ലാപത്തായിത്തന്നേ തീരും
പാമ്പിനുപാലുകൊടുത്തെന്നാകിൽ
കമ്പിരിദയറിവരാറേയുള്ളൂ.” (കമ്പിരി—വിഷം)

സ്യമന്തകം

“ഭൂപാലകനുടെ മകളായുള്ളവൾ
ഗോപാലന്നു കളത്രമതാമോ?
മെച്ചമിയന്നൊരു മണിമാണിക്യം
പിച്ചളവളമേൽ ചേർപ്പതുമുണ്ടോ?”—

[സത്യാസ്വയംവരം.

ശബ്ദാലങ്കാരങ്ങളിൽ കുഞ്ചനു അതിയായ ഭ്രമമുണ്ട്. ആദിപ്രാസം, അന്ത്യപ്രാസം, ദ്വിതീയാക്ഷരപ്രാസം, ഛേകാനുപ്രാസം എന്നിവയെല്ലാം വളരെയേറെ ഉപയോഗിക്കുന്നുണ്ട്. മാത്രവുമല്ല അവ വളരെ ദീർഘമായിക്കാണുകയും ചെയ്യുന്നു.

ആദിപ്രാസത്തിനുദാഹരണം. ഘോഷയാത്രയിൽ

“സങ്കടമില്ലാ സംഭ്രമമില്ലാ
സംഘവിരോധമൊരുത്തനുമില്ലാ
സങ്കരമില്ല സാഹസമില്ലാ
സംഗരഭീതി പരാഭവമില്ലാ.”

സത്യാസ്വയംവരത്തിൽ,

"ബഹുവികൃതികളങ്ങൊരുദിക്കിൽ
ബഹുസുകൃതികളിങ്ങൊരുദിക്കിൽ
ബഹുസുലളിതമങ്ങൊരുദിക്കിൽ
ബഹുവിലസിതമങ്ങൊരുദിക്കിൽ
ബഹുവിധവാക്കും ബഹളതവായ്ക്കും..."

ഇത് ദ്വിതീയാക്ഷരപ്രാസത്തിനും അന്ത്യപ്രാസത്തിനുംകൂടി ഉദാഹരിക്കാം.

അന്ത്യപ്രാസത്തിനുദാഹരണം, സ്യമന്തകത്തിൽ

"ചിറതന്നിലിടഞ്ഞിടഞ്ഞുടൻ നടന്നു
പിറകിൽ നിന്നുന്തിത്തള്ളിച്ചിലർ കടന്നു
പുരങ്ങളിലകംപുക്കു ചിലരിരുന്നു
പരിചൊടു കുടിലുകളൊക്കെപ്പരന്നു
ഭടജനമൊരുവക നടന്നീടുന്നു
പടചടപരിചകൾ തുടച്ചിടുന്നു
പൊടുപൊടെ വെടിചിലർ മുഴക്കീടുന്നു.
ഒരുദിശിമുനിജനമെഴുന്നള്ളുന്നു."

ദ്വിതീയാക്ഷരപ്രാസത്തിനു പ്രത്യേകിച്ചുദാഹരണം തേടേണ്ടതില്ല. സർവ്വത്ര ഈ അലങ്കാരം നമ്പ്യാർ ദീക്ഷിക്കുന്നുണ്ട്. ഒരുദാഹരണം. സത്യാസ്വയംവരത്തിൽനിന്ന്,

"മത്തഗജാസുരവീരൻ തന്നുടെ
മസ്തകമാശുപിളർന്നമഹേശൻ
മത്തഗജാകൃതി പൂണ്ടുടനേമദ-
മത്തവിലാസരസേന വനാന്തേ

തത്തനുസദൃശകളേബരയാകിയ
തത്തരുണീമണിമലമകളോടെ
തത്തദുദാര വിഹാരപരൻ മധു-
മത്ത മധു വ്രതകോകിലവിലസിത
തത്ത ദ്ദിശി വിലസുന്ന ദശായാം."

ഛേകാനുപ്രാസത്തിന്, സ്യമന്തകത്തിൽനിന്ന്,

"ഋക്ഷേശ്വരനും തൽക്ഷണമങ്ങഥ
ലക്ഷ്മീപതിയുടെ വക്ഷോദേശേ
വൃക്ഷംകൊണ്ടഥ രൂക്ഷമടിച്ചും
ദക്ഷതതേടിന ദക്ഷിണപാണിയി-
ലക്ഷതമാകിന വൃക്ഷമെടുത്തു
ഇക്ഷുകണക്കേ തൽക്ഷണമോടവ-
നൃക്ഷാധിപനാമക്ഷയസാരൻ."

അനുപ്രാസത്തിന്, സത്യാസ്വയംവരത്തിൽനിന്ന്,

"തുടിപടഹമടിച്ചു തുടങ്ങി
കിടുപിടികൾ തകർത്തുതുടങ്ങി
കുടതഴകളെടുത്തുതുടങ്ങി
ഭടപടലമടുത്തുതുടങ്ങി
കൊടികൾവിളങ്ങിപൊടികളടങ്ങി
പടുരവഭംഗി ഝടിതിമുഴങ്ങി;
പലമിഴികളെടുത്തു തുടങ്ങി
തലമുടികൾ വിടുർത്തുതുടങ്ങി
പലപരിഷകയർത്തു തുടങ്ങി.
മലകൾ കുലുങ്ങി നിലകൾകലങ്ങി
പലരുമിണങ്ങി കലശലു പൊങ്ങി.''

'മല്ലാരിദേവനൊരു മല്ലാക്ഷിമണിയോടുംകൂടി' എന്നീ വരികളും ഉദാഹരിക്കാം.

പ്രാസനിബന്ധനത്തിൽ നമ്പ്യാരോളം പോന്നവരാരുമില്ല, മലയാളകവികളിൽ. യുക്തിഭാഗമുള്ളതും കേട്ടാൽ ചിരിക്കേണ്ടുന്നവയുമായ പ്രസ്താവങ്ങളും നടത്തുന്നതിൽ നമ്പ്യാർക്കുമടിയില്ല. 'പ്രാസം മാത്രംമതി. നളചരിതത്തിൽ 'ട്ട' യ്ക്കു വേണ്ടി നടത്തുന്ന വെപ്രാളം ഉദാഹരണം. "കുട്ടികളും ചില ചട്ടികളും പല ........ കഷ്ടമനർത്ഥപ്പെട്ടീടുന്നു." എന്നിങ്ങനെ പ്രാസത്തിനുവേണ്ടി അർത്ഥം കളയാൻ മടിക്കുന്നില്ല നമ്പ്യാർ. ചുരുക്കത്തിൽ ശബ്ദാഡംബരപ്രിയനാണു നമ്പ്യാരെന്നു പറയാം.

### 3. സാമൂഹ്യപരിഷ്ക്കരണം.

കുഞ്ചൻ നമ്പ്യാരുടെ കാലത്ത് സമുദായത്തിൽ നടമാടിയിരുന്ന വികലതകൾ നാം കണ്ടുകഴിഞ്ഞു. സമുദായാംഗങ്ങളുടെയിടയിൽ ഉണ്ടായ ചാപല്യങ്ങൾ, കുചേഷ്ടിതങ്ങൾ എന്നിവയെ ആക്ഷേപിച്ച് പരിഷ്ക്കരിക്കാൻ അദ്ദേഹം തുനിഞ്ഞു. ധനതൃഷ്ണ, അഹങ്കാരപ്രമത്തത, അസൂയ, കാപട്യം, അവസരസേവ മുതലായ ദുർഗ്ഗുണങ്ങളെ അദ്ദേഹം കണക്കിന്നു വിമർശിച്ചു. നമ്പ്യാരുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മററു കവികൾക്കും ഇതെല്ലാം കാണാൻ കഴിഞ്ഞിരുന്നു. അവയുടെ നേരെ അവരെല്ലാം കണ്ണടച്ചുകളഞ്ഞു. കാരണമുണ്ടായിരുന്നു അതിന്. കോവിലകങ്ങളിലും കൊട്ടാരങ്ങളിലും കഴിഞ്ഞിരുന്നവരായിരുന്നു അവർ. അപ്പോൾ അവിടങ്ങളിലെ സ്ഥിതിഗതികൾ വിമർശനവിധേയമാക്കാമോ? പാടില്ലതന്നെ. ചോറുമുട്ടും. പക്ഷേ നമ്പ്യാരെ ആ ഭയം തീണ്ടിയില്ല. ആരുടെയും മുന്നിൽ കൂസാത്ത വ്യക്തിത്വമുള്ളവനായിരുന്നല്ലോ ആ ജനസ്നേഹി. പുരാണകഥകളുടെ മറവിൽ നിന്നുകൊണ്ടദ്ദേഹം ഇമ്മാതിരി ദുഷ്പ്രവണതകളെ വിമർശിച്ചു. വിമർശനം ആർക്കും രുചിക്കുകയില്ലല്ലോ! അതിനൊരു പ്രത്യേക മാർഗ്ഗമവലംബിച്ചു— ഫലിതപരിഹാ

സങ്ങളിലൂടെ വിമർശനത്തിനു വിധേയരായവർ നമ്പ്യാരോടി യുകയും ചെയ്തു. ലക്ഷ്യബോധമുള്ളവനായ ആ പ്രതി ഭാശാലിയ്ക്കതൊക്കെ നിസ്സാരമായിരുന്നു. സദാചാരവും സന്മാർഗ്ഗവും കൈവരുത്താൻ അദ്ദേഹം ആവതെല്ലാം ചെയ്തു. പിൽക്കാലചരിത്രം നമ്പ്യാരുടെ പ്രയത്നം സഫ ലമാക്കിതീർത്തുവെന്നു വെളിവാക്കുന്നു. നമ്പ്യാരുടെ സേവ നത്തിൽ ഏറ്റുകൊണ്ടും വിലമതിക്കുന്നതിതാണ്– അദ്ദേഹ ത്തിൻെറ സമുദായ പരിഷ്ക്കരണയത്നങ്ങൾ.

## 4. ഫലിതം

തോലനിലാണാരംഭം മലയാളത്തിലെ വിനോദസാഹി ത്യത്തിൻെറ. കൃഷ്ണഗാഥയിലൂടെയും ചമ്പുക്കളിലൂടെയും വളർന്നുവന്ന ആ പ്രവണതയുടെ വളർച്ച നമ്പ്യാരിൽ എത്തിച്ചേരുന്നു. മലയാളത്തിലെ ഫലിതസാഹിത്യകാരന്മാർ ക്കിടയിൽ പ്രമുഖമായ ഒരു സ്ഥാനമത്രേ, കുഞ്ചൻനമ്പ്യാർ ക്കുള്ളത്.

തുള്ളൽക്കഥകളിൽ സമുന്നതമായ ഒരു സ്ഥാനം ഹാസ്യ രസത്തിനു നൽകിക്കാണുന്നുണ്ട്. ഫലിതപരിഹാസങ്ങൾ ഓളം വെട്ടാത്ത ഭാഗംതന്നെ ഇവയിൽ കാണുവാൻ സാധ്യ മല്ല. കൂത്തിനോടു നമ്പ്യാർക്ക് കടപ്പാടുണ്ടായിരുന്നു, ഈ വിഷയത്തിൽ. പരിഹാസപടുക്കളായ ചാക്യാന്മാർ ഫലിത പ്രിയരായ നമ്പൂതിരിമാർ എന്നിവരോടു അടുത്ത സമ്പർക്കം കുഞ്ചനുണ്ടായിരുന്നു. അതുമൊരു കാരണമാകാം നമ്പ്യാരു ടെ ഫലിതപരിഹാസ പടുതയ്ക്ക്.

ഓരോ വാക്കിലും നോക്കിലും ഫലിതം കലർത്താൻ അദ്ദേഹത്തിനുള്ള സിദ്ധി ഒന്നു വേറെതന്നെയാണ്. ചിരിച്ചു കൊണ്ട് ജനിച്ച് ചിരിച്ചും ചിരിപ്പിച്ചും കൊണ്ട് ജീവിച്ച് മരണാനന്തരവും മലയാളികളെ പൊട്ടിച്ചിരിപ്പിച്ചുകൊണ്ടിരി

ക്കുന്നു അദ്ദേഹം. ഹാസ്യത്തിന്റേതായിട്ടൊരു ലോകം വിഭാവനം ചെയ്യാമെങ്കിൽ അവിടത്തെ സമ്രാട്ട് ആണ് കലക്കത്തു കുഞ്ചൻനമ്പ്യാർ.

നമ്പ്യാരുടെ ഫലിതരസികതയെക്കുറിക്കുന്ന കുറേയേറെ നേരമ്പോക്കുകൾ, അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് അടർത്തിയെടുത്തവ, നാം നേരത്തെ കണ്ടുകഴിഞ്ഞു. ഇനിയും കാവ്യലോകത്തേക്കു കടക്കാം. ജനസാമാന്യത്തെ ആകർഷിക്കുവാനായിരുന്നു അദ്ദേഹം ശ്രമിച്ചത്. അതിനവരെ ചിരിപ്പിക്കാതെ കഴിയുകയില്ലെന്നു മനശ്ശാസ്ത്രബോധമുണ്ടായിരുന്ന ആ കവി ഗ്രഹിച്ചിരുന്നു.

"ചിരിക്കുന്ന കഥകേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ല"

എന്ന് കുംഭകർണ്ണവധത്തിലും,

"വലിപ്പമുള്ളവർകൾക്കും-
വയസ്സുചെന്നവർകൾക്കും
കുലത്തിലുള്ളവർകൾക്കും-
നാരിമാർക്കും ശിശുക്കൾക്കും
ചിരിപ്പാൻസംഗതിയുള്ള കവികൾ-
ചൊല്ലിയെങ്കിൽ കേ-
ട്ടിരിപ്പാനാഗ്രഹമുണ്ടാമെന്നിയേ
സൽകഥകേട്ടാൽ
തിരിപ്പാനെന്തൊരുമാർഗ്ഗമെന്നു-
നോക്കുന്നവരേറും.

എന്നിങ്ങനെ ഹനുമദുദ്ഭവത്തിലും പറയുന്നതിൽനിന്ന് വ്യക്തമാവുമല്ലോ! തുള്ളൽകഥകളിലെവിടെയും രസപ്രദ

ങ്ങളായ ഫലിതങ്ങളുടെ പ്രവാഹം കണ്ടെത്താം. വീരരസ പ്രധാനങ്ങളായ കഥകളിൽപ്പോലും സന്ദർഭം സൃഷ്ടിച്ച് കുഞ്ചൻ ഫലിതം ചേർക്കുന്നുണ്ട്. കഥാകഥനത്തിലെന്നല്ല, അലങ്കാരപ്രയോഗത്തിലും പഴുതുണ്ടെങ്കിൽ ഫലിതത്തിൻെറ തരി തിരുകാതിരിക്കുകയില്ല.

കുഞ്ചൻെറ ഫലിത പ്രയോഗരീതി ഗ്രഹിക്കാൻ ഏതാനും ഉദാഹരണങ്ങൾ കേൾക്കാം. ഘോഷയാത്രയിൽ ചിത്രസേനനോടു കൗരവപ്പട തോറേറാടുന്നതു പാററകൾപോലെയാണെന്നും, നായന്മാർ മരങ്ങടെമൂട്ടിൽ കരിയിലയിട്ടു മൂടിയൊളിച്ചുവെന്നും, മാത്രമല്ല, മലയന്മാർ വേട്ടയാടാൻ വച്ചിരുന്ന വലയിൽ ചിലർ അകപ്പെട്ടുവെന്നും നമ്പ്യാർ പറയുന്നു. വേട്ടക്കാർവന്നു നോക്കിയപ്പോഴേ വലയിൽപ്പെട്ടത് മലയാളത്തിലെ മാരുഷനൊരുവനാ ണു പോലും. ചിലർ വെള്ളത്തിൽ ചാടിയൊളിക്കുന്നു. ഇനിയും ചിലരോ,

'മണ്ണിൽപലപല കുഴിയുണ്ടാക്കി-
പ്പൊണ്ണന്മാർ ചിലരവിടെയൊളിച്ചു
കണ്ണുമടച്ചു പുതച്ചുകിടന്നൊരു-
വണ്ണമുറക്കവുമങ്ങുതുടങ്ങി
കൊമ്പുകുഴൽക്കാർ ചെണ്ടക്കാരരു-
മമ്പുഭയപ്പെട്ടോടിനടന്നാർ;
കൊമ്പന്മാരുടെ കൊമ്പുമരത്തിൻ-
കൊമ്പുതടഞ്ഞുടനമ്പ തു ഭിന്നം;
മദ്ദളമരയിലുറപ്പിച്ചീടിന-
വിദ്വാനോടുക പാരംദണ്ഡം
മദ്ദളമൊരുവക കാട്ടിലെറിഞ്ഞി-
ട്ടുളിക്കീന്നഥധാവതിചെയ്തു.

ഒരുഭാഗത്തെ തോലുപിളർന്നി–
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പുക്കാൻ
പെരുവഴിതന്നിലുരുണ്ടുതിരിച്ചമന്നേ
പെരുതായുള്ളൊരുചെണ്ടക്കാരൻ. ആരാണീ ഭാ

ഗങ്ങൾ കേൾക്കുമ്പോൾ പൊട്ടിച്ചിരിക്കാത്തത്. സഭാപ്രവേശത്തിൽ ധാർത്തരാഷ്ട്രാദികൾക്കുണ്ടായ സ്ഥലജലവിഭ്രമവും ഇതുപോലെതന്നെ കുഞ്ചന്റെ നർമ്മബോധത്തിന്റെ വിജയവൈജയന്തിതന്നെ. തനിക്കമളിപിണഞ്ഞതില്ലെന്നും അനുജന്മാർ സൂക്ഷിക്കണമെന്നും ഉപദേശിച്ചിട്ട്, ദുര്യോധനൻ തന്നെ പിന്തുടരാൻ അനുജന്മാരോട് നിർദ്ദേശിക്കുന്നു. എന്നിട്ട് ആ കൗരവരാജാവ് സഭയിൽ പ്രവേശിക്കുന്നു.

"ദിവ്യസഭതന്നിൽ വന്നുകരേറി
ഭവ്യനായുള്ള സുയോധനഭൂപൻ
വെള്ളസ്ഫടിക സ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്കതുടങ്ങി
ഉള്ളിൽ വിളങ്ങുന്ന രത്നങ്ങൾ കണ്ടാൽ
തള്ളിയലയ്ക്കുന്ന നീരെന്നുതോന്നും;
നീരുള്ളടിക്കെന്നുറച്ചുപതുക്കെ
നീന്തുവാനുള്ളൊരു വട്ടങ്ങൾകൂട്ടി
വീരാളിപ്പട്ടു ചെരച്ചുകയററി
വീരൻ പതുക്കെപ്പദംകൊണ്ടുതപ്പി;
പിമ്പിൽ നടക്കുന്ന തമ്പിമാരെല്ലാം
മുമ്പിൽനടക്കുന്ന ചേട്ടനെപ്പോലെ
ചന്തത്തിലുള്ളൊരു പട്ടുമുയർത്തി
കുന്തിച്ചു കുന്തിച്ചു യാത്രതുടങ്ങി."
... ... ... ... ... ... ... ... ...

ഇങ്ങനെ സുയോധനാദികൾ ചെല്ലുന്നതുകണ്ടാൽ വൃകോദരൻ മാത്രമല്ല നാമും കൈകൊട്ടിച്ചിരിച്ചുപോകും.

നളചരിതത്തിൽ 'അരിശാതീരാഞ്ഞ്' പുരയ്ക്കുചുററു മോടിനടക്കുന്ന നായരുടെ ചിത്രവും നമ്പ്യാരുടെ സഹജമായ ഫലിതപ്രയോഗപാടവത്തിനു നികഷോപലമാണ്. ഇനിയുമൊരിടത്ത് പടവന്നു കയറിയപ്പോളുണ്ടായ കോലാഹലം,

"കണ്ടപ്പാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകരംപോയി
ചക്കിപ്പെണ്ണിനു ചരടും മിന്നുമ-
ലക്കിയതോരൻമുണ്ടും പോയി." എന്നിങ്ങനെയാണെന്നു പറയുന്നു നമ്പ്യാർ. പഞ്ചതന്ത്രോപാഖ്യാനത്തിലെ 'കാലനില്ലാത്തകാലവും' മററും ഫലിതമയമായ കല്പനകൾ നിറഞ്ഞവയത്രേ. (ആ ഭാഗം മുമ്പുദ്ധരിച്ചിട്ടുള്ളതുനോക്കുക). സ്വാഭാവികങ്ങളായ സന്ദർഭങ്ങളാണ് ഫലിതത്തിനു നമ്പ്യാർ ഉപയോഗിക്കുന്നത്. ജീവിതവീക്ഷണം, അതു നർമ്മബോധത്തോടുകൂടിയാവാൻ നമ്പ്യാർ നടത്തുന്ന ശ്രമമാണ് അദ്ദേഹത്തിന്റെ ഫലിതത്തിനടിസ്ഥാനം. വളരെയേറെ ഉദാഹരണങ്ങൾ തുള്ളൽകഥകളിലേക്കിറങ്ങിച്ചെല്ലുന്ന അനുവാചകന് കണ്ടെത്താൻ വിഷമമില്ല. മലയാളത്തിന്റെ പൊട്ടിച്ചിരിയാണ് യഥാർത്ഥത്തിൽ തുള്ളലുകളിൽക്കാണുന്നത്. തുള്ളൽക്കവിതയുടെ ജീവൻ സൂക്ഷ്മമായി പരിശോധിച്ചാൽ അവയിലുൾക്കൊണ്ടിട്ടുള്ള ഫലിതങ്ങളാണെന്നു നിസ്സംശയം ഏതു നിഷ്പക്ഷമതികൾക്കും തോന്നാതിരിക്കുകയില്ല.

## 5 പരിഹാസം

സാമൂഹ്യപരിഷ്കരണമായിരുന്നു കുഞ്ചന്റെ ലക്ഷ്യം. അതിന് അദ്ദേഹം സ്വീകരിച്ച മാർഗ്ഗം, പരിഹസിച്ചു നന്നാക്കുകയെന്നതായിരുന്നു. ആർക്കും ഇഷ്ടപ്പെടില്ലല്ലോ ഈ പദ്ധതി. കയ്പുള്ള മരുന്ന് പഞ്ചസാരയിൽ പൊതിഞ്ഞു

കൊടുക്കുമ്പോലെ ഫലിതത്തിൽ പൊതിഞ്ഞ് അദ്ദേഹം പരിഹസിക്കുന്നു.

എരിവും മൂർച്ചയുമുള്ള പരിഹാസം വെട്ടിത്തുറന്നു തട്ടിവിടുന്ന ഒരു കവിയായിരുന്നു കുഞ്ചൻ. അദ്ദേഹം

"ഒരുത്തർക്കും ലഘുത്വത്തെ വരുത്തുവാൻ മോഹമില്ല
ഒരുത്തനും പ്രിയമായിപ്പറവാനും ഭാവമില്ല" എന്ന്

തുറന്നുപറഞ്ഞുകൊണ്ടാണ് കാവ്യം ആരംഭിക്കുന്നതുതന്നെ. മാത്രവുമല്ല,

'കഥയിൽ സാംഗതിചേർത്തു കഥിക്കേണമതിൽക്കൂടി
കഴിക്കേണ്ടിവരും കുത്തുകവികളും ചിലദിക്കിൽ:

എന്നു കൂടി പറഞ്ഞ് തന്റെ നിലപാട് വ്യക്തമാക്കുകയും ചെയ്യുന്നു. ചാക്യാന്മാർ സന്ദർഭമുണ്ടാക്കി സാമൂഹ്യവിമർശനം നടത്തിയിരുന്നു. അതുപോലെ കഥാകഥനത്തിനിടയിൽ ആവശ്യാനുസരണം പശ്ചാത്തലം സൃഷ്ടിച്ച് നമ്പ്യാരും സമൂഹത്തിലെ ദുഷ്പ്രവണതകളെ പരിഹസിച്ചു. സമുദായത്തിലെ ഒരു വിഭാഗംപോലും അദ്ദേഹത്തിന്റെ കണ്ണിൽ പ്പെടാതിരിക്കുന്നില്ല. കരുണയില്ലാത്ത ഭരണാധികാരികൾ, ഏഷണിക്കാരായ രാജസേവകർ, കൈക്കൂലിക്കാരും കാമകിങ്കരുമായ ഉദ്യോഗസ്ഥന്മാർ, ബഹുഭാര്യാത്വം അന്തസ്സാണെന്നു ധരിച്ചവരായ പ്രഭുക്കൾ, ഭാര്യയ്ക്കു ദാസ്യപ്രവൃത്തി ചെയ്യുന്ന ഭർത്താക്കന്മാർ, ഭർത്താക്കന്മാരെ കുഞ്ചിരാമനാടിക്കുന്ന ഭാര്യമാർ, കറുപ്പിനും കള്ളിനും വേണ്ടി ആയുധം പണയം വയ്ക്കുന്ന നായന്മാർ, കള്ളു കുടിച്ചു തൊണ്ണ തുറക്കുന്ന ഭടന്മാർ, ബാന്ധവത്തിനു വെപ്രാളം പിടിക്കുന്ന നമ്പൂതിരിമാർ, എന്നു വേണ്ട എല്ലാത്തരം ആളുകളേയും അദ്ദേഹം പരിഹസിക്കുന്നു.

നായന്മാരേയും പരദേശബ്രാഹ്മണരേയുമാണ് നമ്പ്യാർ കൂടുതൽ പരിഹസിച്ചത്. അവരുമായിട്ടായിരുന്നല്ലോ നമ്പ്യാർക്കു കൂടുതൽ സമ്പർക്കവും. എന്നാൽ അവരുടെ മെച്ചം എടുത്തു പറഞ്ഞു പ്രശംസിക്കാനും അദ്ദേഹം മടിച്ചിരുന്നില്ല. നായന്മാരുടെ വീടുകൾ തോറും മായാഭഗവതി വിളയാടുന്നു എന്നിങ്ങനെ നമ്പ്യാരുടെ വിമർശനം സഹിക്കവയ്യാഞ്ഞിട്ട് പലരും അദ്ദേഹത്തെ പ്രതിവിമർശനം നടത്തിയിരുന്നുവെന്ന് 'അറിയാത്ത മഹാമൂഢൻ തെറിവാക്കു പറയുമ്പോളെറിഞ്ഞു കാലൊടിക്കുമെന്നറിഞ്ഞുകൊൾവിന്നെല്ലാരും എന്ന പ്രസ്താവം തെളിയിക്കുന്നു. പ്രതിവിമർശനങ്ങൾ മൂലം തന്റെ ലക്ഷ്യം സാധിച്ചിരുന്നതായും കരുതാൻ ന്യായമുണ്ട്.

നമ്പ്യാർ ഓരോ വിഭാഗക്കാരേയും പരിഹസിക്കുന്നതെങ്ങനെയെന്നു നോക്കാം.

നായന്മാരെ രുക്മിണി സ്വയംവരത്തിൽ

"നായന്മാരെക്കൊണ്ടൊരുഫലമി-
ല്ലായുധമുള്ളവർ തന്നെ ചുരുക്കം
കള്ളു കുടിക്കാനല്ലാതൊന്നിനു-
കൊള്ളരുതാത്ത ജളന്മാരേറും" എന്നിങ്ങനെ

കളിയാക്കുന്നു.

ഘോഷയാത്രയിൽ സ്ത്രീകളെക്കൊണ്ടു നായന്മാരെ പരിഹസിപ്പിക്കുന്നു.

"മറെറാരുപുരുഷൻ വീട്ടിൽവരുമ്പോ-
ളേററം നമ്മുടെ നായർകലമ്പും
കുററം വാശ്ശതുമൊന്നുണ്ടാക്കി-
ക്കൊററുമുട്ടക്കാൻ മടിയില്ലവനും

ഉള്ളോരുനെല്ലും പണവും പോടെ
കള്ളുകുടിച്ചു കുടിച്ചുമുടിച്ചു.
കഞ്ഞികുടിക്കാനില്ലാഞ്ഞെന്നുടെ
കുഞ്ഞുകളേററുനടക്കാതായി."

പരാക്രമം നടിച്ചു യുദ്ധത്തിനു ചെല്ലുകയും ഞാണൊലി കേൾക്കുമ്പോൾ തിരിച്ചോടുകയും ചെയ്യുന്നവരേയും പരിഹസിക്കുന്നതിനതിരില്ല. നായന്മാരുടെ ദുർവ്യയശീലം, അലസത, മദ്യപാനം എന്നിവയാണദ്ദേഹം കൂടുതലും പരിഹസിച്ചത്.

ഇനിയും പട്ടന്മാരെ വിമർശിക്കുന്ന രീതി ശ്രദ്ധിക്കാം. അവരോടു വിരോധമുണ്ടായിരുന്നുവോ എന്നു സംശയിക്ക വിധത്തിൽ കർക്കശമാകുന്നുണ്ട് പരിഹാസം.

രുക്മിണീസ്വയംവരത്തിൽ,

"കിട്ടിയതൊന്നും മതിയാകില്ല
പട്ടന്മാർക്കതു ബോധിക്കേണം" എന്നു മാത്രമല്ല സദ്യയും ഉൽസവമുള്ളിടത്തെല്ലാം ചെന്ന്,

"പട്ടും പൊന്നും പണവുമിതെല്ലാം
കെട്ടുകൾ കൊണ്ടങ്ങിരുമുടിയാക്കി"

ക്കൊണ്ടുപോകുന്നതായും വർണ്ണിക്കുന്നു. അവരുടെ ഊണിനെ വർണ്ണിക്കുന്നതു വളരെ രസപ്രദമായ രീതിയിലാണ്.

"രണ്ടുവല്ലം നിറച്ചുള്ള പർപ്പടത്തെപൊടിച്ചിട്ടു
രണ്ടു കൊട്ടപ്പഴംകൂട്ടിത്തൊലിച്ചിട്ടൊന്നമർത്തീട്ടു
അഷ്ടഗന്ധംപോലെയാക്കി യെട്ടുശേഷിച്ചൊട്ടു-
തിന്നും
പട്ടരുണ്ണുന്നതുകണ്ടാൽ ശേഷ്ടിയല്ലാ-
തൊന്നുമില്ല" (പഞ്ചേന്ദ്രോപാഖ്യാനം)

പാചകക്കാരായ പട്ടന്മാരെക്കുറിച്ച്,

"അച്ചികൾവന്നുവിളിച്ചെന്നാകി-
ലെംളിച്ചുകൊടുക്കും ചോറുംകറിയും"

എന്നും, അവരുടെ കച്ചവടത്തെക്കുറിച്ച്,

"പട്ടന്മാരൊടു വസ്ത്രമെടുത്താൽ
പൊട്ടന്മാരിഹ തോൽക്കേയുള്ളൂ.
എട്ടുപണം വിലയുള്ളതിനവർ
പതിനെട്ടുപണം വിലവച്ചുകൊടുക്കും" എന്നും

അദ്ദേഹം പറയുന്നു. ഇങ്ങനെ പട്ടന്മാരെ പരിഹസിക്കുന്ന നമ്പ്യാർ നമ്പൂതിരിമാരെ പിടികൂടുന്നതെങ്ങനെയെന്നു കാണൂ.

"മുതുവിപ്രന്മാർ പണമെന്നോർത്താൽ
പുതുവിപ്രൻതാനെന്നൊരു ഭാവം
കാശിക്കപ്പുറമെങ്കിലുമിന്നൊരു
കാശിനുവകയുണ്ടെങ്കിൽ മണ്ടും
എഴുപത്തെട്ടുവയസ്സുതികഞ്ഞൊരു
കിഴവബ്രാഹ്മണനിതാപോകുന്നു.
കൊടുവെയിൽത്തട്ടിച്ചുട്ട കഷണ്ടിയി-
ലൊരുപിടിനെല്ലാൽ മലരുപൊരിക്കാം"

(സത്യാസ്വയംവരം).

എന്നിങ്ങനെ നമ്പൂതിരിമാരുടെ പണക്കൊതിയേയും അതിനുവേണ്ടി സഹിക്കുന്ന വൈഷമ്യത്തെയുംകുറിച്ചു കളിയാക്കുന്നു. അവരുടെ സംബന്ധപ്രിയത്തെ,

"നമ്പൂരാർക്കു പ്രതിഗ്രഹമെന്നാ-
ലമ്പതുവഴിയൊരഹസ്സിൽ നടക്കാം" എന്നിങ്ങനെ

യും പരിഹസിക്കുന്നു, രുക്മിണീ സ്വയംവരത്തിൽ.

അദ്ദേഹം താൻകൂടി അംഗമായിട്ടുള്ള അമ്പലവാസി സമുദായത്തെ പരിഹസിക്കുന്നതെങ്ങനെയെന്നുള്ളത് രസാവഹമായിരിക്കുമല്ലോ!

"എമ്പ്രാനൽപ്പം കട്ടുഭുജിച്ചാ-
ലമ്പലവാസികളൊക്കെക്കക്കും." എന്നും
"കാരിയക്കാരൻ നമ്പൂതിരിയച്ഛൻ
വാരിയപ്പെണ്ണിനുടുപ്പാൻകൊടുത്തു." എന്നിങ്ങനെയും അമ്പലവാസിഗൃഹത്തിൽ നമ്പൂതിരിമാർ നടത്തുന്ന 'മുണ്ടുകൊട'യേയും വിമർശിക്കുന്നു.

മാപ്പിളമാർക്കു ചാകാൻ മനസ്സില്ലപോലും നോക്കൂ,
"പത്തുനൂറുവയസ്സായിട്ടൊരുവസ്തുതിരിയാത്ത-
മൂത്തമാപ്പിളയ്ക്കു ചാകാൻ മനസ്സില്ലാത്തതു കഷ്ടം"

സാമൂഹ്യദോഷങ്ങളെ പരിഹരിക്കുന്ന നമ്പ്യാർ ബഹുഭാര്യാത്വത്തെ,

"രണ്ടുകളത്രത്തെയുണ്ടാക്കിവയ്ക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും" എന്നും
ഭാര്യയ്ക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവരെ,

"അച്ചിയ്ക്കു ദാസ്യപ്രവൃത്തിചെയ്യുന്നവൻ
കൊച്ചിയ്ക്കുപോയങ്ങുതൊപ്പിയിട്ടീടണം"
എന്നിങ്ങനെയും പരിഹസിക്കുന്നു.

ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തെ വിമർശിക്കുന്ന നമ്പ്യാർ 'ചുങ്കമെടുത്തും പിഴചെയ്യിച്ചും കൈക്കൂണതിനു കൺമുന്നയിട്ടും കഴിയുന്നവരെയും കൈക്കൂലി മേടിച്ചുകൊണ്ടു ശുപാർശ ചെയ്യുന്ന കാരിയക്കാരന്മാരെയും,

"നേരില്ലാത്തോൻ കാര്യക്കാരനു
ചേരും ദ്രവ്യമെടുത്തുകൊടുത്താൽ
നേരുള്ളവനെ ശഠനെന്നുള്ളൊരു
പേരുംനൽകിപ്പുറത്തയയ്ക്കും" എന്നിപ്രകാരം വിമർശിക്കുന്നു. ജ്യോതിഷക്കാർ, മന്ത്രവാദികൾ തുടങ്ങിയവരെ തരംകിട്ടുമ്പോഴെല്ലാം നമ്പ്യാർ തല്ലുന്നുമുണ്ട്.

നമ്പ്യാർ തന്റെ കൃതികളെ വിമർശിച്ചവരെ,
"കുറവും കുററവും നോക്കിപ്പറവാനങ്ങൊരുകൂട്ടം
തുറകണ്ണും മിഴിച്ചങ്ങു മറുഭാഗേവസിക്കുന്നു." എന്നു കുററപ്പെടുത്തുന്നു.

ഇമ്മാതിരി പരിഹാസങ്ങളൊന്നും മനഃപൂർവം യശസ്സു കെടുത്താനല്ല നമ്പ്യാർ നടത്തിയത്. പ്രത്യുത, മലീമസമായിക്കിടന്നിരുന്ന സമുദായത്തെ ശുദ്ധമാക്കി സദാചാരത്തിന്റേയും മൂല്യം വർദ്ധിപ്പിക്കാനായിരുന്നു. മനുഷ്യവിദ്വേഷമല്ല, മനുഷ്യസ്നേഹമാണ് അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്നത്.

## 6. തുള്ളലുകളിൽ കാണുന്ന കേരളീയത്വം.

പുരാണേതിഹാസങ്ങളിൽ നിന്നായിരുന്നു കുഞ്ചൻനമ്പ്യാർ തുള്ളലുകൾക്ക് ഇതിവൃത്തം സ്വീകരിച്ചത്. ആ കഥകൾ നടന്ന കാലം, സ്ഥലം, കഥാപാത്രങ്ങൾ എന്നിവ നമുക്കജ്ഞാതമാണ്. സാധാരണക്കാരായ ജനങ്ങൾക്കു വേണ്ടിയാണദ്ദേഹം എഴുതിയത്. മാത്രമല്ല, അവയിൽ അതിനു സഹായകമായി ഫലിതപരിഹാസങ്ങൾ വാരിവിതറുകയും ചെയ്തു. പുരാണകഥാപാത്രങ്ങളുടെ ചെയ്തികളിൽ സാധാരണക്കാർ എങ്ങനെ രസിക്കും. ഈ ദോഷങ്ങൾക്കെല്ലാം പരിഹാരം അദ്ദേഹം കണ്ടെത്തി. കഥാപാത്രങ്ങളെ കേരള

ത്തിൽ കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. ദേവന്മാർക്കും രാജാക്കന്മാർക്കും അകമ്പടി സേവിക്കാൻ കേരളത്തിലെ ഭടന്മാരെ നിയോഗിച്ചു. അടിച്ചുതളിക്കാനും വെയ്ക്കാനും വിളമ്പാനും വിറകു കീറാനും ഇവിടത്തെ സ്ത്രീകളെയും നായർ നമ്പൂതിരി പട്ടന്മാരേയും നിയോഗിച്ചു. അപ്രകാരം പൗരാണിക കഥയ്ക്ക് കേരളീയാന്തരീക്ഷവും കഥാപാത്രങ്ങളായി കേരളീയരെയും പ്രതിഷ്ഠിച്ചു. എന്നിട്ട് തനിക്കു ചുററും കണ്ട ജനജീവിതത്തിലേക്ക്, താൻകൂടി അംഗമാകുന്ന സമുദായത്തിലേക്ക് അദ്ദേഹം കണ്ണോടിച്ചു. സമുദായത്തിൻെറ വിഢ്ഢിത്തങ്ങളെ ചൂണ്ടി പരിഹസിച്ചു. അപ്പോൾ പൗരാണിക കഥകൾ ഗ്രഹിക്കാൻ സാധാരണക്കാർക്കു കഴിഞ്ഞു. മാത്രമല്ല, അതവർ അനുഭവിച്ച് ആനന്ദിച്ചു.

പുരാണകഥാപാത്രങ്ങൾ നമ്പ്യാർക്ക് സുപരിചിതരായിരുന്നു. തൻെറ ഭാവനയ്ക്കിണങ്ങുംവിധം അവരെ പുനരവതരിപ്പിച്ചു. നളദുര്യോധന രാവണന്മാർ അങ്ങനെ കേരളരാജാക്കന്മാരായി മാറുന്നു. നമ്പ്യാരുടെ ഹാസ്യത്തിനും അടിസ്ഥാനം മറെറാന്നല്ല. കഥാപാത്രങ്ങളെ കേരളമണ്ണിൽ കുടിപാർപ്പിക്കാൻ കഴിഞ്ഞതിൽ അനുഭവരസികത വേണ്ടുവോളമുണ്ടാകുന്നു. നമ്പ്യാരെ നമ്പ്യാരാക്കിയത് തുള്ളലും, തുള്ളൽക്കഥകളെ തുള്ളൽക്കവിതകളാക്കിയത് ഹാസ്യവും അതിനുപോൽ ബലകമായത് കേരളീയാന്തരീക്ഷവും.

ദുര്യോധനരാവണാദികളെ നമ്പ്യാർ ചിത്രീകരിക്കുന്നത് കേരളത്തിലെ വങ്കപ്രഭുക്കന്മാരായിട്ടാണ്.

ബാണൻെറ പട്ടണത്തിലും നടക്കുന്ന ബഹളം
'വടിയിങ്ങോട്ടെടു കുഞ്ഞിപ്പെണ്ണേ

വഴി ഞാനിവിടെ കണ്ടില്ലെന്നും' മററും ഒരു കേരളീയഗൃഹത്തിൽ ഉണ്ടാകാവുന്ന ഭ്രാന്തിപോലെയോ. അർജ്ജുനൻ പാതാളത്തിൽ ചെല്ലുമ്പോൾ അവിടെ,

'യമദൂതന്മാർ കള്ളുകുടിക്കും നായന്മാരുടെ ചെള്ളക്കു ചിമുക്കുന്നതു കാണുന്നു. നായരും പട്ടരും അച്ചിമാരും എവിടേയും—ഹസ്തിനപുരിയിലും വിദർഭയിലും ഇന്ദ്രപ്രസ്ഥത്തിലും ദ്വാരകിയിലുമെല്ലാമുണ്ട്. ഘോഷയാത്രകൾ, വിവാഹാഘോഷങ്ങൾ, സദ്യമേളങ്ങൾ, യുദ്ധങ്ങൾ എന്നിവയെല്ലാം ഇക്കൊച്ചു കേരളത്തിൽ നടക്കുന്നവതന്നെ. അമ്പലപ്പുഴയിലേയും തിരുവനന്തപുരത്തേയും തൃത്താലി ചാർത്തലിൽക്കാണുന്നവയാണ് ആചാരവിധികൾ വിവാഹത്തിനും മററും. രാജാക്കന്മാരുടെ എഴുന്നള്ളത്ത് കേരളരാജാക്കന്മാരുടെ എഴുന്നെള്ളത്തുതന്നെ.

ഉദാ:—സദ്യവട്ടങ്ങൾ,

"പപ്പടവും പഴവും പഞ്ചാരയു-
മപ്പം വടകളുമുപ്പേരികളും
നെയ്യും നല്ല പരിപ്പും പാലും
പച്ചടികിച്ചടി വേപ്പിലമാങ്ങ
നാരങ്ങാക്കറി പുളിയിഞ്ചികളും
ചക്കപ്രഥമനടപ്രഥമൻ പുന-
രൊക്കെയുമോ ലോലക്കറിയിങ്ങനെ
ശർക്കരചേർത്തു വറുത്തപദാർത്ഥം
മുഷ്ക്കരമാകിന നേന്ത്രപ്പഴവും
കണ്ണൻപഴവും വണ്ണൻപഴവും
കാളിപ്പഴവും കദളിപ്പഴവും
കന്നിൻതയിരും കാളിയമോരു-
മിതൊന്നും കുറവില്ലത്ര ചെലുത്താം!!

(സീതാസ്വയംവരം)

യുദ്ധവർണ്ണന,

വെട്ടുകൾ ചിലതട്ടുകൾ മുട്ടുകൾ—
തടവുകൾ മററൊരുമിക്കിൽ
അടികളുമഥ പിടികളുമിടികളു മിളകിന—
പൊടികളുമുടനെ
അടിമുടി തടിപൊടിയുമൊരടവു—
കളുടനുണ്ടൊരുമിക്കിൽ
വില്ലുകളുടെ വിളയാട്ടം—
പടതല്ലുകളെല്ലുതകർത്തും
കല്ലുകൾ മരമൊരുവക മല്ലകൾ—
പല്ലുകടിച്ചുപൊടിച്ചും.

(സത്യാസ്വയംവരം)

ദുര്യോധനൻ ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു എഴുന്നെള്ളുന്നത്.

"ചന്ദനംപനിനീരു കുങ്കുമകളഭലളിതജവാതുവും
ചന്തമേറിന പുഴുകുമഴകൊടിഴുകിമെയ്യിലശേഷമേ
സ്വർണ്ണമണിയമകുട കടകകിരീടഭൂഷണഭൂഷിതൻ
കർണ്ണയുഗമതിലധിക വിലസിത—
കുണ്ഡലങ്ങളണിഞ്ഞുടൻ

... .... ... ... ...

ഉന്നതം കുട, ചാമരം, തഴകൊടികളിടകലരും വിധം."

ഇപ്രകാരമാണ്. ഒരു കേരളരാജാവിൻെറ എഴുന്നെള്ളത്തല്ലേ യഥാർത്ഥത്തിലിത്?

കാർത്തവീര്യാർജ്ജുനവിജയത്തിൽ രാവണൻ നൽകുന്ന കൽപന, തോററുപോയ ഒരു കേരളരാജാവിനോട് ജയിച്ച രാജാവ് കൽപിക്കുംപടിയത്രേ!

"കപ്പംതരണം കാലംതോറും
വിളവിൽപാതി നമുക്കുതരേണം
മുളകുസമസ്തവുമേൽപിക്കേണം
തെങ്ങുകമുങ്ങുകൾ മാവും പ്ളാവും
എങ്ങുമെനിക്കിഹ കണ്ടെഴുതേണം"

ശ്രീരാമധർമ്മപുത്രനളാദികൾ ധർമ്മിഷ്ഠരായ കേരളീയ പുരുഷന്മാരും സീതാദമയന്തിമാർ ഇവിടത്തെ പതിവ്രതകളായ സതീരത്നങ്ങളുമാണ്. തുള്ളലുകളിൽ കീചകവധത്തിൽ സൈരന്ധ്രി ചെയ്യുന്ന ജോലികൾ ഒരു കേരളീയഗൃഹത്തിൽ അടുക്കളക്കാരി ചെയ്യേണ്ടുന്നവതന്നെ. സഭാപ്രവേശത്തിൽ അർജ്ജുനനു സഭ നിർമ്മിക്കുന്ന മയൻ ഒരു കേരള മൂത്താശാരിതന്നെ. നോക്കൂ, അദ്ദേഹത്തിൻെറ പണിയുടെ തുടക്കം.

"സാദരമേവം പറഞ്ഞു മയൻ ഗുരു-
പാദസരോജങ്ങളോർത്തുടനേ,
വേദിയന്മാരെ വണങ്ങി മുദാ നാലു-
വേദങ്ങളേയും നമസ്കരിച്ചു.
കോടാലി കൈയിലെടുത്തുമെല്ലെയൊട്ടും
കോടാതെ തഞ്ചത്തിൽ താണുനിന്നു
വാടാതെ കോടാലികൊണ്ടൊരു താമസം-
കൂടാതെ വെട്ടീ മഹീതലത്തിൽ."

ഇന്ദ്രപ്രസ്ഥത്തിലെ ഉൽസവമേളങ്ങളിൽ കാണുന്ന പ്രധാന കലാപരിപാടികൾ ഏവയെന്നറിയേണ്ടേ ?

"പന്തുമാടുക ചിന്തുപാടുക പകിടകളി ചതുരംഗവും
പന്തണിക്കുളിർകൊങ്കമാരുടെ പടുതതടവിന നടനവും
ചന്തമേറിന ചാക്കിയാരുടെ കൂത്തുമൊരുവക മേളവും
കുന്തമേറുകൾ തപ്പുകൊട്ടുകൾ ചെപ്പടിക്കളി കലശലും

പാണ്ടിമേളമുരുട്ടുചെണ്ട കുറുംകുഴൽ ഇടിനാളവും
ആണ്ടിയാട്ടവുമായുധക്കളിപോരകം പല ചാട്ടവും
തിത്തിമദ്ദളവേണുവീണകൾ തിമിലതകിൽമുഖ-
വീണയും
കൂത്തിവകെല്ലാരു പാവകളികളു,മഖിലദിശിബഹു-
വിസ്മയം"

എന്നിവകളാണ്, അവ. ഇതെല്ലാം തിരുവനന്തപുരത്തും അമ്പലപ്പുഴയിലെയും ഉൽസവാഘോഷങ്ങളിലുള്ളതല്ലേ ?

കൃഷി ചെയ്യുന്നവിധം, പുരാണ ലോകങ്ങളിലെ പേരുകൾ, ആയുധങ്ങൾ, കച്ചവടങ്ങൾ എന്നുവേണ്ട നമ്പ്യാർ വർണ്ണിക്കുന്ന വസ്തുക്കളും രാഗങ്ങളുമെല്ലാം ഇക്കൊച്ചു കേരളത്തിലേ വതന്നെ. ഇങ്ങനെ പൗരാണികാന്തരീക്ഷത്തേയും കേരളീയജീവിതത്തേയും നമ്പ്യാർ യോജിപ്പിച്ചിരിക്കുകയാണു തുള്ളലുകളിൽ. അദ്ദേഹത്തിൻെറ പരിഹാസത്തിനു പാത്രമാവുന്നവരെല്ലാം കേരളീയർതന്നെ.

## നമ്പ്യാർ ജനകീയകവി

കുഞ്ചൻനമ്പ്യാർ മലയാളത്തിലെ ആദ്യത്തെ ജനകീയ കവിയാണ്. ജനകീയകവിതയ്ക്കുവേണ്ട ഗുണങ്ങൾ എല്ലാം അദ്ദേഹത്തിൻെറ കവിതയ്ക്കുണ്ട്. ആത്മാർത്ഥത, ആർജ്ജവം, ലാളിത്യം, ഗാനാത്മകത്വം ഇവ തുള്ളൽക്കവിതയിലുണ്ട്. വിഷയത്തിലാണിനിയും നോക്കേണ്ടത്. സാമാന്യജനങ്ങളുടെ ജീവിതത്തെ —അവരുടെ വികാരവിചാരാദികളെയും അഭിലാഷത്തെയുമാണ് അദ്ദേഹം വിഷയമാക്കിയത്. കഥകൾ പൗരാണികമെങ്കിലും അവയ്ക്കു കേരളീയത്വത്തിൻെറ പരിവേഷമുണ്ട്. അദ്ദേഹം തുള്ളൽക്കഥകൾ രചിച്ചത് സാധാരണക്കാരെ ഉദ്ദേശിച്ചായിരുന്നു. അവരുടെ ജീവികാചലനങ്ങൾ ഉൾക്കൊള്ളുകയും ആവിഷ്ക്കരിക്കുകയും ചെയ്തു.

കവിതയിലൂടെ ഒരു സാമൂഹ്യവിപ്ലവം സൃഷ്ടിക്കുകയും ചെയ്തു.

ഭാഷാപരമായും തുള്ളൽക്കവിത ജനകീയതയുടെ കോടിയിൽത്തന്നെ. 'ഭടജനങ്ങളുടെ ഭാഷയിൽ അവരുടെ പടയണിയാണു നമ്പ്യാർ നടത്തിയത്. അതിനു സംസ്കൃതകവിയുടെ പോരായ്മ യുക്തിപൂർവം തെളിയിക്കുകയും ചെയ്യുന്നുണ്ട്. പ്രാചീനകാലത്ത് നിലവിലിരുന്ന സംഭാഷണശകലങ്ങൾ, പഴഞ്ചൊല്ലുകൾ, ലോകോക്തികൾ എന്നിവ വളരെയേറെ അദ്ദേഹം തുള്ളലുകളിൽ ഉപയോഗിച്ചു. അവയോ, സാമാന്യജനങ്ങളുടെ ജീവിതത്തിൽ അലിഞ്ഞുചേർന്നവയും.

കുഞ്ചൻ ജീവിച്ചിരുന്നത് ഫ്യൂഡലിസ്ററ് വ്യവസ്ഥിതിനിലവിലിരുന്ന ഒരു കാലത്തായിരുന്നു. കവികളും കലാകാരന്മാരും കൊട്ടാരവളപ്പിൽ ആയിരുന്നു കഴിഞ്ഞുകൂടിയിരുന്നത്. പുറത്തുള്ള ജനങ്ങളുടെ ജീവിതത്തിലേക്ക് അവർക്ക് നോക്കിക്കാണാൻ കഴിഞ്ഞിരുന്നില്ല. നമ്പ്യാരാകട്ടെ പുറമേയ്ക്കു കണ്ണോടിച്ചു. ആവുന്നത്ര ഉച്ചത്തിൽ കണ്ടതെല്ലാം വിളിച്ചുപറയുകയും ചെയ്തു. പുരാണകഥകളുടെ മറവിലായിരുന്നു അതെല്ലാം ചെയ്തത്. എങ്കിലും ആ കാലഘട്ടത്തെസ്സംബന്ധിച്ചിടത്തോളം നമ്പ്യാർ ഏററവും വലിയ ഉത്പതിഷ്ണുതന്നെയായിരുന്നു.

ജനങ്ങൾക്ക് എളുപ്പം രസിക്കാവുന്നവയാണ് തുള്ളലുകളിലെ രസം. ഫലിതപരിഹാസങ്ങൾ ആർക്കാണപ്രിയമാവുക! ശൃംഗാരം നമ്പ്യാർ വർണ്ണിക്കുന്നതിൽ അൽപം അതിരുകടക്കുന്നുണ്ട്. കാരണമതിനുണ്ട്. ദുഷ്പ്രഭുക്കളുടെ നഗ്നജീവിതത്തെ വരയ്ക്കാനായിരുന്നു അദ്ദേഹം മഷി കൂട്ടുതലായിച്ചേർത്തത്. അതുകൊണ്ടതിൽ അലോഗ്യമുണ്ടാവേണ്ട

കാര്യമില്ല. അദ്ദേഹത്തിൻെറ സംസ്ക്കാരവും ഇതരകവികളിൽ നിന്നും ഭിന്നമായിരുന്നുതാനും. ഫലിതപരിഹാസങ്ങൾ പതഞ്ഞുപൊങ്ങിക്കൊണ്ടിരിക്കുകയാണ് അക്കൃതികളിൽ. യഥാർത്ഥത്തിൽ മലയാളത്തിൻെറ പൊട്ടിച്ചിരി തുള്ളലുകളിൽ മുഴങ്ങുന്നു.

ജനങ്ങൾക്കുവേണ്ടി തൂലിക ചലിപ്പിച്ച കവിയായിരുന്നു കുഞ്ചൻ സാധാരണ ജനങ്ങളുടെ വികാരവിചാരാദികളെ യഥാർത്ഥമായി ചിത്രീകരിക്കുകയല്ലേ ജനകീയ കവി ചെയ്യേണ്ടത്? അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനല്ലേ, ശ്രമിക്കേണ്ടത്? അവരുടെ സമുദായത്തിൻെറ കെട്ടുറപ്പ് ഉറപ്പിക്കുകയല്ലേ ചെയ്യേണ്ടത്? അതെല്ലാമാണല്ലോ കുഞ്ചൻനമ്പ്യാർ നിർവ്വഹിച്ചതും. അല്പം അതിശയോക്തി ആവശ്യമായിരുന്നു അതിനെല്ലാം. അതുകൊണ്ട് അദ്ദേഹത്തിൻെറ മഹത്വം താഴുകില്ലതന്നെ. ഇങ്ങനെ അപഗ്രഥിച്ചുനോക്കിയാൽ കലക്കത്തു കുഞ്ചൻനമ്പ്യാർ മലയാളത്തിൻെറ ആദ്യത്തെ ജനകീയ കവിയല്ലെന്നാർക്കു പറയാൻ കഴിയും?

**മലയാളസാഹിത്യത്തിൽ കുഞ്ചൻനമ്പ്യാർക്കുള്ള സ്ഥാനം:**

സ്വന്തമായി ഒരു കലാപ്രസ്ഥാനവും സാഹിത്യ പ്രസ്ഥാനവും അവതരിപ്പിച്ച് മലയാളികളെ കുടുകുടെ ചിരിപ്പിച്ച അസാമാന്യ പ്രതിഭയും അന്യാദൃശമായ വ്യക്തിത്വവുമുണ്ടായിരുന്ന ഒരു മഹാകവിയാണ് കലക്കത്തു കുഞ്ചൻ നമ്പ്യാർ. കഥകളിപോലെതന്നെ കേരളത്തിന്നഭിമാനിക്കാൻ ഉതകുന്ന ഒരു കലാരൂപമത്രേ, തുള്ളലും.

കണ്ടിട്ടില്ലാത്തതിനെ കൺമുമ്പിൽ കാട്ടിത്തരാൻ അദ്ദേഹത്തിനു കഴിഞ്ഞു. അനുവാചകരിൽ ഊറികൂടിയിരുന്ന വാസനകളെ തട്ടിയുണർത്തി ഉചിതമായ പശ്ചാത്തലത്തിൽ

പ്രദർശിപ്പിച്ചു. അദ്ദേഹം സ്വീകരിച്ചത് ഇതിഹാസോദ്ധൃതങ്ങളായ ഇതിവൃത്തങ്ങളാണെങ്കിലും അവയെ നിത്യനൂതനത്വമുള്ളവയാക്കി മാററി. ഭാവനയുടെ വിമാനത്തിൽ നാം നമ്പ്യാരോടൊത്തു യാത്രചെയ്യുകയാണെങ്കിൽ സ്വർഗ്ഗനരകങ്ങൾ മാത്രമല്ല, കാലനില്ലാത്ത ഒരു ലോകവും വായുവില്ലാത്ത ഒരു ലോകവും കാണാൻ കഴിയും. അതോടൊപ്പംതന്നെ സ്വാനുഭവങ്ങളെ അനുഭവതീവ്രതയോടു വായനക്കാർക്കു കാട്ടിക്കൊടുക്കാനും കഴിയുന്നു. അതുകൊണ്ടാണ് അപ്രതിമപ്രതിഭനാണദ്ദേഹമെന്ന് പറഞ്ഞത്.

ഭാരതീയ സാഹിത്യത്തിലും ശാസ്ത്രമണ്ഡലങ്ങളിലും ഉറച്ച വ്യുത്പത്തിയുണ്ടായിരുന്നു നമ്പ്യാർക്ക്. അതിനു തെളിവുകൾ അന്വേഷിച്ചെങ്ങും പോകേണ്ട കാര്യമില്ല. തത്ക്കൃതികൾതന്നെ സാക്ഷ്യങ്ങൾ. തനിക്കു മാർഗ്ഗദർശകമാക്കാൻ പററിയ പൂർവ്വകവികളെ പിന്തുടരുന്നതിൽ അദ്ദേഹത്തിന് അപ്രിയമില്ലായിരുന്നു. രാമചരിതകാരനെയും ചെറുശ്ശേരിയേയും എഴുത്തച്ഛനേയുംപോലെതന്നെ ഇഷ്ടദേവതാവന്ദനവും ഗുരുവന്ദനവും കാവ്യാരംഭത്തിൽ നടത്തുന്നുണ്ട്. നിരണംകൃതികളെ വൃത്തം തേച്ചുമിനുക്കി ഉപയോഗിക്കുന്നു നമ്പ്യാർ. ഒരു കവിയ്ക്ക് സാഹിത്യബന്ധംമാത്രം പോരല്ലോ? ഇതര ജീവികായോധനാപരങ്ങളായ ശാസ്ത്രങ്ങളിലും അദ്ദേഹത്തിനു സാമാന്യം ജ്ഞാനമുണ്ടായിരുന്നു. വൈദ്യം, ജ്യോതിഷം തുടങ്ങിയവയെക്കുറിച്ചു കൃതികൾ സൂചിപ്പിക്കുന്നുണ്ടല്ലോ. ഒരു കവി മാത്രമായിരുന്നില്ല, കുഞ്ചൻ. അഭിനയകോവിദനും സംഗീതബോധം ഉള്ളയാളുമായിരുന്നു. കഥകളിയോട് അടുത്ത മമത ഉണ്ടായിരുന്നില്ല. പലപ്പോഴും ആട്ടക്കാരെ കളിയാക്കുകയും ചെയ്തിരുന്നു. എന്നാൽ കൂത്തിനോട് ബഹുമാനമുണ്ടായിരുന്നു. ആ കലാരൂപം തന്നെ വളർത്താൻ സഹായിച്ചിട്ടുമുണ്ട്.

തുള്ളലുകളിലെ അംഗിയായ രസം ഹാസ്യമാണ്; ഇത് ആവർത്തിക്കുന്നു എല്ലായ്പ്പോഴും. എങ്കിലും ആവർത്തന വൈരസ്യം അനുഭവപ്പെടുന്നില്ല. അതിലാണ് മഹാകവിയുടെ വിജയം സ്ഥിതിചെയ്യുന്നത്. മാത്രവുമല്ല, അതിന്റെ വിന്യസനം ചുററും കണ്ടതിനെയെല്ലാം വിളിച്ചുപറയാൻ സൗകര്യമുണ്ടാക്കുകയും ചെയ്തു. രാജസേവകരെ കണക്കിലേറെ പരിഹാസത്തിലൂടെ വിമർശിക്കുന്നുണ്ടദ്ദേഹം. താൻ കഴിഞ്ഞതോ രാജകൊട്ടാരത്തിലും. ഉത്പതിഷ്ണുവിനെ സംബന്ധിച്ചിടത്തോളം സ്ഥലകാലവ്യത്യാസം തന്റെ ആദർശാത്മകതയെ ഇല്ലായ്മ ചെയ്യുകില്ലല്ലോ. നിരൂപകരോടുണ്ടായിരുന്ന അമർഷം സാമൂഹ്യവികലതകളെക്കുറിച്ചു പരിഹസിക്കുമ്പോൾ അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട്.

അദ്ദേഹം കാവ്യഗുണങ്ങളായി പ്രഖ്യാപിക്കുന്ന കാര്യങ്ങളെല്ലാം – മാധുര്യം, അക്ഷരവ്യക്തി, പദസാധുത്വം, കലാകുശലത എന്നിവയെല്ലാം നമ്പ്യാരുടെ കവിതയ്ക്കും യോജിക്കുന്നവതന്നെ. കലയിൽ സ്വാതന്ത്ര്യം അനുവദിക്കേണം കലാകാരനെന്നു നമ്പ്യാർക്ക് അഭിപ്രായമുണ്ടായിരുന്നു. അദ്ദേഹം അക്കാര്യത്തിൽ വേണ്ടതുപോലെ സ്വാതന്ത്ര്യം എടുക്കുന്നുമുണ്ട്. വ്യാകരണകാര്യങ്ങളൽ പലപ്പോഴും ഒരു നിയമനിഷേധകനെയാണു കുഞ്ചനിൽ കാണാൻ കഴിയുന്നത്. സംസ്കൃതവും മലയാളവും കൂട്ടിച്ചേർക്കുന്ന കാര്യത്തിൽ നിരങ്കുശനാണദ്ദേഹം. പ്രാസത്തിനുവേണ്ടിയാണിതു പലപ്പോഴും ചെയ്യുന്നതും.

അൽപം ധിക്കാരം, ഏറെ ഫലിതവാസന ഇതത്രേ നമ്പ്യാരുടെ സ്വഭാവം. സഹൃദയനായിരുന്ന അദ്ദേഹത്തിന്റെ ജീവിതവും ഫലിതമയംതന്നെയായിരുന്നു. താൻ പ്രയോഗിച്ചിട്ടുള്ള പൊടിക്കൈകൾ അനവധിയത്രേ.

സാഹിത്യം അത് ഉണ്ടാകുന്ന കാലഘട്ടത്തിന്റെ ചിത്രം പ്രദാനം ചെയ്യും. തുള്ളലുകളിലൂടെ ഉഴലിയിട്ടുചെല്ലുന്നവർക്ക് അന്നത്തെ കേരളത്തിലെ രാഷ്ട്രീയസാമൂഹ്യസ്ഥിതികൾ കാണാൻ പ്രയാസമില്ലതന്നെ.

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയുടെ അഭിപ്രായത്തിൽ മലയാളത്തിനു ശക്തിയും വ്യക്തിയുമിളവാക്കിക്കൊടുത്തവർ മൂന്നുപേരാണ് — തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി എന്നിവർ. എഴുത്തച്ഛൻ കഴിഞ്ഞാൽ അടുത്ത വ്യക്തി കുഞ്ചൻനമ്പ്യാരുണ് ആ പണ്ഡിതവിമർശകന്റെ വീക്ഷണത്തിൽ. സമുചിതമാണാസ്ഥാനനിർണ്ണയം. ആർക്കും എതിർപ്പുണ്ടാവാനിടയില്ല. ഇതുവരെ ഉണ്ടായിട്ടുമില്ല. ഉണ്ണായിവാര്യരെകൂടി ഈ ഗണനയിൽ ഉൾക്കൊള്ളിക്കേണമെന്ന് പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയ്ക്കഭിപ്രായമുണ്ട്. വിവിധ ജനവിഭാഗങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ദൈനംദിനജീവിതത്തെയും ചിന്താഗതികളെയും അനുഭവിച്ചറിഞ്ഞ ഒരു കവിയാണു നമ്പ്യാർ. എഴുത്തച്ഛൻ ജീവിതം എന്തായിരിക്കണമെന്നു നിർദ്ദേശിച്ചപ്പോൾ നമ്പ്യാർ അതെങ്ങനെയെന്നു കാട്ടിത്തരുന്നു.

ഫലിതം ക്രാന്തദർശികളുടെ ഒരു വലിയ സിദ്ധിയാണ്. ആ അടിസ്ഥാനത്തിൽ നോക്കുമ്പോൾ കുഞ്ചൻനമ്പ്യാർ ക്രാന്തദർശിയായ ഒരു കവിയായി മാറുന്നു. മലയാളത്തിലുണ്ടായിട്ടുള്ള ജീനിയസ്സുകളിൽ ശ്രദ്ധേയമായ സ്ഥാനം നമ്പ്യാർക്കുണ്ട്. അദ്ദേഹം സ്പർശിക്കാത്ത വിഷയമില്ല. വേദാന്തം മുതൽ പ്രസവവിധികൾവരെ അദ്ദേഹം വിഷയമാക്കിയിട്ടുണ്ട്. ലൗകികജീവിതം നയിച്ച ഒരു യോഗിയായിരുന്നു അദ്ദേഹം.

ബഹുമുഖമായ വ്യക്തിത്വം, കവിതാശക്തി, എന്നിവചേർന്നു വിലസിയിരുന്ന പരിഹാസപ്രിയനും ഉത്പതിഷ്ണുവുമായിരുന്ന ഒരു മഹാരഥനത്രേ കുഞ്ചൻനമ്പ്യാർ. പതിനെട്ടാംശതകത്തിന്റെ പൂർവാർദ്ധത്തിൽ മലയാളിയേയും മലയാളസാഹിത്യത്തേയും ഒരുപോലെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. ആ പ്രക്രിയ അഭംഗുരം ഇന്നും അദ്ദേഹത്തിന്റെ കൃതികൾ ചെയ്തുപോരുന്നു. അദ്ദേഹത്തിന്റെ ശക്തി, ഒരു വിശിഷ്ടകലാരൂപത്തിനും ആ സാഹിതീശാഖയ്ക്കും നടുനായകമായി നിൽക്കാൻതക്കവിധത്തിൽ അജയ്യമത്രേ. അങ്ങനെ ഏതുവിധേന നോക്കിയാലും മലയാളത്തിൽ എഴുത്തച്ഛൻ കഴിഞ്ഞാൽ സമുന്നതനായ കവി കലക്കത്തു കുഞ്ചൻനമ്പ്യാർതന്നെ.

ആ പ്രത്യുൽപന്നമതിയുടെ യശസ്സിനെ നിലനിർത്താൻ ഇപ്പോൾ അമ്പലപ്പുഴയിൽ സമുചിതമായൊരു സ്മാരകം ഉയർന്നുകഴിഞ്ഞു.

## അനുബന്ധം.

തുള്ളൽക്കഥകൾ— സാഹിത്യ അക്കാദമിയുടെ സംശോധിത സംസ്ക്കരണത്തിൽ നിന്ന്.

### ഓട്ടംതുള്ളൽ.

1. സ്യമന്തകം.
2. ഘോഷയാത്ര.
3. കിരാതം.
4. നളചരിതം.
5. രുക്മിണീസ്വയംവരം.
6. സത്യാസ്വയംവരം.
7. രാമാനുചരിതം.
8. ഗോവർദ്ധനചരിതം.
9. സന്താനഗോപാലം.
10. ബാണയുദ്ധം.
11. പാത്രചരിതം.
12. ശീലാവതീചരിതം.
13. അഹല്യാമോക്ഷം.
14. സീതാസ്വയംവരം
15. രാവണോൽഭവം.
16. കാർത്തവീര്യാർജ്ജുനവിജയം.
17. ബാലിവിജയം.
18. പ്രദോഷമാഹാത്മ്യം.
19. ഹിഡിംബവധം.
20. ബകവധം.
21. നിവാതകവചം.

**ശീതങ്കൻതുള്ളൽ**

1. കല്യാണസൗഗന്ധികം.
2. സുന്ദോപസുന്ദോപാഖ്യാനം
3. ഗണപതിപ്രാതൽ.
4. ധ്രുവചരിതം.
5. നൃഗമോക്ഷം.
6. പൗണ്ഡ്രകവധം.
7. കൃഷ്ണലീല.
8. കാളിയമർദ്ദനം.
9. ഹരിണീസ്വയംവരം.
10. ബാല്യുദ്ഭവം.
11. ഹനുമദുദ്ഭവം.

**പറയൻതുള്ളൽ**

1. ത്രിപുരദഹനം.
2. പാഞ്ചാലീസ്വയംവരം.
3. നാളായണീചരിതം.
4. പഞ്ചേന്ദ്രോപാഖ്യാനം.
5. കീചകവധം.
6. പുളിന്ദീമോക്ഷം.
7. സഭാപ്രവേശം.
8. കുംഭകർണ്ണവധം.
9. ഹരിശ്ചന്ദ്രചരിതം

PRINTED AT
PRESS RAMSES, TRIVANDRUM.

6806

229

മലയാളപദ്യസാഹിത്യകാരന്മാർ– 9

# കുഞ്ചൻനമ്പ്യാർ

( ലഘുജീവചരിത്രം )

MURAVIYIL GIRLS HIGH SCHOOL
Date
ERNAKULAM

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
1978